Aikyadeepam
ഡിസംബർ 2014

# ഐക്യദീപം

Since 1976 വില ₹ 10



ദൈവസ്നേഹം
മണ്ണിൽ അവതരിച്ചപ്പോൾ

മാനം മണ്ണിനെ
തൊട്ടപ്പോൾ

ക്രിസ്തുവിന്റെ
പിന്നാലെ

## ക്രിസ്തുമസ് ; ശാന്തിയുടെ സൂര്യോദയം



പാറക്കുഴിയിൽ ശ്രീ. റെജി (ബോധന)യുടെയും സുജിയുടെയും മകൻ **ജോയൽ ഫിലിപ്പ് റെജിയുടെ** ആദ്യ കുർബാനയും മകൾ **ജെനിഫർ ഫിലിപ്പിന്റെയും** വാണിയപ്പുരയ്ക്കൽ സന്തോഷ് സണ്ണിയുടെയും മിനിയുടെയും മകൾ **ജെനീനിയുടെയും** മാമോദീസായും 2014 ഒക്ടോബർ 30–ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# എഡിറ്റോറിയൽ
## editorial



ശിശിരം പെയ്തു നിന്ന രാത്രിയിൽ നേർത്ത മഞ്ഞിൻ പുതപ്പുചുറ്റിയുറങ്ങിയ ഭൂമിക്ക് മേൽ പതിച്ച നൈർമ്മല്യത്തിന്റെ ആദ്യ മഞ്ഞുതുള്ളി; അതായിരുന്നു ആദ്യത്തെ ക്രിസ്മസ്. സ്വർഗ്ഗം ഈ ഭൂമിയിലേക്ക് വിരുന്നെത്തിയത് അന്നാണ്. നനുത്ത വിരൽ സ്പർശം കൊണ്ട് ആകാശം ഭൂമിയെ തൊട്ടുണർത്തിയപ്പോൾ മാലാഖമാരുടെ പാദങ്ങൾ ആദ്യമായി ഭൂമിയെ ചുംബിച്ചു. ആകാശം വിട്ട് താരകങ്ങൾ ഭൂമിയിൽ ചേക്കേറി; ഭൂമി ഉണർന്നു; ആ ശോഭയിൽ അവൾ മനോഹരി യായി; ഒരു വസന്തം പോലെ. ആ രാത്രിയുടെ ഈറ്റു നോവിൽ പിറന്ന ആ പ്രഭാതം കൺതുറന്നതോ പരി ശുദ്ധിയുടെ ഒരു കരച്ചിൽ കേട്ട്......കാത്ത് കാതോർത്തി രുന്ന കരച്ചിൽ; രക്ഷകന്റെ തിരുജനനം.

അപ്പത്തിന്റെ ഭവനത്തിന്മേൽ അസ്വസ്ഥതകളുടെ കരിമേഘ ങ്ങൾ കരിയിലക്കാറ്റുപോലെ പടരുകയായിരുന്നു. ഭയവും തണുപ്പും അസ്ഥികളിലേക്കരിച്ചിറങ്ങിയപ്പോഴും രക്ഷയുടെ പ്രകാശം ആ രാത്രിയിൽ പ്രസ രിച്ചെങ്കിൽ സ്വാർത്ഥതയുടെ അവസാനത്തെ തൂവലും കൊഴിച്ച് ചില ഹൃദയങ്ങൾ ത്യാഗത്തിന്റെ കൊടുമുടികൾ കയറുന്നുണ്ടായിരുന്നുവെന്നത് നാം മറന്നുകൂടാ. അഗ്നിയെ പുണരുന്ന സുഗന്ധക്കൂട്ടുകളുടെ ആദ്യധൂമം പോലെ അവരുടെ ത്യാഗം സുഗന്ധപൂരിതമായിരുന്നു; അതേ ത്യാഗത്തിന്റെ അഗ്നിയിലല്ലേ സ്നേഹം സുഗന്ധ മാകുന്നത്? ത്യാഗം സുഗന്ധം പരത്തിയ ആ പുൽക്കൂട്ടിലാണ് ദൈവം പിറന്നത്; സ്വർഗ്ഗം വിരുന്നെത്തിയത്.

"സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണു കൾ കണ്ടു കഴിഞ്ഞു"(ലൂക്കോ 2:31). അതേ സകലജനതകളിലേക്കും പ്രകാശം പായിച്ച് നിൽക്കുന്ന വിളക്കുമരമാണ് ക്രിസ്തു; അവന്റെ തിരുജനനമോ അതിന്റെ ആദ്യ കിര ണവും. ഹൃദയവയലുകളിൽ ആ കിരണമൊരു പൗർണമിയാകും വരെ നാം യാത്ര തുടരണം; അങ്ങ് അകലെ ബേത്‌ലഹേമിൽ ആ പുൽക്കൂട് കാണുവോളം. അപ്പോൾ ഒരു മഞ്ഞുതുള്ളിയുടെ നനവിൽ നമ്മുടെ ഹൃദയങ്ങൾ നനയും; മാലാഖമാരുടെ നൃത്ത ത്തിൽ നാം ഉണരും; അപ്പോൾ ത്യാഗത്തിൽ വിരിഞ്ഞ സ്നേഹത്തിന്റെ അനുഭവ ങ്ങൾ നമ്മെ തേടിയെത്തും.



# ഐക്യദീപം
*Aikyadeepam*

2014 ഡിസംബർ പുസ്തകം 45 ലക്കം 12



▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

▶ സർക്കുലേഷൻ മാനേജർ
ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com


























## സ്ഥിരം പംക്തികൾ


പ്രബോധനം,
കുടുംബവേദി
അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ
സീൻ ബൈ സീൻ
ഔഷധത്തോട്ടം
ആരോഗ്യം
വിശുദ്ധിയുടെ ലില്ലിപുഷ്പങ്ങൾ

06 ക്രിസ്മസ്; ശാന്തിയുടെ സൂര്യോദയം
ഡോ. ജോർജ് ഓണക്കൂർ

10 ദൈവസ്നേഹം മണ്ണിൽ അവതരിച്ചപ്പോൾ
സി. അഗസ്റ്റിൻ എസ്. ഐ. സി

13 മാനം മണ്ണിനെ തൊട്ടപ്പോൾ
ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

16 Rejected Jesus
Rev. Dr. Saji George Mukkoot

22 ക്രിസ്തുവിന്റെ പിന്നാലെ
ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പ





All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com


# ഇടയശബ്ദം

**2014**-ലെ ക്രിസ്തുമസ് ആഗതമാകുന്നു. ഒരു പുതിയ വർഷം കടന്നുവരുന്നു. 2014 വിടവാങ്ങുന്നു!

ദൈവം മനുഷ്യനായി അവതരിച്ച് ലോകചരിത്രത്തിന്റെ ഭാഗമായത് ഏറ്റം വലിയ സംഭവം തന്നെ. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു." (ഹെബ. 1:12).

ഈ വേദപുസ്തകഭാഗം ചില സത്യങ്ങൾ നമ്മോടു പറയുന്നു. ഒന്നാമതായി പ്രപഞ്ചത്തിന്റെ ആരംഭം മുതലുള്ള ദൈവാവിഷ്കാരങ്ങൾ നാം ഗൗരവമായി കാണണമെന്നും വിവിധ മതങ്ങളിലും ആത്മീയ പ്രസ്ഥാനങ്ങളിലുമുള്ള ദൈവികമായ അംശം സത്യദൈവത്തിന്റെ തന്നെ ഭാഗമാണെന്നുമാണ് അവ. ഇതു നാം മനസ്സിലാക്കിയില്ലെങ്കിൽ മറ്റു മതങ്ങളോടുള്ള നമ്മുടെ പെരുമാറ്റത്തിലും മനോഭാവത്തിലും അപകടങ്ങൾ ഉണ്ടാകാം. കത്തോലിക്കാ സഭയുടെ ഔദ്യോഗികമായ നിലപാടാണ് മറ്റു മതങ്ങളിലും സത്യത്തിന്റെ അംശം നിലനിൽക്കുന്നു എന്നത്. ആയതിനാൽ വിവിധ മതങ്ങളെയും ആത്മീയ പ്രസ്ഥാനങ്ങളെയും അതതിന്റെ നന്മയോടുകൂടി മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും പരിശ്രമിക്കണം.

അതേസമയംതന്നെ സത്യത്തിന്റെ പൂർണ്ണത ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയ ക്രിസ്തുവിലാണ് എന്ന് മറക്കരുത്. ദൈവം ആരെന്നും എന്താണ് ദൈവത്തിന്റെ സ്വഭാവം എന്നും മനുഷ്യൻ അന്വേഷിച്ചു കണ്ടെത്തേണ്ടതല്ല. അതു വെളിപ്പെടുത്തപ്പെട്ടു കഴിഞ്ഞു. യേശുക്രിസ്തുവിൽ പൂർണ്ണമായ ദൈവത്തിന്റെ വെളിപ്പെടുത്തൽ നടന്നു കഴിഞ്ഞു. ഇനിയും ഒന്നും അതിനോടുകൂടി ചേർക്കാനില്ല. ആയതുകൊണ്ട് ആത്മീയാന്വേഷണം അതിന്റെ മൂലഭാവത്തിൽതന്നെ യേശുവിലേക്ക് എത്തുന്നു. കാരണം ദൈവികമായ സ്ഫുലിംഗങ്ങൾ അതിന്റെ പൂർണ്ണതയ്ക്കായി മാറുകയാണ്. നാം യേശുവിലുള്ളവരാണോ എന്ന് ജനം തിരിച്ചറിയുന്നത് നമ്മുടെ പെരുമാറ്റത്തിലൂടെയാണ്. നമ്മുടെ മുമ്പിൽ വരുന്ന യാഥാർത്ഥ്യങ്ങളോടും സംഭവങ്ങളോടും വ്യക്തികളോടും നമുക്ക് പലരീതിയിൽ പ്രതികരിക്കുവാൻ കഴിയും. നമ്മുടെ പ്രതികരണം അനുസരിച്ചാണ് നാം ക്രിസ്തുവിനുള്ളവരോ അല്ലയോ എന്ന് മനസ്സിലാക്കപ്പെടുന്നത്.



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



(ശേഷം പേജ് 21)




# ക്രിസ്മസ്; ശാന്തിയുടെ സൂര്യോദയം

ഞാൻ യാത്ര ചെയ്യുമ്പോൾ പാതയ്ക്കു വെളിച്ചമേകി ആകാശത്തിൽ ഒരു നക്ഷത്രം. അതിന്റെ കിരണങ്ങൾ ഭൂമിയെ തലോടുന്നു; അന്ധകാരം അകന്നുപോകുന്നു; സുഗന്ധം പ്രസരിക്കുന്നു; മനസ്സ് പ്രതീക്ഷാനിർഭരമാകുന്നു.

കാറ്റിന്റെ ചുണ്ടുകളിൽ മധുരം കിനിയുന്നുണ്ട്. യാത്ര ആയാസരഹിതമാണ്. ഒറ്റയ്ക്കല്ല; ആരോ ഒരാൾ ഒപ്പമുണ്ട്; മുന്നിൽ സഞ്ചരിക്കുന്നുണ്ട്. ഇതാണ് വഴി എന്ന് ഹൃദയപൂർവ്വം മന്ത്രിക്കുന്നുണ്ട്.

കുരിശുമേന്തി തളർന്നും വീണും പിന്നെയും എഴുന്നേറ്റ് മുന്നോട്ടായുന്ന ആ രൂപം എന്റെ കുഞ്ഞു മനസ്സിൽ മുദ്രിതമായതാണ്. ആ കാൽവരി യാത്രയുടെ ചിത്രം ഗ്രാമദേവാലയത്തെ അനുഗ്രഹകേന്ദ്രമാക്കി. അതിനു മുന്നിൽ കൈകൾ കൂപ്പിനിന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ചത് അമ്മയാണ്. മനുഷ്യരാശിക്കാകെ രക്ഷയുടെ വഴിയൊരുക്കാനാണ് ആ മഹായാനം സംഭവിച്ചതെന്ന് മനസ്സിലാക്കിയത് ശൈശവം പിന്നിട്ടശേഷം.

അക്ഷരങ്ങൾ കൂട്ടി വായിക്കാൻ തുടങ്ങിയകാലത്ത് അമ്മ വേദപുസ്തകം തുറന്നുതന്നു. അത് വായനയ്ക്കപ്പുറം ലഹരി പൂത്ത നാളുകൾ. സുവിശേഷത്തിന്റെ താളുകൾ മറിക്കുമ്പോൾ നിഷ്കളങ്കയായ ഒരു ഗ്രാമബാലികയുടെ തേജോമയ രൂപം. അവളുടെ അരികിലേക്ക് ദൈവദൂതൻ ഇറങ്ങിവരുന്ന അത്ഭുതം! “കൃപനിറഞ്ഞവളേ, നിനക്ക് സമാധാനം. ദൈവമായ കർത്താവ് നിന്നോടുകൂടെയുണ്ട്. ദൈവതിരുമുൻപിൽ നീ അനുഗ്രഹം പ്രാപിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രന് ജന്മം നൽകും. അവന് യേശു എന്നു പേരിടുക. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും.”

വിശ്വസിക്കാൻ കഴിഞ്ഞില്ല. കന്യകയായ ബാലിക, മറിയം വിസ്മയാധീനയായി.



ഡോ. ജോർജ് ഓണക്കൂർ

"ഇത് എങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ല." അവൾ പ്രതികരിച്ചു.




ദൂതൻ ധൈര്യം പകർന്നു:

"പരിശുദ്ധാത്മാവ് നിന്റെ മേൽവരും. അത്യുന്നതന്റെ ശക്തി നിന്നിൽ ആവസിക്കും. നിന്നിൽ നിന്നു ജനിക്കുന്ന ശിശു ദൈവപുത്രൻ എന്നു വിളിക്കപ്പെടും."

വിനയത്തോടെ മറിയം പ്രതിവചിച്ചു:

"ഇതാ, ഞാൻ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ."

കാലത്തിന്റെ തികവിൽ ഈ വാക്ക് യാഥാർത്ഥ്യമായി തീർന്നു. എളിമയുടെ പുൽത്തൊട്ടിയിൽ , കാലിത്തൊഴുത്തിൽ ദൈവപുത്രൻ ജനിച്ചു. ആകാശം പ്രകാശോജ്വലമായി. നക്ഷത്രങ്ങളുടെ ദിവ്യവെളിച്ചം പ്രസരിച്ചു. ആകാശഗീതവും അവർ കേട്ടു:

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം!"

സകല മനുഷ്യർക്കും ശാന്തിയുടെ സന്ദേശമായി തിരുപ്പിറവി. സ്വദേശിയോ വിദേശിയോ എന്നു ഭേദമില്ല. സ്വജാതിക്കും പരജാതികൾക്കും ദൈവത്തിന്റെ അനന്തമായ കൃപ. പാരതന്ത്ര്യമനുഭവിക്കുന്നവർക്ക് വിടുതൽ. അടിമകൾക്ക് മോചനം.

രക്ഷകന്റെ ജനനം മരണത്തിന്റെ അധികാരം തകർക്കുന്നു. നഷ്ടപ്പെട്ട പറുദീസ വീണ്ടെടുക്കുന്നു. സ്ത്രീനിമിത്തം സംഭവിച്ച അപമാനം സ്ത്രീയിലൂടെ പരിഹൃതമാകുന്നു. അവൾ കൃപനിറഞ്ഞവൾ.



വർണ്ണശോഭ. പ്രകൃതിയാകെ ഉണർന്നു. മരച്ചില്ലകളിൽ ചേക്കേറിയ പക്ഷിക്കൂട്ടം ചിറകു വിടർത്തി. സ്രഷ്ടാവിന് സ്തുതിഗീതങ്ങൾ പാടി.

ബേത്‌ലഹേമിന്റെ താഴ്‌വരയിലൂടെ യോർദ്ദാൻ നദി ഒഴുകി. ചെറുതരംഗങ്ങൾ താരാട്ടു തീർത്തു. പഞ്ഞിക്കൂട്ടങ്ങൾപോലെ വെണ്മേഘങ്ങൾ അന്തരീക്ഷത്തിൽ നീന്തിത്തുടിച്ചു.

ഡിസംബർ മാസത്തിലെ ശിശിരരാത്രി. ബോവാസിന്റെ വയൽക്കരയിൽ ആടുകളെ കാത്തുകൊണ്ടിരുന്ന ഇടയന്മാരിലേക്ക് മഞ്ഞിൻമറയ്ക്കുള്ളിൽ നിന്ന് സകല മനുഷ്യർക്കും സംഭവിക്കാനിരിക്കുന്ന ശാന്തിയുടെ ഉറവിടം.

ശിശുവിനെ ദൈവസന്നിധിയിൽ സമർപ്പിക്കാൻ യരുശലേം ദേവാലയത്തിലേക്ക് കൊണ്ടുവന്ന സമയം. അവിടെ യിസ്രായേൽ ജനതയുടെ രക്ഷയും ആശ്വാസവും പ്രതീക്ഷിച്ചു കഴിഞ്ഞിരുന്ന ഭക്തനും നീതിമാനുമായ ശിമയോൻ; ആ വിശുദ്ധൻ മറിയത്തിന്റെ മകനെ കൈകളിൽ എടുത്ത് ഉയർത്തി. ദൈവത്തെ സ്തുതിച്ചു; ശിശുവിനെ വാഴ്ത്തി:

"ഇതാ, സർവ്വജനങ്ങൾക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയുടെ അടയാളം. വിജാതീയർക്ക്

വെളിപാടിന്റെ പ്രകാശം. യിസ്രായേലിന്റെ മഹിമയുടെ തേജഃസ്വരൂപം."




അനന്തരം ശിമയോൻ അമ്മയായ മറിയത്തോടു പറഞ്ഞു:

''ഇവൻ യിസ്രായേലിൽ സത്യത്തിന്റെ ഉയർച്ചയ്ക്കും അധർമ്മത്തിന്റെ തകർച്ചയ്ക്കും കാരണമായിത്തീരും. നന്മയുടെ മനോവിചാരങ്ങൾ ഇവനിലൂടെ വെളിപ്പെടും. എന്നാൽ നിന്റെ ഹൃദയത്തിൽ ഒരു വാൾ കടന്നുപോകും."

താൻ ഉദരത്തിൽ വഹിച്ച ശിശു. പാലൂട്ടി വളർത്തി. അമ്മയുടെ മകൻ. അവൻ പകരുന്നത് ഭൂമിയിലെ ഏറ്റവും വലിയ ആനന്ദം. പക്ഷേ ധർമ്മപുനഃസ്ഥാപനത്തിനുവേണ്ടിയുള്ള അവന്റെ കർമ്മങ്ങൾ ദുഷ്ടാരൂപികളെ യുദ്ധസന്നദ്ധരാക്കുന്നു. അവർ അവനെ ഇല്ലായ്മ ചെയ്യുന്നതിനു ഗൂഢാലോചന നടത്തുന്നു. അവനെതിരെ ഓങ്ങുന്ന വാൾ അമ്മയുടെ ഹൃദയത്തിലൂടെ കടന്നുപോകുന്നു.

അമ്മയും മകനും. അമ്മ സ്നേഹമാണ്. ആ വാത്സല്യം മകനെ ഹൃദയത്തിൽ പൂജിക്കുന്നവർക്ക് രക്ഷയുടെ കവചം.

യേശുവിന്റെ ജനനം രക്ഷയുടെ സന്ദേശമാണ്. ജീവിതത്തിന്റെ ഉഷ്ണഭൂമികളിൽ യാത്ര ചെയ്യുമ്പോൾ ആശ്വാസമേകുന്ന തണൽ. ദുഃഖത്തിന്റെ ഇരുട്ടിൽ പ്രത്യാശയുടെ നക്ഷത്രശോഭ. ആ തണലിൽ, പ്രകാശത്തിന്റെ സൗന്ദര്യത്തിൽ, ഞാനും യാത്ര തുടരുന്നു. പർവ്വതങ്ങൾക്കു മുകളിൽ നിന്നുകൊണ്ട് കരമുയർത്തി അവൻ അനുഗ്രഹിക്കുന്നു; അരികിലേക്ക് മാടി വിളിക്കുന്നു. പരമമായ ശാന്തി പ്രദാനം ചെയ്യുന്നു.

'ക്രിസ്മസ്' ഏറ്റവും ശക്തമായ ശാന്തിമന്ത്രമാണ്. അത് നമ്മെ വിനയാന്വിതരാക്കുന്നു. ജീവിതത്തിൽ വിശ്വാസം വളർത്തുന്നു. ദൈവത്തിന്റെ അനന്തകൃപയോട് അടുപ്പിക്കുന്നു. സഹജീവികളിൽ കാരുണ്യം ജനിപ്പിക്കുന്നു.

എല്ലാം ഒന്നുതന്നെയാണ്. രക്ഷയുടെ ആത്മജ്ഞാനത്തിൽ ബന്ധിതമാണ്. ശിക്ഷകളുടെ ഭയം അകന്നുപോകുന്നു; രക്ഷയുടെ പ്രകാശം നമ്മെ ചൂഴ്ന്നു നിൽക്കുന്നു. യാത്രയിൽ വഴികാട്ടിയായ നക്ഷത്രം ആകാശത്തിൽ തെളിഞ്ഞു പ്രകാശിക്കുന്നു. ഭൂമിയിൽ നക്ഷത്രവിളക്കുകൾ. ആരാധനയുടെ കത്തിയെരിയുന്ന മെഴുകുതിരികൾ. ദിങ്മുഖങ്ങളിൽ ശാന്തിയുടെ സംഗീതം. അധരങ്ങളിൽ മധുരമുള്ള കാറ്റിന്റെ ചുംബനം.

ജീവിതയാത്രയിൽ രക്ഷകൻ ഒപ്പമുണ്ട്. തളരുമ്പോൾ ആ കൈകൾ താങ്ങുന്നു. കൂടുതൽ കരുത്തോടെ മുന്നോട്ടു നയിക്കുന്നു. വഴിയിൽ ഞാൻ വീണുപോവുകയില്ല. അവൻ എന്നോടുകൂടെയുള്ളപ്പോൾ ഞാൻ ആരെ ഭയപ്പെടണം?

ക്രിസ്മസ് നമ്മെ ഭയവിമുക്തരാക്കുന്നു; ഹൃദയം ശാന്തി നിർഭരമാക്കുന്നു. യാത്രാവഴികളിൽ നക്ഷത്രത്തിന്റെ പ്രകാശ പൂർണ്ണിമ. വെളിച്ചത്തിന്റെ താഴ്വരയിൽ കാലുകൾ ഇടറാതെ മുന്നോട്ട്.

എന്റെ കുരിശുകൾ അവന്റെ ചുമലിൽ അർപ്പിച്ച് എളിമയോടെ യാത്ര. ഞാനല്ല, അവനാണ് എന്നിൽ ജീവിക്കുന്നത്, എന്നെ നയിക്കുന്നത്. ഈ മഹാരഹസ്യത്തിന്റെ സത്യമാണ്, സൗന്ദര്യമാണ് ക്രിസ്മസ്.

ക്രിസ്തു ജനിച്ചതുകൊണ്ട് ഞാൻ ജീവിക്കുന്നു. അവൻ എനിക്കുവേണ്ടി പിറക്കാതിരുന്നെങ്കിൽ, എന്റെ അപരാധങ്ങൾ ദുർവഹമാക്കിയ കുരിശ് സ്വന്തം ചുമലിൽ താങ്ങാതിരുന്നെങ്കിൽ, ജീവിതവഴിയിൽ ഞാൻ വീണുപോകുമായിരുന്നില്ലേ...? ബന്ധുജനങ്ങളുടെ കണ്ണുകൾ എന്നെത്തേടി വരികയില്ല. സ്നേഹിതർ മുഖം തിരിച്ചുകളയും. പതിതന്റെ ശബ്ദത്തിന് ആരാണ് കാതോർക്കുക? വിജയനിമിഷങ്ങളിൽ ആശംസകൾ ചൊരിയുന്നവർ ഏറെ. വിരുന്നുശാലകളിൽ മുൻനിരയിൽ ഇരിപ്പുറപ്പിക്കാൻ എല്ലാവർക്കും തിടുക്കം. പരാജിതർ പുറം തള്ളപ്പെടും. ഇരുട്ടിൽ ഇഴയാൻ അവരുടെ വിധി.

ആ മനുഷ്യവിധി തിരുത്തിയെഴുതിയ ദൈവത്തിന്റെ പുത്രൻ. അവൻ കന്യകയിൽനിന്നു പിറന്നു. ഭൂമിയിൽ ശാന്തിയുടെ സൂര്യോദയം. എങ്ങും വെളിച്ചം; ജീവന്റെ തുടിപ്പുകൾ!

ക്രിസ്മസ് വെളിച്ചത്തിന്റെ ഉത്സവവേള. ആകാശത്തിൽ പ്രത്യാശയുടെ നക്ഷത്ര തിളക്കം. ഭൂമിയിൽ സ്വർഗത്തിന്റെ സുഗന്ധം പരത്തി കാറ്റ് വീശുകയാണ്. സംഗീതം അലയടിക്കുകയാണ്.

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം

ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം."

## തിരഞ്ഞെടുക്കപ്പെട്ടു



**ജൂൺ 2014 ൽ തിരുവല്ല സെൻട്രൽ കൗൺസിൽ (സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി) പ്രസിഡണ്ടായി സ്ഥാനമേറ്റ സെലിൻ ജോർജ് തെങ്ങുംതോട്ടത്തിൽ കളമ്പാല ഇടവകാംഗമാണ്.**

# ചാവരുൾ നല്കിയ താതാ



പ്രൊഫ. മാത്യു ഉലകംതറ

കേരളപുത്രനായ് വിണ്ണിൽ -വാഴും
കുര്യാക്കോസേലിയാസച്ചാ
ചാവറ വീട്ടിൽനിന്നല്ലോ-താതൻ
ദൈവികഗേഹത്തിലെത്തി
ചാവരുൾ മക്കൾക്കു നൽകി-വിണ്ണിൻ
പാവനമാർഗ്ഗം തെളിച്ചു
നല്ല കുടുംബം പുലർത്തി-വിണ്ണിൽ
ചെല്ലാൻ തുണ ഞങ്ങൾക്കേകൂ
അക്ഷരവിദ്യയും നൽകി-ക്ഷുത്തിൽ
ഭക്ഷ്യവുമേകി വളർത്തി
ജാതിഭേദങ്ങൾ തിരുത്തി-മർത്ത്യ
ബാലരെയൊപ്പമിരുത്തി
സന്യാസവീഥി പുമാന്മാർ-ക്കൊപ്പം
കന്യാമണികൾക്കു കാട്ടി
ദിവ്യകാരുണ്യവണക്കം-കൊണ്ടു
നവ്യവിശുദ്ധി വരുത്തി
പുണ്യവഴിയിൽ നടക്കാൻ-ഞങ്ങൾ
ക്കെന്നും സഹായം തരേണം
കഷ്ടതയൊക്കെയും നീക്കി-ഈശോ
യ്ക്കിഷ്ടമായ് വാഴാൻ തുണയ്ക്കൂ
ചാവറപ്പുണ്യപിതാവേ-എന്നും
കാവലായ് നിൻതുണവേണം
മദ്ധ്യസ്ഥനായ് വിണ്ണിൽ വാഴാൻ-ഇതാ
പ്രാർത്ഥിച്ചിടുന്നു നിന്മക്കൾ





**ദൈ**വസത്തയുടെ പ്രതിരൂപമാണ് ക്രിസ്തു. യേശുവിന്റെ പ്രബോധനത്തിന്റെ കേന്ദ്രാശയമാണ് ദൈവപിതൃത്വം. യേശുവിൽ കാണുന്ന സ്നേഹവും കരുണയും ആർദ്രതയും പിതാവിന്റെ ഭാവങ്ങളാണ്. ഭൂസ്വർഗ്ഗങ്ങളുടെ സ്രഷ്ടാവായ ദൈവത്തിന് - പിതാവിന് - എല്ലാ സൃഷ്ടികളുടെ മേലും വളരെ ശ്രദ്ധാപൂർവ്വമായ കരുതലും വാത്സല്യം നിറഞ്ഞ അത്ഭുതകരമായ പരിപാലനം ആണുള്ളത്. 'പിതാവിനെക്കുറിച്ചുള്ള വെളിപ്പെടുത്തൽ' സദ്‌വാർത്തയാണ്. എല്ലാവരുമായി പങ്കുവയ്ക്കേണ്ട ക്രൈസ്തവ വിളിയാണത്. യേശു പല ഉപമകളിലൂടെ മാതൃപിതൃസ്നേഹവും വാത്സല്യവും ദയയും ക്ഷമയും സഹനവും കരുതലും എത്രമാത്രമാണ് പിതാവിൽ സ്ഥിതിചെയ്യുന്നതെന്ന് പ്രസ്പഷ്ടമാക്കി.

സദ്ഗുണസമ്പന്നനും സർവ്വശക്തനും മഹാകാരുണ്യവാനും സ്നേഹമൂർത്തിയുമായ ദൈവത്തോട് നാം വളരെയധികം കടപ്പെട്ടിരിക്കുന്നു. നമ്മുടെ സ്രഷ്ടാവും സംരക്ഷകനുമായ ദൈവം, സകലതും നമുക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നതിനാൽ, ഈ പ്രപഞ്ചത്തിലെ സകലതിലും ദൈവതൃക്കരങ്ങൾ ദർശിച്ച്, ദൈവത്തിന് നന്ദിയും സ്തോത്രവും

# ദൈവസ്നേഹം മണ്ണിൽ അവതരിച്ചപ്പോൾ

**സി. അഗസ്റ്റിൻ എസ്.ഐ.സി.**
**നാലാഞ്ചിറ**

അർപ്പിക്കേണ്ടതാണ്. വിവിധ തരത്തിലും വിവിധ രൂപത്തിലും സൃഷ്ടിക്കപ്പെട്ട പ്രകൃതി സൗന്ദര്യവസ്തുക്കളായ തരു പുഷ്പലതാദികളുടെ സുഗന്ധവും അനുഭവിക്കുമ്പോൾ നമ്മുടെ സ്രഷ്ടാവായ ദൈവംതമ്പുരാന് എത്ര മാത്രം നന്ദിയും സ്നേഹവും സ്തോത്രവും നാം അർപ്പിക്കേണ്ടതാണ്. സർവ്വസൃഷ്ടിജാലങ്ങളും സൃഷ്ടിച്ചുതന്ന് പ്രപഞ്ച രാജാവാക്കി തീർത്ത നമ്മൾ - മനുഷ്യൻ പുത്രനിർവ്വിശേഷമായ സ്നേഹവും വിശ്വാസവും ആദരവും വിധേയത്വവും കാണിച്ച് പിതൃപുത്രബന്ധം



കൂടുതൽ രൂഢമൂലമാക്കി അലൗകീകജീവിതത്തിന് ഉടമകളാകാം. തന്നെയുമല്ല, ദൈവം സൃഷ്ടിച്ച് പരിപാലിക്കുന്ന മനുഷ്യൻ നിത്യമായി നശിച്ചുപോകത്തക്ക സാഹചര്യത്തിൽനിന്നും വിടുതൽ വരുത്താനായി തന്റെ ഏകജാതനായ പുത്രനെ രക്ഷയ്ക്കായി ലോകത്തിലേക്ക് അയച്ച് അതിഭയങ്കരമായ പീഡനങ്ങൾക്ക് വിധേയനാക്കി, ക്രൂശുമരണവും നൽകി രക്ഷിച്ചു.

## ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം അത്ഭുത പ്രതിഭാസം

"കർത്താവുതന്നെ നിനക്ക് ഒരു അടയാളം തരും. ഇതാ ഒരു യുവതി (കന്യക) ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും." (ശുബയാസ് 7:14)

"ഇസ്രയേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. അവിടുന്ന് തന്റെ ജനത്തെ സന്ദർശിക്കുകയും രക്ഷിക്കുകയും ചെയ്തിരിക്കുന്നു. തന്റെ ദാസനായ ദാവീദിന്റെ ഭവനത്തിൽ നമുക്കായി രക്ഷയുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു.

## അവതാരാവശ്യകത

മനുഷ്യൻ സാധാരണയായി ഇന്ദ്രിയഗോചരമായ വയെ കൂടുതൽ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു. പരമ നന്മയും പരമ ജ്ഞാനവും പരമശക്തിയും പരമ പൂർണ്ണതയുമായ ദൈവത്തെ മനുഷ്യന്റെ ബാഹ്യേന്ദ്രിയങ്ങൾക്ക് വിധേയനാക്കി, വിഷയമാക്കി, ദൈവത്തിലേക്ക് ആകർഷിക്കുന്നതിനും കൂടുതൽ ത്വരിതഗതിയിലും ആനന്ദപ്രദമായ വിധത്തിലും ദൈവത്തിലേക്ക് ആകർഷിക്കുന്നതിനും കൂടുതൽ സന്തോഷപ്രദമായ വിധത്തിൽ തന്നെ അനുകരിക്കുന്നതിനും പരിശുദ്ധ ത്രിത്വത്തിലെ രണ്ടാം ആളായ പുത്രൻ തമ്പുരാൻ അവതരിക്കേണ്ടത് യുക്തവും ന്യായവും ആവശ്യകവുമാണെന്ന്, സ്നേഹസ്വരൂപനും കാരുണ്യവാരിധിയുമായ പിതാവ് മനസ്സിലാക്കി തീരുമാനം എടുത്തു.

പ്രപഞ്ചത്തിന്റെ അതിനാഥനായ ദൈവം വെറും ധൂളിയായ മനുഷ്യനെ സ്വപുത്രനാക്കി സ്വീകരിക്കുന്നു. അങ്ങനെ മർത്യൻ, അമർത്യനായിത്തീരുന്നു. അഭൗതീകമായ മനുഷ്യാത്മാവ് ഇന്ദ്രിയങ്ങൾ വഴി, ഭൗതികശരീരവുമായി ഇടപഴകുന്നു. പ്രപഞ്ചത്തെ ദൈവത്തിലേക്ക് ഉയർത്തുന്ന 'കോവണി' ആയി മനുഷ്യാത്മാവ് മാറുന്നു.

## ദൈവത്തിൽനിന്നുള്ള വ്യതിചലനവും പരിഹാരവും

ദൈവത്തെപ്പോലെ നന്മ തിന്മകളെ തിരിച്ചറിഞ്ഞ്, ദൈവത്തോട് സമനാകുവാൻ ആഗ്രഹിച്ച ആദിമാതാപിതാക്കന്മാരുടെ അഹന്തയും അത്യാഗ്രഹവും നാശത്തിനും, അനുഭവിച്ച സൗഭാഗ്യം നഷ്ടപ്പെടുത്തുന്നതിനും സ്വർഗ്ഗംപോലും മനുഷ്യന് അടയ്ക്കപ്പെടുന്നതിനും കാരണമായി. അവരുടെ ഋണബാദ്ധ്യത വളരെ കൂടുതലായിരുന്നു. ദൈവിക മഹത്വത്തോട് അവർ ചെയ്ത ദ്രോഹം, വെറും സൃഷ്ടിമാത്രമായ മനുഷ്യൻ, പരിഹാരം ചെയ്താൽ തീരാത്ത വണ്ണം അത്ര വലുതായിരുന്നു. ദൈവികനീതിയെ പൂർണ്ണമായി പാലിക്കുന്നതിനും ദൈവിക മഹത്വത്തിന് വരുത്തിയ അപമാനത്തിന് തക്ക പരിഹാരം ചെയ്യുന്നതിനും ദൈവം മനുഷ്യാവതാരം ചെയ്യേണ്ടത് അത്യന്താപേക്ഷിതമായി വന്നു. ഒരു മനുഷ്യൻ മൂലം പാപവും, പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. ഈ അവസ്ഥയിൽനിന്നും മോചനം തരാൻ ദൈവപുത്രൻ രക്ഷകനായി അവതരിച്ചു. (റോമ. 5:12) 'സമ്പൂർണ്ണ

മനുഷ്യനും സമ്പൂർണ്ണ ദൈവവും' എന്നീ ദ്വിസ്വഭാവങ്ങൾ സ്വീകരിച്ച് അവതരിച്ചു.




## ക്രിസ്തീയ ദർശനം

യേശുക്രിസ്തു ദൈവപുത്രനും പിതാവിൽനിന്ന് ജനിച്ചവനും പിതാവുമായി സത്തയിൽ ഏകനുമാണെന്നും നമ്മുടെ രക്ഷക്കായി മനുഷ്യനായി ഒരു കന്യകയിൽ വന്ന് ജനിച്ചെന്നും വിശ്വസിക്കുന്നു. ദൈവമക്കൾ ജീവിക്കേണ്ടത് എങ്ങനെ എന്ന് വചനത്തിലും പ്രവൃത്തിയിലും കാണിച്ചുതന്ന് ഒടുവിൽ പീഡാനുഭവത്തിൽക്കൂടി മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരം കണ്ടെത്തി മരിച്ച്, ഉയിർത്ത്, സ്വർഗ്ഗത്തിൽ തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്നുവെന്ന് നാം വിശ്വസിക്കുന്നു. ദൈവം, എല്ലാവരുടെയും പിതാവ് (Abba) ആണെന്നുള്ള നിത്യനൂതനമായ 'സാർവ്വത്രിക ദർശനം' ക്രിസ്തു നമുക്ക് കാഴ്ചവച്ചു. മനുഷ്യനെപ്പറ്റിയുള്ള ഏറ്റവും ആഴമായ ദർശനവും ഇതാണ്.

## മനുഷ്യാവതാരം

മനുഷ്യാവതാരം സൃഷ്ടികർമ്മത്തിന്റെ കേന്ദ്രബിന്ദുവും പരമകാഷ്ഠയും മകുടവും ലക്ഷ്യവും ആകുന്നു. ദൈവം തന്റെ രക്ഷാപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നവരെ, നിയമത്തിന്റെ ബാഹ്യതലത്തിൽ നിന്നും വിശ്വാസചൈതന്യത്തിലേക്ക് ഉയർത്തുന്നു. വിശ്വസിക്കുന്ന ഏവനും രക്ഷനേടിക്കൊടുക്കുന്ന ഉടമ്പടിയുടെ ആദ്യനടപടി ആയിരുന്നു വചനിപ്പ്.

ദൈവം, മനുഷ്യവംശത്തോടുള്ള തന്റെ സ്നേഹത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ സ്വന്തം പുത്രനെ ലോകത്തിലേക്ക് അയച്ചു (ഏശയ 1:59). 'ദൈവപുത്രത്വം' മനുഷ്യന് അത്യുന്നത പദവി നൽകുന്നതോടൊപ്പം, പിതാവിന്റെ പരിപൂർണ്ണതയിലേക്കും സ്നേഹത്തിലേക്കും വളരുവാനുള്ള വെല്ലുവിളികൂടിയാണ് (ലൂക്ക 11, 13).

ദൈവപുത്രന്റെ തിരുഅവതാരം ആദാമിന്റെ വീഴ്ചമുതൽ യേശുവിന്റെ ജനനം വരെയുള്ള ദീർഘമായ കാത്തിരുപ്പിനെ അനുസ്മരിപ്പിക്കുന്നു. അത്യത്ഭുതകരവും അവിസ്മരണീയവുമായ രക്ഷകന്റെ വരവിനെപ്പറ്റിയുള്ള പ്രത്യാശ പുതുക്കാനായി കാലാകാലങ്ങളിൽ കാരുണ്യവാനായ ദൈവം, പ്രവാചകന്മാരെയും ദീർഘദർശികളെയും അയച്ച് ജനതയെ ഒരുക്കിക്കൊണ്ടിരുന്നു. പ്രവചനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്, "യേശു ബേത്‌ലഹേമിൽ ജനിക്കുമെന്നുള്ളതാണ്. സഹസ്രാബ്ദങ്ങളായി അത്യന്തം പ്രത്യാശയോടെ കാത്തിരുന്ന യഹൂദ ജനതതി പ്രകാശത്തിന്റെ കിരണങ്ങൾ – സമാധാനം കണ്ടെത്തി.

മാനവചരിത്രത്തെ ഒരു വഴിത്തിരിവിലേക്ക് നയിച്ച മനുഷ്യാവതാരം, മുൻതീരുമാനം അനുസരിച്ചുള്ള രഹസ്യസാക്ഷാത്കാര നിർവ്വഹണമായിരുന്നു. ദൈവവചനം മനുഷ്യത്വത്തിലൂടെ പ്രത്യക്ഷപ്പെട്ടതാണ് യേശുക്രിസ്തു. 'ഉന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' എന്ന മഹത് പ്രഖ്യാപനവുമായിട്ടാണ് സമ്പൂർണ്ണസമർപ്പണത്തിന്റെ പ്രതീകമായ കാലിത്തൊഴുത്തിൽ ദൈവപുത്രൻ ജാതം ചെയ്തത്.

## യാഗാരംഭം

രക്ഷയുടെ സന്ദേശമാണ് ക്രിസ്തുമസ് നൽകുന്നത്. പാപം മൂലം ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യന്, ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയ രക്ഷാകര പദ്ധതിയുടെ ആവിഷ്ക്കരണമാണ് ക്രിസ്തുവിന്റെ ജനനം. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള യാഗത്തിന്റെ ആരംഭമാണ്. ക്രിസ്തുമസ് എന്ന പേരുതന്നെ ഈ യാഗത്തെ സൂചിപ്പിക്കുന്നു. Christ – ക്രിസ്തു mass – ബലി എന്നീ രണ്ടു പദങ്ങളിൽ നിന്നാണ് ക്രിസ്തുമസ് – Christmas എന്ന പദം ഉണ്ടായത്.

ലോകരക്ഷകനെ സംബന്ധിച്ച വിവരങ്ങൾക്ക് 'മറിയം' സജീവവും അത്ഭുതാവഹവുമായ ഒരു 'പ്രമാണഗ്രന്ഥം' തന്നെയാണ്. രക്ഷണീയ കർമ്മത്തിൽ ഈശോയോടൊത്ത് മറിയം വഹിച്ച പങ്ക് അതുല്യവും അനിതര സാധാരണവുമാണ്.

## വ്യത്യസ്ത ജനനം

ക്രിസ്തു അത്ഭുതകരമായി ജനിച്ചത് സ്വമാതാവിന്റെ ഉദരം ഭേദിക്കാതെ ആണെന്നാണ് വിശ്വസിക്കുന്നത്. മറിയത്തിന്റെ ഗർഭധാരണം പോലെ പ്രസവവും അത്ഭുതാവഹമായിരുന്നു എന്നുള്ളത് വിശ്വസനീയമായ വസ്തുതയാണ്. അതിനാൽ കന്യക മറിയത്തിന് 'കന്യത്വം' നഷ്ടപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, പരിപൂർണ്ണവും കൂടുതൽ വിശിഷ്ടതരവും ആവുകയാണ് ചെയ്തത്. മോസസ് കണ്ട ജ്വലിക്കുന്ന മുൾപ്പടർപ്പ്, അഹറോന്റെ പുഷ്പിച്ച വടി, എപ്പോഴും അടയ്ക്കപ്പെട്ട ജറുസലേമിന്റെ വാതിൽ തുടങ്ങിയ അനേകം പ്രതീകങ്ങൾ മറിയത്തിന്റെ കന്യത്വം അഭംഗുരം പാലിച്ചു എന്നതിന്റെ ഉപോത്ബലകങ്ങളായ തെളിവുകളാണ്.

## ക്രിസ്തീയ സാക്ഷ്യം

യഥാർത്ഥമായ ക്രിസ്തീയ സാക്ഷ്യവും സഭയുടെ മഹത്വവും കുടികൊള്ളുന്നത് ക്രിസ്തുവിന്റെ പ്രബോധനങ്ങൾ അനുസരിച്ചുള്ള ഉത്തമജീവിതത്തിലാണ്. ക്രിസ്ത്യാനി, ലോകത്തിന്റെ പ്രകാശവും ക്രിസ്തുവിലേക്കുള്ള വഴികാട്ടിയുമാണ്. വിശ്വാസത്തിലും സ്നേഹത്തിലും പ്രതീക്ഷയിലും അധിഷ്ഠിതവും ത്യാഗോജ്വലവുമായ ജീവിതം നയിക്കുമ്പോൾ ക്രിസ്തു ദൗത്യം നാം പൂർത്തീകരിക്കപ്പെടുന്നു.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം മൂലം മനുഷ്യന്റെ മഹത്വം ദൈവത്തോളം ഉയർത്തപ്പെട്ടതിനാൽ ദൈവവിശ്വാസികൾ സ്നേഹത്തലും ഐക്യത്തിലും വിശുദ്ധിയിലും ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു. മനുഷ്യാവതാര രഹസ്യം അമർത്യതയുടെ വിജയപ്രഖ്യാപനമായതിനാൽ സർവ്വലോകത്തിനും ആഹ്ലാദം നൽകുന്നു.

ക്രിസ്തു പിറന്ന മണ്ണിൽ ജനിച്ചു വീഴാനായി എന്നത് എന്റെ പരമമായ ഭാഗ്യം. അവൻ ശ്വസിച്ച വായു ശ്വസിക്കാനും അവന്റെ പാദം പതിഞ്ഞ ഭൂമിയിലൂടെ സഞ്ചരിക്കാനും അവന്റെ വാക്കുകൾ ഒരിക്കലും നശിക്കാത്ത തരംഗങ്ങളായി ഇപ്പോഴും അവശേഷിക്കുന്ന ഈ അന്തരീക്ഷത്തിൽ ജീവിക്കാനും അവന്റെ സ്പർശനം ആശീർവദിക്കപ്പെട്ട ഒരു മരുഭൂമിയുടെ ഭാഗമായി ജീവിച്ചു മരിക്കാനും കഴിഞ്ഞത് ദൈവമേ എത്രയോ ഭാഗ്യം...



# മാനം മണ്ണിനെ തൊട്ടപ്പോൾ



ഫാ. ഡാനിയേൽ പൂവ്വണ്ണത്തിൽ

പിന്നെയും ആ മഞ്ഞണിഞ്ഞ പുലരികൾ. ഡിസംബറിന്റെ വരവ് മനസ്സിനെയും തണുപ്പിക്കുന്നു. ചൂടുപിടിപ്പിക്കുന്ന പൊള്ളുന്ന ഓർമ്മകൾ ഇല്ലാഞ്ഞിട്ടല്ല. അതിവിശാലമായ ഈ ജീവിതഭൂമികയുടെ അതിരറിയാത്ത ആശങ്കകളിൽ ആരും ഒറ്റയ്ക്കല്ല എന്ന തോന്നൽ. ഒരു മൃദുസ്പർശമായോ ഒരപൂർവ്വ പുഷ്പത്തിൻ സുഗന്ധമായോ നിഴലോടൊത്തു ചേരും നിഴലായോ ആരോ കൂടെയുണ്ടെന്ന ഒരു ബോധം അതിന്റെ തണുത്ത വിരലുകൾകൊണ്ട് മനസ്സിലെ ചൂടിനെ തൊട്ടപോലെ. അപ്പോൾ യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായം 26-ാം വചനം ശിരസ്സിൽ കുളിർമഴയായി: “നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേ നില്ക്കുന്നുണ്ട്.”

ഉവ്വ്. ക്രിസ്തുമസ് സമ്മാനിച്ചത് ഒരിക്കലും അണയാത്ത ഒരു നിരന്തര സാന്നിദ്ധ്യത്തിന്റെ കൃപയാണ്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് വിളിക്കപ്പെട്ടവൻ (മത്തായി 1:23), യുഗാന്തം വരെ ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന് പറഞ്ഞിട്ട് നിത്യതയിലേക്ക് മടങ്ങി

പ്പോയവൻ (മത്തായി 28:20), ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ, അവിടുന്ന് അവരോടൊത്ത് വസിക്കും, അവിടുന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീർ തുടച്ചുമാറ്റും (വെളിപാട് 21: 3-4) എന്ന് ആരെക്കുറിച്ച് പറയപ്പെട്ടോ - ആ ക്രിസ്തുവിന്റെ നമ്മോടൊപ്പമുള്ള നിതാന്ത സഞ്ചാരത്തിന്റെ ഓർമ്മയാണ് ക്രിസ്തുമസ്. അതുകൊണ്ടാണ് ഈശോ അവനെ കണ്ട കണ്ണുകളും അവനെ കേട്ട കാതുകളും എത്രയോ ഭാഗ്യമുള്ളത് എന്ന് പ്രഖ്യാപിച്ചത്. നൂറ്റാണ്ടുകളായി ഒട്ടനേകം പ്രവാചകന്മാരും നീതിമാന്മാരും കരഞ്ഞു കാത്തിരുന്ന ഒരു ഭാഗ്യമായിരുന്നു അത്. അതുകൊണ്ടുതന്നെ ക്രിസ്തു പിറന്ന മണ്ണിൽ ജനിച്ചു വീഴാനായി എന്നത് എന്റെ പരമമായ ഭാഗ്യം. അവൻ ശ്വസിച്ച വായു ശ്വസിക്കാനും അവന്റെ പാദം പതിഞ്ഞ ഭൂമിയിലൂടെ സഞ്ചരിക്കാനും അവന്റെ വാക്കുകൾ ഒരിക്കലും നശിക്കാത്ത തരംഗങ്ങളായി ഇപ്പോഴും അവശേഷിക്കുന്ന ഈ അന്തരീക്ഷത്തിൽ ജീവിക്കാനും അവന്റെ സ്പർശനം ആശീർവദിക്കപ്പെട്ട ഒരു മരുഭൂമിയുടെ ഭാഗമായി ജീവിച്ചു മരിക്കാനും കഴിഞ്ഞത് ദൈവമേ എത്രയോ ഭാഗ്യം... ആരും കാണാതെ കരയുമ്പോൾ ഇനി നിന്റെ കണ്ണീർ വീണുടയുന്നത് അവന്റെ കണ്ണീരണിഞ്ഞു തീർന്ന ഒരു ഭൂമിയിലാണെന്നും, നിന്റെ നിലവിളി അലിയുന്നത് അവന്റെ ദിഗന്തഭേദകമായ നിലവിളി അലിഞ്ഞ അന്തരീക്ഷത്തിലാണെന്നും വെളിവ് കാട്ടുന്നത് എത്രയോ ആശ്വാസകരമാണ്...

ലൂക്കാ പതിനഞ്ച് ഒരിക്കൽക്കൂടി വായിക്കാം. ധൂർത്തപുത്രന്റെ കഥയെടുക്കുക. അത് ഓരോ മനുഷ്യന്റെയും കഥയാണെന്ന് ആത്മാവ് പറഞ്ഞുതരുന്നു. സർവ്വാവകാശവും വാങ്ങി വീടിന്റെ പടിയിറങ്ങുന്ന ഒരു മകൻ നിശ്ചയമായും മാനവവംശത്തിന്റെ പാപചരിത്രത്തിന്റെ പ്രതിനിധിയാണ്. വീട്ടിൽ കിട്ടുന്നതിനേക്കാൾ കൂടുതൽ വെളിയിൽ കിട്ടുമെന്ന വ്യർത്ഥമോഹത്തിന്റെ പേരാണ് പാപം. അങ്ങനെ സ്നേഹം കണ്ണീരുമാത്രം സമ്മാനിച്ച ഒരു ദൈവത്തിന്റെ അടക്കിപ്പിടിച്ച തേങ്ങലുകളെ പിന്നിലാക്കി പടിയിറങ്ങിയവരാണ് നമ്മളൊക്കെ. ഒത്തിരിക്കാലം വെളിമ്പറമ്പുകൾ വാഗ്ദാനം ചെയ്ത ഇത്തിരി സന്തോഷങ്ങളിൽ നമ്മൾ തൃപ്തരുമായിരുന്നു. പക്ഷേ, പിന്നിലുപേക്ഷിച്ച ഒരു വീടും ജനമ്പാതിലുകൾക്കു പിന്നിലെ വഴിയിലേക്കു നീളുന്ന കാത്തിരിപ്പുമൊക്കെ എന്നും നമ്മെ വേട്ടയാടി. ഈ രാത്രി ഒടുങ്ങും മുമ്പ് മടങ്ങിപ്പോവണമെന്ന് ജീവിതാനുഭവങ്ങളുടെ വഴിത്തിരിവുകളിൽവച്ച് യാത്ര പറഞ്ഞ പലരും ഓർമ്മിപ്പിച്ചിട്ടാണ് മടങ്ങിയതും. ഒടുവിൽ പിന്നിലുപേക്ഷിച്ച ഒരു വീടും അതിന്റെ ഉടയവനും തിരികെ വിളിക്കുന്ന ഓർമ്മകളായപ്പോൾ ഒരു ദിനം അയാൾ തീരുമാനിക്കുന്നു - മടങ്ങിപ്പോവണം... (ലൂക്കാ 15:18-19).

ഇനി വചനം ശ്രദ്ധയോടെ ധ്യാനിക്കുക. അവൻ എഴുന്നേറ്റ് പിതാവിന്റെ അടുത്തേക്ക് ചെന്നു. ദൂരെ വച്ചുതന്നെ പിതാവ് അവനെ കണ്ടു. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിച്ചു...



മടങ്ങിപ്പോയ മകൻ വഴിയിൽവരെയേ ആയിട്ടുള്ളൂ. ദൂരെവച്ചു തന്നെ അപ്പൻ മകനെ കണ്ടു. അപ്പൻ വീടുവിട്ട് അവന്റെ അടുത്തേക്ക് ഇറങ്ങിച്ചെല്ലുന്നു. മടങ്ങിവരുന്ന മനുഷ്യർക്കൊക്കെ വഴിയിൽ വരെ വരാനെ ആവൂ. ദൈവത്തെ അന്വേഷിച്ചു വരുന്നവർക്കൊക്കെ വഴിയിൽവന്ന് നില്ക്കേണ്ടതായി വരും. വീട്ടിലേക്ക് കയറണമെങ്കിൽ ദൈവം ഇറങ്ങിവരണം. ദൈവാന്വേഷണത്തിലേക്കും തിരികെ വരവിലേക്കുമുള്ള സഞ്ചാരങ്ങളിൽ പാതയോരങ്ങളിൽ കുടുങ്ങിപ്പോയ മനുഷ്യരെ ഈശ്വരാനുഭവത്തിന്റെ വീട്ടിലേക്ക് എത്തിക്കാൻ ദൈവം വഴിയിലേക്കിറങ്ങിവന്നതിന്റെ പേരാണ് മനുഷ്യാവതാരം. വീട് വിട്ടിറങ്ങിയവരെ അന്വേഷിച്ച് വഴിയിലേക്കിറങ്ങുന്നവന്റെ പേരാണ് ക്രിസ്തു. മനസ്സലിഞ്ഞ് ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് ചുംബിച്ചതിന്റെ കഥയാണ് രക്ഷാകര ചരിത്രം.... ദൈവമേ നന്ദി....

ഉല്പത്തി പുസ്തകം 22-ാം അദ്ധ്യായം വായിക്കുക. അബ്രഹാം എന്ന ഒരപ്പൻ ഇസഹാക്കെന്ന മകനെ ബലികഴിക്കാൻ കൊണ്ടുപോകുന്നു. ഇനി ചരിത്രത്തിന്റെ മറ്റൊരു വശത്ത് മറിയം എന്നൊരമ്മ യേശു എന്ന മകനെയും കൊണ്ട് ബലിക്ക് സാക്ഷിയാവാൻ, മകന്റെ ചോരവീണലിയുന്ന മണ്ണിൽ കണ്ണീരൊഴുക്കി ഒരു യാത്ര പോവുന്നു. അത്ഭുതകരമായ നിരവധി സമാനതകളുണ്ട് ഈ രണ്ട് യാത്രകളും തമ്മിൽ. ശ്രദ്ധയോടെ അതൊന്നു വായിച്ചെടുക്കുക.

രണ്ട് മക്കളുടെയും യാത്ര മലമുകളിലേക്കാണ്. ഇസഹാക്കിന് മോറിയമല. ഈശോയുടെ കാൽവരി. കൂടെപ്പോകുന്നത് ഇരുവർക്കും പ്രിയപ്പെട്ടവർ. ഇസഹാക്കിന് അബ്രഹാം. ക്രിസ്തുവിന് മറിയമെന്ന



അമ്മ. രണ്ടുപേരും ചുമന്നത് മരത്തിൽനിന്നുണ്ടാക്കിയത് – ഇസഹാക്ക് വിറകുകെട്ട്, ഈശോ മരക്കുരിശ്. രണ്ടു മക്കളും ചോദിച്ചു, പൊള്ളുന്നതും നെഞ്ചുരുക്കുന്നതുമായ ഓരോ ചോദ്യങ്ങൾ: "അപ്പാ, തീയും വിറകുമുണ്ട്, ബലിക്കുള്ള കുഞ്ഞാടെവിടെ?" "അപ്പാ, നീ പോലും എന്നെ കൈവിട്ടതെന്ത്?" ഇരുവരുടെയും യാത്ര മലമുകളിൽ അവസാനിച്ചു. ഇരുവരെയും അവർ ചുമന്നുകൊണ്ടുവന്നതിന്മേൽ വിരിച്ചു കിടത്തി ബന്ധിച്ചു.

ഇനി മിഴിപൂട്ടണം. ഈ പറഞ്ഞ എല്ലാ സമാനതകൾക്കും ഒടുവിൽ മാനവരാശിയുടെ തലവര നിശ്ചയിച്ച ഒരു വ്യത്യാസത്തിലേക്ക് ആത്മാവ് ബോദ്ധ്യം തരണമേയെന്ന് നിലവിളികളോടെ പ്രാർത്ഥിക്കണം. ഒരേയൊരു വ്യത്യാസം.

ഇസഹാക്കെന്ന ഓമനപ്പുത്രനെ വിറകുകെട്ടിന്മേൽ കിടത്തി, ബന്ധിച്ച്, ഉള്ളുരുകുന്ന ഒരു മൗനപ്രാർത്ഥനയിൽ മനസ്സിനെ ഏകാഗ്രമാക്കി, യഹോവയെന്ന മധുരവും ആനന്ദാമൃതവുമായ ഓർമ്മയിൽ മനസ്സിൽ ഉന്മാദം നിറഞ്ഞൊരു നാഴികയിൽ, അബ്രഹാം എന്ന ജ്ഞാനവൃദ്ധൻ, ചരിത്രത്തിന്റെ അങ്ങേ തലയ്ക്കൽ മോറിയ എന്നൊരു മലയുടെ നെറുകയിൽനിന്ന്, മാറാപ്പിലൊളിപ്പിച്ചുവച്ച കൊലക്കത്തി കൈയിലെടുത്തു. കൊലവാളിന്റെ തിളക്കം മദ്ധ്യാഹ്നസൂര്യവെളിച്ചത്തിൽ മകന്റെ ഭീതിദമായ മിഴികളിൽ പ്രതിബിംബിച്ചു. പ്രാണഭയത്തോടെ മകൻ ഇറുകെ മിഴിപൂട്ടുമ്പോൾ നിലവിളികളോടെ വായുവിൽ അപ്പന്റെ കരവാളുയർന്നു പൊങ്ങി. ഒരു നിമിഷാർദ്ധത്തിന്റെ ഇടവേള. തേജസ്സിന്റെ കൂടാരങ്ങൾ തുറക്കപ്പെട്ടു. വാനമേഘങ്ങളിൽ യഹോവായുടെ സ്വരം ഇടിമുഴക്കമായി: 'മകന്റെ മേൽ കത്തി വയ്ക്കരുത്. അവനെ വെറുതെ വിടുക."

ഇനി കാൽവരിയിലെ മദ്ധ്യാഹ്നം. ചുമന്നുകൊണ്ടുവന്ന കുരിശിന്മേൽ മകനെ വലിച്ചുകിടത്തുന്നത് ആരവങ്ങൾക്കിടയിലൂടെ അമ്മ മേരി വിങ്ങലോടെ നോക്കിനിന്നു. അവന്റെ കരങ്ങൾ ബന്ധിക്കപ്പെട്ടു. പടയാളി കാരിരുമ്പിന്റെ കരുത്തുള്ള കരം വായുവിൽ ഉയർത്തി. പ്രപഞ്ചം സൃഷ്ടിച്ച ദൈവത്തിന്റെ കരങ്ങളിൽ പടയാളി കാരിരുമ്പിന്റെ നീണ്ട ആണി ചേർത്തുവച്ചു. മാനം കാർമേഘങ്ങൾക്കൊണ്ട് മുഖം പൊത്തി. കാലം നിശ്ചലമായി. ഗോഗുൽത്താമലയിൽ ഭൂമിയിലൊരമ്മയും കണ്ടു നിൽക്കാനാഗ്രഹിക്കാത്ത കദനപ്പെരുമഴയിൽ കുളിച്ചുനിന്ന മറിയമെന്ന അമ്മയുടെ മനസ്സിൽ പൊടുന്നനെ മോശയുടെ പുസ്തകത്തിലെ മോറിയാ സംഭവം മിന്നിമാഞ്ഞു.

ദൈവമേ! ചരിത്രത്തിന്റെ മറ്റൊരുവശത്ത് സമാനമായൊരു സംഭവത്തിന്റെ പരിണാമഗുപ്തിയിൽ സ്വർഗ്ഗം തുറന്നതുപോലെ, യഹോവയുടെ ശബ്ദം കേട്ടതുപോലെ, ഈ നിമിഷം സ്വർഗ്ഗത്തിൽ നിന്നും ഒരു സ്വരമുണ്ടാകുമോ? മകന്റെ കരങ്ങളിൽ ആണിയടിക്കരുത് എന്ന് ഉച്ചരിക്കുന്ന ദൈവത്തിന്റെ സ്വരം!

കുരിശിനുചാരെ നിന്ന അമ്മയുടെയും സ്നേഹിച്ച ഒരുപിടി മനുഷ്യരുടെയും പ്രാർത്ഥനകളെ വിഫലമാക്കിക്കൊണ്ട് റോമൻ പടയാളി ഉയർത്തിയ കരം ഊക്കോടെ ഉയർന്നുതാണു. ക്രിസ്തുവിന്റെ കരങ്ങളിൽ ചുടുനിണം ചാലുകീറിയൊഴുകി. പ്രപഞ്ചത്തിന്റെ രക്ഷയുടെ നിമിഷം. മനുഷ്യനായി പറുദീസയുടെ വാതിലുകൾ വീണ്ടും തുറക്കപ്പെട്ട നിമിഷം.

മോറിയാ മലയിൽ ഇസഹാക്കിനെ ദൈവം വെറുതെ വിടുമ്പോൾ അത് പ്രതീകാത്മകമായിരുന്നു. ബലിക്കുമുമ്പ് ഇസഹാക്ക് ചോദിച്ച ആ ചോദ്യമുണ്ടല്ലോ, അപ്പാ, ബലിക്കുള്ള കുഞ്ഞാടെവിടെ? ആ ചോദ്യത്തിന് ചരിത്രത്തിന്റെ മറ്റൊരു നാഴികയിലേക്ക് കൈവിരൽ ചൂണ്ടി സ്വർഗ്ഗം ഇങ്ങനെ ഉത്തരം പറഞ്ഞു: ''ബലിക്കുള്ള കുഞ്ഞാടിനെ, മകനെ ദൈവം കണ്ടുവച്ചിട്ടുണ്ട്. ഭൗമപാപങ്ങൾക്കുവേണ്ടി ദൈവത്തിന്റെ നെഞ്ചിലിഴഞ്ഞ ഏകജാതൻ സ്വർഗ്ഗം വിട്ടിറങ്ങി യാത്രതുടങ്ങിയ ദിനമാണ് ക്രിസ്തുമസ്. അതുകണ്ട യോഹന്നാൻ ആ സ്നേഹാനുഭവത്തിന്റെ നിലാവിൽ കുളിച്ചുനിന്ന് ഇങ്ങനെ എഴുതി: തന്നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16).

മനുഷ്യാവതാരം ദൈവം മണ്ണിനെ ദൈവപ്രകൃതിയുടെ ഭാഗമാക്കി മാറ്റിയ സംഭവമാണ്. നിത്യത താല്ക്കാലികതയെ തൊട്ടദിനം. മാനം മണ്ണിനെ ചുംബിച്ചു. മനുഷ്യൻ സ്വർഗത്തോളം വളർന്നു. മുട്ടുകുത്തി പ്രാർത്ഥിച്ചു പറയാം, കണ്ടാലും എത്രവലിയ സ്നേഹമാണ് ദൈവം നമ്മോട് കാണിച്ചത്. നാം ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടുന്നു...

# Rejected Jesus




**Rev. Dr. Saji George Mukkoot**

"While they were there, the time came for her to have her child, and she gave birth to her firstborn son. She wrapped him in swaddling clothes and laid him in a manger, because there was no room for them in the inn" (Luke 2: 6-7). The scripture verse portrays a picture of the main section of the society's attitude at Christ's birth. Fear and ignorance distanced themselves from the Savior of the World. Their attitude of rejection continued to His later life and is still continuing in various forms in today's world, both religious and secular extremes.

Christ is rejected and persecuted. Real stories of atrocities and violence against the followers of Christ in different parts of the world are far beyond news reports. The countries most recently in the headlines for the rise of the so-called Islamic State (IS) and the Islamic group Boko Haram are among the worst offenders. The global report of the "Aid to the Church in Need" terms the rising tide of anti-Christian persecution in several parts of the world "catastrophic", pointing out that Christians remain the most persecuted religious group. Most of the Christians of Syria and Iraq - the cradle of Eastern Christianity- have fled on the arrival of extremists, who ordered Christians to convert to Islam, pay a religious tax, or face being killed. Similarly, victims of the notorious blasphemy law in some other countries are on the rise. As religious fundamentalists act against Christ and Christianity through violent means, developed countries challenge Christ and His followers via extreme ways of secularism and atheism.

In the Western world, Christ is systematically expelled from the social arena secularizing and commercializing many of the seasonal traditions like Christmas. Although Jesus is the reason for the season, this group has diminished it merely to the level of a holiday, in spite of the multi-billion dollar profit they make in the name of Christ directly or indirectly. As we watch closely, it is clear how years ago; the nativity scene has disappeared from public places. The image of Santa Claus used to take prominence until a few years ago. Recently, Santa Claus is being replaced by a snow man. Even the Christmas tree is also getting some odd names like holiday tree, having no connection with its original meaning. Unfortunately, due to our wrong notion of political correctness, many do not dare to address it. Moreover, they do not realize how much this "going with the flow attitude" can endanger the faith-life of this and the upcoming generation. "Take it for granted" tendency is common among people until it becomes a life threatening reality. Media take advantage of this context, burying the real stories, exaggerating the mere failure of some people and paint a negative picture of Christ and Christianity.

In the midst of all these circumstances, Christ's message gives us hope. From the very beginning of His life on earth to this



very day, Christ experienced rejection and it still continues. He is identified with the persecuted, abandoned, and poor. His poverty and simplicity from the manger to the cross continues. Jesus was homeless by today's standards; He accepted the daily hospitality of generous people. He did not even get a chance to die lying on a flat surface. He stretched His hands between heaven and earth, dying on a cross, and was buried in somebody else's tomb. Jesus said, "Foxes have dens and birds of the sky have nests, but the Son of Man has nowhere to rest his head" (Matthew 8: 20).

We also see various attitudes in the people who followed Him. While some of them publically rejected Jesus, others did so silently. However, we also see in the crowd some genuine followers of Christ, ready to take up His cross, which Jesus even invites us to do today. The challenge for us today is to examine the commitment of our own following Him. Let us profess our solidarity with our persecuted brethren through, prayer, sacrifice and charity.

It is important to take a substantial stand, moving against the flow in this commercialized world. A true disciple must be able to say no to those products which insult Christ by publicly rejecting His name. We must be able to avoid Christmas greetings cards without a Christmas message. We must re-discover and re-emphasize the meaning of Christmas, and re-educate our people to observe the preparatory season of Advent and the Nativity of our Lord in a worthy manner.

Let evil not prevail due to our silence. Jesus Christ is the "reason for the season!"

# 'അതേ, അതു കൊണ്ട് ഞാൻ ഈ കുറിപ്പ് എഴുതി'



◐ പ്രതികരണം

**ബാബു ഐരൂർ**

> **'നമുക്കൊരു സ്വപ്നമുണ്ട്. നാം ഒന്നാണ്. നമുക്ക് ഒരേ വിശ്വാസവും ഒരേ ആരാധനയും. നമുക്ക് സമാധാനം വേണം. നാം ഒരു കൂടാരത്തിൽ വസിക്കുന്നവരാകണം. ഒരു ശരീരമായ ദൈവത്തെ ആരാധിക്കുന്നവരാകണം'.**

സെപ്റ്റംബർ ലക്കം '**ഐക്യദീപം**' കഴിഞ്ഞ ജൂൺ ലക്കം '**കാരുണികൻ**', ജനുവരി-ഫെബ്രുവരി മാസത്തിലെ ചില ആഴ്ചകളിലെ '**സൺഡേ ശാലോം**' ഇവ സഭൈക്യത്തെക്കുറിച്ച് പ്രതിപാദിക്കുവാൻ അതിന്റെ താളുകൾ നീക്കിവച്ചതായി കണ്ടു. മലങ്കരയിലെ മാർത്തോമാ പൈതൃകം പേറുന്ന ഏഴു 'സുറിയാനി' സഭകളുടെ തലവന്മാരെ പരിചയപ്പെടുത്താനും അവരുടെ ദർശനങ്ങൾ പങ്കുവയ്ക്കാനും 'ഐക്യദീപം' ശ്രമിച്ചത് ശ്രദ്ധേയമായി. വിവിധ സഭകളുടെ തലവന്മാരും സഭകളിലെ നേതാക്കന്മാരും 'കാരുണികനിലൂടെയും' 'സൺഡേ ശാലോമിലൂടെയും' സഭകളുടെ ഐക്യത്തെക്കുറിച്ച് പ്രതിപാദിച്ചിരുന്നതും ഗണനീയമായിരുന്നു. സഭാപിതാക്കന്മാരും മറ്റു നേതാക്കന്മാരും സഭകളുടെ ഐക്യത്തിനായി അദമ്യമായി ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതായി ലേഖനങ്ങളിൽ നിന്നും അഭിമുഖങ്ങളിൽ നിന്നും മനസിലാകും.

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ഭാരതത്തിലെ തലവൻ മാർ അപ്രേം മെത്രാപ്പോലീത്തയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് 1968 മുതൽ പ്രാദേശികവും ദേശീയവുമായ എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളിൽ അദ്ദേഹം സജീവമായി പ്രവർത്തിക്കുന്നു എന്നാണ്. വിവിധ സഭാപിതാക്കന്മാരുമായി വിപുലമായ സൗഹൃദബന്ധം അദ്ദേഹത്തിനുണ്ട്. തൃശൂർ നഗരത്തിൽ എക്യൂമെനിസത്തിന്റെ നല്ലപാഠം അദ്ദേഹം നടപ്പാക്കിയതായി ലേഖനത്തിൽ കാണുന്നു. ക്രൈസ്തവർക്കിടയിൽ ഇത്രകണ്ട് സുസമ്മതനായ ഒരു പിതാവ് ഈ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ലെന്ന് ലേഖനകർത്താവ് പറയുന്നു. 'സൺഡേ ശാലോമി'നു നൽകിയ ഒരഭിമുഖത്തിൽ മാർ അപ്രേം മെത്രാപ്പോലീത്താ പറയുന്നത് **"വ്യക്തിപരമായ സ്ഥാനമാനങ്ങളും സമ്പത്തുമാണ് സഭൈക്യത്തിനു തടസമായി നിൽക്കുന്നതെന്നാണ്. സ്ഥാനം പോകുമെന്ന ഭയമാണ് പലർക്കും. ആർക്കും തീറെഴുതിയതല്ല സഭയെന്നു മനസിലാ**

**ക്കണം. അധികാരസ്ഥാനങ്ങളിലിരിക്കുന്നവർ ആത്മാർത്ഥതയോടെ പ്രവർത്തിക്കണം. ഔദ്യോഗിക ഭാവങ്ങൾ വിട്ട് താഴെ തട്ടിലേക്കിറങ്ങുമ്പോൾ അനുഗ്രഹങ്ങൾ വർഷിക്കും. അവൻ എന്റെ കീഴിലോ ഞാൻ അവന്റെ കീഴിലോ എന്ന ചിന്തയല്ല, ഒരുമിച്ചുള്ള യാത്രയാണ് പ്രധാനം".**

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ തലവൻ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായെക്കുറിച്ചുള്ള ലേഖനത്തിൽ കാണുന്നത് 'തന്റെ കാലഘട്ടത്തിൽ എക്യുമെനിക്കൽ കാഴ്ചപ്പാടുകൾക്ക് നേതൃപരമായ പങ്കുവഹിക്കുന്നു, പ്രാദേശികമായ എക്യുമെനിക്കൽ കൂട്ടായ്മകൾ രൂപീകരിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു എന്നാണ്'.

ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയെക്കുറിച്ചു പറയുന്നത് സഭകൾ തമ്മിലുള്ള ബന്ധം കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കുന്നതിൽ തിരുമേനി ശ്രദ്ധാലുവാണ്. എക്യുമെനിക്കൽ കൂട്ടായ്മകളിലേക്ക് സഭകളെ ചേർ ക്കുന്നതിനും നിലനിർത്തുന്നതിനും ശ്രമിക്കുകയും പക്വവും കാലോചിതവുമായ നേതൃത്വം നൽകുകയും ചെയ്യുന്നു എന്നുമാണ്. പല ദേശീയ അന്തർദേശീയ എക്യുമെനിക്കൽ സംഘടനകളിൽ അദ്ദേഹം നേതൃത്വം വഹിക്കുന്നുമുണ്ട്.

യാക്കോബായ സഭയുടെ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെക്കുറിച്ചു പറയുന്നത് അദ്ദേഹം എക്യുമെനിസത്തിനെതിരല്ല, **സമാധാനമാണദ്ദേഹത്തിന്റെ ആഗ്രഹം.** മറ്റു സഭാപിതാക്കന്മാരുമായി അദ്ദേഹം നല്ല ബന്ധം പുലർത്തുന്നു. **തപസും പ്രാർത്ഥനയുമാണദ്ദേഹത്തിന്റെ മുഖമുദ്ര.**

മലങ്കര ഓർത്തഡോക്സ് സഭയുടെ തലവൻ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായെക്കുറിച്ചു പറയുന്നത് അദ്ദേഹം വിശാലമായ കാഴ്ചപ്പാടിന്റെ ശക്തനായ വക്താവാണ്. മലങ്കര സഭയിൽ ശാശ്വത സമാധാനത്തിന്റെ പ്രഭാതം അദ്ദേഹം സ്വപ്നം കാണുന്നു. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ: **"നമുക്കൊരു സ്വപ്നമുണ്ട്. നാം ഒന്നാണ്. നമുക്ക് ഒരേ വിശ്വാസവും ഒരേ ആരാധനയും. നമുക്ക് സമാധാനം വേണം. നാം ഒരു കൂടാരത്തിൽ വസിക്കുന്നവരാകണം. ഒരു ശരീരമായ ദൈവത്തെ ആരാധിക്കുന്നവരാകണം".**

"സഭകൾ വിശാലമായ മന:സ്ഥിതി നിലനിർത്തുകയും എല്ലാ സഭകളുടെയും സ്വത്വം പരിരക്ഷിക്കുകയും ചെയ്യുമ്പോൾ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ വളരെ പ്രസക്തമാകും". 2013 സെപ്റ്റംബർ അഞ്ചിന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുമായുള്ള കൂടിക്കാഴ്ചയിൽ ബാവാ പറഞ്ഞു: **"മലങ്കര ഓർത്തഡോക്സ് സഭ ക്രിസ്തുവിന്റെ ഹിതപ്രകാരം എല്ലാ സഭകളുടെയും വിശാല ഐക്യത്തിനായി നിലകൊള്ളുന്നു.** മാർത്തോമ്മാ പൈതൃകമുള്ള എല്ലാ ക്രിസ്ത്യാനികളും ഒന്നാകണം എന്ന സ്വപ്നം".

കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയെക്കുറിച്ചുള്ള ലേഖനത്തിൽ കാണുന്നത് തന്റെ ശുശ്രൂഷയിൽ അടങ്ങിയിരിക്കുന്ന സഭൈക്യദർശനം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന അദ്ദേഹം പലപ്രാവിശ്യം കേരളത്തിലെ വിവിധ സഭാതലവന്മാരുടെ യോഗം കൂടി പൊതു വിഷയങ്ങളിൽ നിലപാടുകൾക്കു രൂപം നല്കാൻ ശ്രമിക്കുകയും കൂടുതൽ ഏകോപന പദ്ധതികൾക്ക് രൂപം നൽകുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു എന്നാണ്.

കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ ആഗ്രഹം **മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന മലങ്കര മക്കൾ എല്ലാവരും ഒന്നു ചേർന്ന് സത്യം പ്രഘോഷിക്കുവാൻ ഇടയാകണം.** മലങ്കര ഓർത്തഡോക്സ് സഭയുടെ തലവൻ പരിശുദ്ധ ബസേലി



യോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ ബാവായുടെ സാന്നിധ്യത്തിൽ 2001 ഓഗസ്റ്റ് 15-ാം തീയതി അ ദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. **"പരിശുദ്ധ ബാവാ തിരുമേനിയോടൊപ്പം പരിശുദ്ധ കത്തോലിക്കാ സഭയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ സാധിക്കുന്ന സുദിനത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു".**

"മലങ്കരയിലെ അന്ത്യോക്യൻ സുറിയാനി ആരാധനാ പൈതൃകം പിന്തുടരുന്ന **മാർത്തോമ്മാ ക്രിസ്ത്യാനികൾ എല്ലാവരും ഒന്നുചേർന്ന് യേശുവിന് ധീരസാക്ഷ്യം നൽകുന്ന സുദിനത്തിനായി ഞാൻ പ്രാർത്ഥനാപൂർവം കാത്തിരിക്കുന്നു".**

ഐക്യത്തിനായി തന്റെ സ്ഥാനങ്ങൾ ത്യജിക്കുവാനും മലങ്കര ഓർത്തഡോക്സ് സഭയുടെ തലവൻ പുന:രൈക്യപ്പെട്ട് സാർവത്രിക സഭാ കൂട്ടായ്മയിൽ അദ്ദേഹത്തിന്റെ കീഴിൽ ശുശ്രൂഷ ചെയ്യാനും തയാറാണെന്നു പ്രഖ്യാപിക്കുന്നു. മറ്റുള്ളവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ആദരവോടെ കാണുന്ന ഹൃദയവിശാലതക്കുടമയാണദ്ദേഹം. എല്ലാ സഭാധ്യക്ഷന്മാരുമായും ഊഷ്മളബന്ധമാണ

ദ്ദേഹത്തിന്. സഭകളുടെ യോജിപ്പിന് എന്തു വിട്ടുവീഴ്ചയ്ക്കും തയാറാണദ്ദേഹം.

സുറിയാനി പൈതൃകം പേറുന്ന ഏഴു സഭകളുടെയും തലവന്മാരും ഐക്യം ആഗ്രഹിക്കുന്നു. അതിനായി പ്രയത്നിക്കുന്നു. പ്രാർത്ഥിക്കുന്നു. ഐക്യം അവരുടെ ഹൃദയാഭിലാഷമാണ്. അതിനായി എന്തു ത്യാഗവും ഏറ്റെടുക്കാൻ തയാറാണെന്നും അവരിൽ പലരും പറയുന്നു. എല്ലാ സഭകൾക്കും എക്യൂമെനിക്കൽ സംവിധാനങ്ങളുണ്ട്, കമ്മീഷനുകളുണ്ട്, നിയോഗിതരായ വ്യക്തികളുണ്ട്. ഓരോ രൂപതയ്ക്കും ഭദ്രാസനങ്ങൾക്കും ഇപ്രകാരമുള്ള ക്രമീകരണങ്ങളുണ്ട്. എന്നിട്ടും എന്തേ ഐക്യം ഇന്നും അകലെയായിരിക്കുന്നു. എന്തുമാത്രം ചർച്ചകളും സമ്മേളനങ്ങളും നടന്നിരിക്കുന്നു, എന്തുമാത്രം പ്രസ്താവനകളും പത്രക്കുറിപ്പുകളുമിറങ്ങി, എന്തുമാത്രം രേഖകൾ ഒപ്പുവയ്ക്കപ്പെട്ടു. എന്നിട്ടും ഐക്യം ഇന്നും കണ്ണെത്താദൂരത്തിൽ തന്നെ. മാധ്യമങ്ങൾക്കുവേണ്ടിയും പ്രചരണങ്ങൾക്കുവേണ്ടിയും സമ്മേനളനങ്ങളും പ്രസ്താവനകളും ഉണ്ടായതുകൊണ്ട് ഐക്യം ഉണ്ടാവില്ല, ജീവചരിത്രക്കുറിപ്പെഴുതുമ്പോൾ ഉൾപ്പെടുത്താനൊരു വകയായി അതവശേഷിക്കും. അത്രമാത്രം.

അധികാരം വിട്ടൊഴിയാനും ഉള്ളതെല്ലാം വിട്ടുകൊടുക്കാനും കീഴിൽ ശുശ്രൂഷ ചെയ്യാനും തയ്യാറാണെന്ന് പറഞ്ഞിട്ടും എന്തേ ആരും പ്രതികരിക്കുന്നില്ല? കണ്ടിട്ടും കാണാതെയും കേട്ടിട്ടും കേൾക്കാതെയുമിരിക്കുന്ന ഒരവസ്ഥ. വചന വെളിച്ചത്തിൽ ഇതൊരുതരം ദൈവശാപമാണ്, ദൈവശിക്ഷയാണ്. ഹൃദയത്തിൽ എളിമപ്പെട്ട് ദൈവത്തെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുക, എളിമപ്പെടുക, ദൈവാത്മാവിന്റെ സ്വതന്ത്ര പ്രവർത്തനത്തിനു വിട്ടുകൊടുക്കുക.

ഇറാക്ക്, സിറിയ തുടങ്ങിയ രാജ്യങ്ങളിലെ സ്ഥിതികൾ കണ്ടിട്ടും നമുക്കിവിടെ കണ്ണു തുറക്കുന്നില്ല, എന്തൊരു കഷ്ടം. ഭിന്നിച്ചു നിന്ന് സഭകൾ എല്ലാം നശിച്ചു. സമ്പത്തും പദവികളും എല്ലാം ഇട്ടെറിഞ്ഞ് പാലായനം ചെയ്യേണ്ടി വന്നു. കേരളത്തിലെ സഭാതലവന്മാർ ഇതൊന്നും കണ്ടില്ലെന്നു നടിക്കരുത്. ആദിമ ക്രൈസ്തവകേന്ദ്രങ്ങൾ ഒരു ക്രിസ്ത്യാനി പോലുമില്ലാത്ത സ്ഥലങ്ങളായി. പള്ളികളും ദയറാകളും മഠങ്ങളും പാഠശാലകളും വിശുദ്ധരുടെ കുടീരങ്ങളും എല്ലാം നഷ്ടപ്പെട്ട് നാടോടികളായി നരകിക്കുന്ന സഭാനേതാക്കന്മാർ. ഭിന്നതകൊണ്ടുണ്ടായ നേട്ടം. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ ഭിന്നതയിൽ സുഖം നുണഞ്ഞ് ഐക്യത്തിനു നേരെ കണ്ണടച്ചിരിക്കുന്നവരേ പശ്ചിമേഷ്യയിലെ സംഭവങ്ങൾ നിങ്ങളെ യാതൊന്നും പഠിപ്പിക്കുന്നില്ലേ? തങ്ങളുടെ യജമാനൻ താമസിച്ചേ വരൂ എന്നു കരുതി.... ഇരിക്കുന്ന ഭോഷന്മാരാകരുതേ നമ്മൾ. **മലങ്കരയിൽ ഐക്യത്തിനുള്ള വഴി ദൈവം തുറുന്നു തന്നിട്ടില്ലേ? കണ്ടിട്ടും എന്തേ അതിനോടു മുഖം തിരിക്കുന്നത്? ദൈവത്തിന്റെ ആത്മാവ് പ്രവർത്തിക്കുന്നതെന്തേ തിരിച്ചറിയാത്തത്?** മാർ ഈവാനിയോസിലൂടെ ദൈവം വഴി തുറന്നത് നമുക്കുവേണ്ടിയല്ലേ? എന്നിട്ടും എന്തേ ഇവൻ തച്ചന്റെ മകനല്ലേ, ഇവനു ഭ്രാന്താണ്, ഇവൻ ചുങ്കക്കാരുടെയും വേശ്യകളുടെയും കൂട്ടാണ്, ഇവനിൽ പിശാചുണ്ട് എന്നൊക്കെ പറഞ്ഞ് രക്ഷകനെ പരിത്യജിച്ചവരുടെ പിന്മുറക്കാരായി ദൈവം മാർ ഈവാനിയോസിലൂടെ തുറന്ന ഐക്യത്തിന്റെ വഴി കാണാതെ പോകുന്നു... **ഓർക്കുക... പരിശുദ്ധാത്മാവിനെതിരായ പാപം ഇഹത്തിലോ പരത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്നു ക്രിസ്തുവചനം.**

നാസ്തികനായതുകൊണ്ടു മാത്രം അമേരിക്കയിൽ ഇല്ലിനോയി പ്രോവിൻസിന്റെ ഗവർണ്ണറാകാൻ കഴിയാതെ പോയ വിഖ്യാത ചിന്തകൻ ഇംഗർസോളിനെ ഇവിടെ ഉദ്ധരിക്കട്ടെ: **"സത്യം ആരെങ്കിലും പറഞ്ഞേ തീരൂ. പുരോഹിതർക്കതിനനുവാദമില്ല, അവർ പള്ളിയിൽ നിന്നും പുറത്താകും. പ്രഫസർമാർ അതു പറയാൻ ധൈര്യപ്പെടില്ല. അവർക്ക് ജോലി നഷ്ടപ്പെടും. രാഷ്ട്രീയക്കാർ ഒരിക്കലുമതിന് തുനിയില്ല, അവർ തെരഞ്ഞെടുപ്പിൽ തോല്പിക്കും. പത്രാധിപന്മാർ അതിനു തയാറാവില്ല, പത്രത്തിന്റെ സർക്കുലേഷൻ കൂപ്പുകുത്തും, കച്ചവടക്കാർക്കതിനാവില്ല, പതിവുകാർ പിണങ്ങും. അഭിജാതവർഗം നാവനക്കില്ല, അവർക്കു സമുദായം ഭ്രഷ്ട് കല്പിക്കും. താഴ്ന്ന ജോലിക്കാരുടെ കാര്യം പറയാനുമില്ല, അവരുടെ അന്നമാണ് മുടങ്ങുന്നത്. അതുകൊണ്ട് ഞാൻ ചെയ്യാമെന്നു വച്ചു" അതേ, അതുകൊണ്ട് ഞാൻ ഈ കുറിപ്പെഴുതി.**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വിയൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.


**ജെയ്ൻ മാത്യു കുരിശുമൂട്ടം**

**ഉപകാരസ്മരണ**



**ഒരു വിശ്വാസി**

**ഉപകാരസ്മരണ**



**കാതറിൻ കല്ലിശ്ശേരി**

# ഇടയശബ്ദം


## 5 – ാം പേജ് തുടർച്ച

നമ്മുടെ ശൈലികളിൽ നിഷേധാത്മക നിലപാടുകളും നിരാശയും വൈരാഗ്യവും കോപവും ഒക്കെയുണ്ട് എന്ന് മനസ്സിലാക്കുക. എവിടെയോ വായിച്ച ഒരു കഥ ഓർക്കുന്നു. തന്റെ പൂന്തോട്ടത്തിൽ വടി കൊണ്ടടിച്ചും ചവിട്ടി മെതിച്ചും മുമ്പോട്ടു പോയ ഒരു മനുഷ്യനെതിരെ അലറി ആക്രോശിച്ചുവന്ന വീട്ടുടമ ചോദിച്ചു: തനിക്ക് കണ്ണുകാണില്ലേ, എത്ര വിലപ്പെട്ട പൂക്കളാണ് താൻ അടിച്ചു വീഴ്ത്തി, ചവിട്ടിമെതിച്ചതെന്നറിയുമോ? അപ്പോൾ ആ അപരൻ പറയുന്നു: സഹോദരാ, എനിക്കു കണ്ണില്ല, ഞാൻ കുരുടനാണ് എന്ന്. വീട്ടുടമയ്ക്ക് പശ്ചാത്താപം തോന്നി അദ്ദേഹത്തെ വീട്ടിലേക്ക് ക്ഷണിച്ച് പ്രാതൽ കൊടുത്ത് പറഞ്ഞയച്ചു. നമ്മുടെ പ്രതികരണങ്ങൾ പ്രത്യക്ഷത്തിൽ ധ്രുതിയിലും ശക്തവുമാകാം. പക്ഷെ യാഥാർത്ഥ്യങ്ങൾ അറിയുമ്പോൾ നമുക്ക് തെറ്റുപറ്റി എന്നു മനസ്സിലാകും. ആയതുകൊണ്ട് നമ്മുടെ പ്രതികരണങ്ങൾ ക്രിസ്തോന്മുഖമാകാൻ പരിശ്രമിക്കണം. ഇതാണല്ലോ ക്രിസ്തുമസ്.

ഈ അടുത്തയിടെ പത്രത്തിൽ വന്ന ജബാരി എന്ന ഇറാൻകാരി പെൺകുട്ടിയുടെ മരണക്കുറിപ്പു വായിക്കാൻ ഇടയായി. തന്നെ ദുരുപയോഗിക്കാൻ പരിശ്രമിച്ച മനുഷ്യൻ എങ്ങനെയോ കൊല്ലപ്പെട്ട സാഹചര്യത്തിൽ തൂക്കുകയർ വിധിക്കപ്പെട്ട പെൺകുട്ടി തന്റെ അമ്മയ്ക്കെഴുതിയ കത്തായിരുന്നു അത്. "ആ രാത്രിയിൽ കൊല്ലപ്പെടേണ്ടിയിരുന്നതുഞാനായിരുന്നു. അതിനുശേഷം എവിടെയെങ്കിലും വലിച്ചെറിയപ്പെട്ട എന്റെ ശവശരീരം തിരിച്ചറിയുവാനായി അമ്മയെ പോലീസ് കൂട്ടിക്കൊണ്ടു വരുമ്പോൾ ഞാൻ മാനഭംഗപ്പെട്ടവളെന്ന നിലയിൽ അമ്മ മരണം വരെ ദുഃഖിതയായിരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ കൽതുറുങ്കിലാണ് ഞാൻ. എനിക്ക് ഒരുകാര്യം മാത്രമാണ് അപേക്ഷ. എന്റെ തുടിക്കുന്ന ചെറുപ്പമായ ഹൃദയവും മറ്റവയവങ്ങളും എന്നെ തൂക്കിക്കൊന്നശേഷം ആവശ്യമുള്ളവർക്കു കൊടുക്കണം. അവർ ജീവിക്കട്ടെ. ചിതലിനും പുഴുവിനും കൂടായി മാറാൻ എന്നെ അനുവദിക്കരുത്. അത് സ്വീകരിക്കുന്നവർ അറിയണ്ട, ഞാനാണ് അവരിലൂടെ ജീവിക്കുന്നത് എന്ന്. എനിക്കുവേണ്ടി ഒരു കബർ വേണ്ട. അമ്മ അവിടെ വന്നു കരയുവാൻ ഇടയാകരുത്. എന്നെ കാറ്റിന് കൊടുത്തേക്കൂ. എന്നെ വിധിച്ചവരുടെ മുമ്പിൽ നിത്യനായവന്റെ കോടതിയിൽ ഞാൻ അവരെ വിധിക്കും."


ഏറെ പിടിച്ചുലയ്ക്കുന്ന ഒരു കത്ത്. പക്ഷെ പരാജയപ്പെട്ടതാരാണ്. അനേകരുടെ മനസ്സിൽ അവയവദാനത്തിന്റെ വാനമ്പാടി എന്ന ഓർമ്മ കൊളുത്തി മറഞ്ഞ ആ മാലാഖ. അവൾ വിജയിച്ചു. അതിനു ജീവൻ വിലയായി കൊടുക്കേണ്ടി വന്നു എന്നത് സത്യം. ഇതാണ് പ്രതികരണം. ഇതാണ് ജീവൻ ദാനം ചെയ്യുന്ന ശൈലി. ഈ ക്രിസ്തുമസ് നമുക്കുള്ളവരെയും നമ്മെ ചുറ്റിപ്പറ്റിയുള്ളവരെയും യഥാർത്ഥ സന്തോഷത്തിൽ എത്തിക്കുന്ന അനുഭവമായി മാറണം. ഭീരുക്കളുടെ ലക്ഷണമാണ് ആയുധങ്ങൾ – കൊലപാതകങ്ങൾ. അവർ വരുത്തിവയ്ക്കുന്ന വിനാശങ്ങൾ അസംഖ്യം. പക്ഷെ ദൈവികശൈലി സ്നേഹമാണ്, കരുത്താണ്. നിറയൊഴിച്ചു നെഞ്ചിൻകൂട് പിളർത്താൻ തോക്കിനു കഴിയും. പക്ഷെ തോക്കിനെ തളർത്താൻ കഴിയുന്ന വീര്യമാണ് അവരുടെ നിറനെഞ്ചിൽ നിന്നൊഴുകുന്നത്. വെട്ടിപിടിക്കുവാനും വരുതിയിൽ നിർത്തുവാനും അധീശത്വം പുലർത്തുവാനും അല്പകാലത്തേക്ക് കഴിഞ്ഞേക്കാം. എന്നാൽ സത്യത്തിന്റെ മുമ്പിൽ, ധർമ്മത്തിന്റെ തേരോട്ടത്തിൽ, സ്വാതന്ത്ര്യത്തിന്റെ ശംഖുനാദത്തിൽ, സർവ്വതും പൊലിഞ്ഞുപോകും. ക്രിസ്തുമസ് അതാണ്. നമുക്ക് നന്മയുടെ പ്രതീകങ്ങളാകണം. നക്ഷത്രം പോലെ ദിശാബോധം കൊടുക്കുന്ന ജീവിതങ്ങളായി വർത്തമാനകാലം നമ്മെ തിരിച്ചറിയട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങൾക്കും നിങ്ങൾക്കുള്ളവർക്കും ലോകം മുഴുവനും സമാധാനപൂർണ്ണമായ ക്രിസ്തുമസും ഓർമ്മയിൽ പൂത്തിരി ജ്വലിക്കുന്ന 2015 ഉം ആശംസിക്കുന്നു. ●


**ഉപകാരസ്മരണ**




**ഷെറിൻ കല്ലിശ്ശേരി**

**താമസിച്ചതിന് ക്ഷമാപണം**




**ഒരു വിശ്വാസി**

**ഉപകാരസ്മരണ**



**ജോർജ്ജുകുട്ടി കുന്നിപ്പറമ്പിൽ**

**ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ**




**ഒരു വിശ്വാസി**



# ക്രിസ്തുവിന്റെ പിന്നാലെ...

**ശുശ്രൂഷാ പൗരോഹിത്യത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കുന്ന ഒരു ശ്രേഷ്ഠ പുരോഹിതന്റെ പിന്നിട്ടവഴികളിലെ ഓർമ്മകളും ചില ഓർമ്മപ്പെടുത്തലുകളും**



**ചെറിയാൻ രാമനാലിൽ കോർ എപ്പിസ്ക്കോപ്പാ**

### ആമുഖം

1955ൽ മൈനർ സെമിനാരിയിൽ പ്രവേശനാനുമതി തേടിയെത്തുമ്പോൾ മുമ്പു കണ്ടു പരിചയിച്ച ചില കത്തോലിക്കാ വൈദികരുടെയും ചില അഭിവന്ദ്യ പിതാക്കന്മാരുടെയും മുഖങ്ങൾ മനസിലുണ്ടായിരുന്നു, എനിക്കും ഈ വഴി കൊള്ളാം എന്നൊരുചിന്തയും. 1964ൽ പൗരോഹിത്യം സ്വീകരിച്ച് പൂനായിൽ നിന്ന് തിരികെയെത്തുമ്പോൾ വൈദികജീവിതത്തിന്റെ ചില സുവ്യക്തരൂപങ്ങൾ മനസിൽ പതിഞ്ഞിരുന്നു. ഇന്നും, ഒരു പക്ഷേ മങ്ങാതെ നിൽക്കുന്നത് പേപ്പൽ സെമിനാരിയിലെ ഈശോ സഭാവൈദികരുടെ സമർപ്പിത ജീവിതമാണ്. അമ്പതുവർഷങ്ങൾ പിന്നിടുമ്പോൾ പൗരോഹിത്യത്തിൽ എന്താണിതുവരെ മനസിനെ ഭരിച്ചിരുന്നതെന്ന് സ്വയം പ്രേരിതചിന്തയാണ് ഈ കുറിപ്പിനാധാരം. വ്യക്തികളുടെ മാതൃകകൾ നമ്മുടെ മനസിലുണ്ടെങ്കിലും അവരെയും നമ്മെയും നയിക്കുന്ന അടിസ്ഥാന ദർശനങ്ങൾ പരസ്പരം പങ്കുവയ്ക്കുവാൻ സാധിക്കണമല്ലോ? അതിലുമപ്പുറം പൗരോഹിത്യം നമ്മുടെയിടയിൽ കാർമ്മികന്റെയോ പ്രഭാഷകന്റെയോ സംഘാടകന്റെയോ രൂപപരിണാമമായി ചുരുങ്ങിപോകുന്നതെന്ത് എന്ന് ചിന്തയും.

### കത്തോലിക്കാ പൗരോഹിത്യത്തിന്റെ ഉറവിടം

കത്തോലിക്ക പൗരോഹിത്യം മിശിഹായുടെ പൗരോഹിത്യത്തിലുള്ള പങ്കുചേരലാണെന്ന അടിസ്ഥാന പ്രഖ്യാപനത്തോടുകൂടിയാണ് പരിശീലനം ആരംഭിക്കുക. ദൈവഹിതപ്രകാരം കൈവയ്പുവഴി ശ്ലീഹന്മാരുടെ കാലം മുതൽ ഇന്നുവരെ തുടരുന്നതാണ്. മിശിഹായുടെ മനുഷ്യാവതാരത്തിലാരംഭിച്ച് കുരിശുമരണം, പുനരുദ്ധാനത്തോളമെ

ത്തുന്ന സ്വയം സമർപ്പണമാണ്. സഭയിലൂടെ ഈ രക്ഷണീയശുശ്രൂഷയ്ക്ക് കാർമ്മിത്വം വഹിക്കുന്ന ശുശ്രൂഷയാണ് പുരോഹിതന്റേത്.




പഴയനിയമത്തിൽ പൗരോഹിത്യത്തിന്റെ നിറസാന്നിദ്ധ്യം കാണുന്നത് നിയമപാലനത്തിന്റെയും രക്തം ചൊരിഞ്ഞുള്ള മൃഗബലികളുടെയും ശിക്ഷണമുറകളുടെയും വേദികളിലാണ്. ലേവി ഗോത്രത്തിലെ 4 ഗണങ്ങളായി ശുശ്രൂഷ ചെയ്ത 18000–ത്തിലധികം വരുന്ന പുരോഹിത ഗണം. പുതിയനിയമത്തോടു ചേർന്ന് നിൽക്കുന്ന മഹാപുരോഹിതന്മാരും ഇതിന്റെ ഭാഗമാണ്. ഇതിൽ നിന്നും വ്യത്യസ്തമായാണ് കർത്താവ് തന്റെ പൗരോഹിത്യം നിർവ്വഹിച്ചത്. മരുഭൂമിയിലെ പ്രലോഭനങ്ങളായ ശാരീരികസന്തോഷം, അധികാരമോഹം, ദ്രവ്യാഗ്രഹം, ഇവയുടെമേലുള്ള വിജയംമൂലം ബ്രഹ്മചര്യം, സമ്പത്ത് കൈകാര്യം ചെയ്യുന്നതിലുള്ള ആത്മനിയന്ത്രണം, അനുസരണം എന്നീ പുണ്യങ്ങളെ ഉയർത്തിക്കാട്ടി. അടുത്തതായി പൗരോഹിത്യത്തിന്റെ ഒരു ദൗത്യമായ പ്രബോധനാധികാരം അവന്റെ വാക്കുകളിൽ ഉടനീളം ദർശിക്കാം. ദൈവത്തിന്റെ അഭിഷിക്തൻ, മിശിഹ ഇത് അവന്റെ സ്വയം ബോധത്തിൽ നിറഞ്ഞു നിന്നു. ആടുകളുടെ ഇടയൻ എന്ന നിലയിൽ അവർക്കു വേണ്ടി സ്വയം സമർപ്പിച്ചുകൊണ്ട് അജഗണത്തിന്റെ നായകത്വം അവൻ നിറവേറ്റി. ദൈവകാരുണ്യത്തിന്റെ അവതരിച്ച രൂപമെന്ന നിലയിലാണ്, എല്ലാവരും കല്ലെറിയാൻ കൊണ്ടുവന്ന പാപിനിയായ സ്ത്രീയോട് 'ഞാനും നിന്നെ വിധിക്കുന്നില്ല പൊയ്ക്കോള്ളുക ഇനിമേൽ പാപം ചെയ്യരുത് (യോഹ. 8–1/12) എന്ന് പറഞ്ഞ് മടക്കിയയച്ചത്.

അടുത്ത പൗരോഹിത്യരൂപം ക്ഷമിക്കുന്ന സ്നേഹത്തിന്റേതാണ്. പീലാത്തോസിനോടും കയ്യാഫാസിനോടും ഹെറോദോസിനോടും പടയാളികളോടും 'ഇവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ' എന്ന് പ്രാർത്ഥിച്ചത്. അപരന്റെ പാദങ്ങളോളം താഴാനുള്ള മനോഭാവം അന്ത്യ അത്താഴത്തിലെ കൗദാശിക ഭോജനത്തിനുമുമ്പ് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി കാണിച്ചുതന്നു. സ്ഥാനങ്ങൾക്കും അധികാരങ്ങൾക്കും വേണ്ടിയുള്ള മത്സരലോകത്ത് കാലുകൾ കഴുകുന്ന പൗരോഹിത്യം വേണമോയെന്ന് സംശയിക്കുന്നവരുണ്ടാകും. പാവങ്ങളോടൊപ്പം നിലയുറപ്പിക്കുകയും അവരുടെ വേദന തുടച്ചുമാറ്റുകയും ചെയ്യുന്ന കർത്താവിന്റെ പൗരോഹിത്യം ഇന്നും സമൂഹം പ്രതീക്ഷിക്കുന്നു. പകലിന്റെ അധ്വാനങ്ങൾക്കു ശേഷം രാത്രിയുടെ യാമങ്ങളിൽ പ്രാർത്ഥനയിൽ പിതാവിനോടൊപ്പമായിരിക്കുന്ന പുരോഹിതൻ സഭയുടെ സമ്പത്താണ്. അവരെ ജനം ഇന്നും തിരയുന്നു.


ചെറിയ സമൂഹമെങ്കിലും മേല്പട്ടസ്ഥാനികളിലും സാധാരണ വൈദികരിലും അനുകരണീയ നേതൃത്വം നൽകുന്ന ഒരു നിരയെ രൂപപ്പെടുത്താൻ മലങ്കര സുറിയാനി കത്തോലിക്ക സഭയെ ദൈവം ഒരുക്കി എന്നത് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു; എങ്കിലും വ്യക്തിപരമായ വിശുദ്ധിയിലുള്ള വളർച്ച ഒരു നിയോഗമായെടുക്കുന്ന ഒരു സമൂഹം നമ്മുടെ ഇടയിൽ കുറവാണെന്നുള്ള തോന്നൽ എന്റെ മനസിൽ കൂടി കടന്നുപോകാറുണ്ട്. ഒരു പക്ഷേ സിറോ മലബാർ സഭ വിശുദ്ധിക്കു കൊടുക്കുന്ന പ്രത്യേക ഊന്നൽ നമ്മുടെ മദ്ധ്യേ കുറവായി തോന്നുന്നു.വിശുദ്ധ ജീവിതത്തിന്റെ മാതൃകകൾ അവരുടെ ഇടയിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. ഈ വിഷയത്തിൽ പുതിയ തലമുറയ്ക്ക് കൂടുതൽ വെല്ലുവിളികൾ നേരിടേണ്ടിവരും. സ്വയവിശുദ്ധീകരണം വൈദികരുടെ മദ്ധ്യേ ശക്തമാകുമ്പോൾ മാത്രമേ അല്മായരും അതിനു പ്രത്യേകം ശ്രദ്ധകൊടുക്കുകയുള്ളൂ. ബലിവസ്തുവും ബലിയർപ്പകനും കർത്താവ് തന്നെയായിരുന്ന അനുഭവത്തിൽ അനുദിന കുർബാനയിൽ വൈദികരുടെ സ്വയം സമർപ്പണം അപ്പവീഞ്ഞുകളോടു ചേർത്ത് ഹൃദയത്തിൽ പൂർത്തികരിക്കപ്പെടേണ്ടതുണ്ട്. ക്രിസ്തുവിന്റെ ബലിയുടെ പൂർത്തികരണം പോലെ തന്നെ വൈദികന്റെ സമർപ്പണവും അർത്ഥതലത്തിലെത്തുന്നത് ഈ സ്വയംസമർപ്പണത്തിലൂടെയാണ്. മറ്റു വൈദികശുശ്രൂഷകളെല്ലാം അതിന്റെ പൂർത്തികരണമായും. പറഞ്ഞവസാനിപ്പിക്കുക എളുപ്പമാണെങ്കിലും അനുദിനജീവിതത്തിന്റെ വിശദാംശങ്ങളിൽ ഇത് പൂർത്തികരിക്കുകയാണ് നമ്മുടെ മുമ്പിലുള്ള ചലഞ്ച്.

വി. പൗലോസ് അപ്പസ്തോലൻ ഇത് നിർവചിക്കാൻ ശ്രമിച്ചത് "ഞാൻ യേശുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, യേശുവാണ്. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നത്താൻ ഏൽപിച്ചു കൊടുക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്. (ഗലാ.12/20) വീണ്ടും കൊളോസ്യ ലേഖനത്തിൽ "ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടപ്പാടുകളിൽ കുറവുവന്നത് എന്റെ ജഡത്തിൽ പൂരിപ്പിക്കുന്നു (കൊളോ. 1/4).

ഇത് ക്രിസ്തു ശിഷ്യനായ ഞാനും പൂർത്തികരിക്കേണ്ടതല്ലേ? ആരെങ്കിലും ചോദിക്കുകയാണ് അച്ചൻ ഇങ്ങനെയൊക്കെയാണോ ജീവിക്കുന്നത് എന്ന്? ജൂബിലി പൂർത്തിയാക്കിയ എന്റെ മറുപടി 'better late than never' എന്നായിരിക്കും.

## ഉപസംഹാരം

കർമ്മ നിരതയുടെ നടുവിൽ മറ്റ് മണ്ഡലങ്ങളുടെ വൈവിധ്യത്തിൽ ഈ പൗരോഹിത്യ ധർമ്മത്തിന്റെ അർത്ഥതലങ്ങൾ നഷ്ടപെടാൻ സാധ്യതയുണ്ടെന്ന് സ്വയം തിരിച്ചറിഞ്ഞതുകൊണ്ട് എന്റെ സഹോദരന്മാരുമായി എന്റെ ചില ചിന്തകൾ പങ്കുവയ്ക്കുന്നു എന്നു മാത്രം. ഇനിയും ആ നിയോഗത്തിനു കൂടുതൽ ഊന്നൽ കൊടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ടെന്നുള്ള അറിവും ഇതിന്റെ ഭാഗമാണ്.



# കുട്ടികളിൽ അമിതഭാരം അടിച്ചേൽപ്പിക്കരുത്



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി
ഡെവലപ്മെന്റ് ട്രെയ്നർ

താങ്ങാൻ പറ്റാത്ത ഭാരമാണ് നമ്മുടെ വിദ്യാഭ്യാസ സംവിധാനം ഓരോ കുട്ടിയുടെ മേലും അടിച്ചേൽപ്പിക്കുന്നത്. ഒത്തിരി വിഷയങ്ങൾ ഇവിടെ പഠിപ്പിക്കുന്നു. അവയെല്ലാം മാർക്ക് വാങ്ങുന്നതിനുവേണ്ടിയുള്ള ഒരു ഉപാധി മാത്രമാകുന്നു. Dead Learning ആണ് ഇവിടെ നടക്കുന്നത്. പഠിച്ചതു പലതും ജീവിതത്തിൽ പ്രയോജനം ചെയ്യുന്നില്ല. Living Learning ആണ് നമുക്ക് വേണ്ടത്. ജീവിക്കാൻ പഠിപ്പിക്കുക എന്നതാകണം വിദ്യാഭ്യാസംകൊണ്ട് പ്രധാനമായും ലക്ഷ്യമിടേണ്ടത്. കഷ്ടപ്പെട്ടുപഠിക്കരുത്, ഇഷ്ടപ്പെട്ടുപഠിക്കണം എന്നാണ് ചൊല്ല്. പക്ഷേ എന്താണ് ഇവിടെ നടക്കുന്നത്? ഇതിന് മാറ്റങ്ങൾ വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

വിദ്യാഭ്യാസപരമായ യോഗ്യതകൊണ്ടുമാത്രം ആർക്കും വിജയിക്കുവാൻ സാധിക്കില്ല. ജീവിതവിജയത്തിനാവശ്യമായ അറിവിന്റെ വെറും പതിനഞ്ചുശതമാനം മാത്രമേ അക്കാഡമിക് എഡ്യുക്കേഷൻകൊണ്ട് ലഭിക്കുന്നുള്ളൂ എന്നതാണ് ഹാൻവാർഡ് യൂണിവേഴ്സിറ്റി 150 രാജ്യങ്ങളിലായി നടത്തിയ സർവ്വേയിൽ കണ്ടെത്തിയിരിക്കുന്നത്. ഓരോ കുട്ടിയും ഓരോ ഡൈമണ്ടുകളാണ്. വ്യത്യസ്തമായ പലപല കഴിവുകളാണ് ഓരോരുത്തരിലും അന്തർലീനമായിട്ടുള്ളത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടി മറ്റ് മേഖലകളിൽ മികവ് പുലർത്താൻ കഴിവുള്ളവനാകാം. പക്ഷേ അത് കണ്ടെത്തി ആവശ്യമായ പ്രോത്സാഹനം നൽകുവാൻ കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം അനുവദിക്കുന്നില്ല. ഇവിടെ ഇന്ന് രണ്ടുതരം കുട്ടികളേയുള്ളു. പഠിക്കുന്നകുട്ടി, പഠിക്കാത്ത കുട്ടി. പണ്ട് ഗുരുകുല വിദ്യാഭ്യാസ കാലത്ത് കുട്ടിയെ കൊണ്ട് ഗുരുവിനെ ഏൽപ്പിക്കുമ്പോൾ ഗുരു ഏതാനും മിനിറ്റ് കുട്ടിയുടെ കണ്ണുകളിലേയ്ക്ക് മാത്രം നോക്കിയിരി

ക്കും. അപ്പോൾ ഗുരുവിന് മനസ്സിലാകും ഈ കുട്ടിയിൽ അന്തർലീനമായിട്ടുള്ള കഴിവുകൾ എന്തൊക്കെയാണെന്ന്. എന്തു വിദ്യയാണ് ഇവന് പകർന്നുകൊടുക്കേണ്ടത്, ആയുധ വിദ്യയോ, ആയുർവേദ വിദ്യയോ എന്ന്. എന്നാൽ ഇന്ന് നമ്മുടെ ആധുനിക വിദ്യാഭ്യാസ സംവിധാനത്തിന് ഇതിന് സാധിക്കുന്നുണ്ടോ? അതുകൊണ്ടൊക്കെയാണ് മലയാളി വിദ്യാർത്ഥികൾ എപ്പോഴും ഒരു ബാക്ക് സീറ്റ് ഡ്രൈവിംഗ് ആഗ്രഹിക്കുന്നത്. 110 കസേരയിട്ട ഒരു ഓഡിറ്റോറിയത്തിലേയ്ക്ക് 100 മലയാളികളെ കയറ്റിവിട്ടാൽ കാലി കിടക്കുന്ന കസേര ഏറ്റവും മുമ്പിൽ ആയിരിക്കും. ഇതുകൊണ്ടൊക്കെയാണ് സാക്ഷരതയിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന കേരളത്തിന് സിവിൽ സർവ്വീസ് പരീക്ഷയ്ക്കും മറ്റും സാക്ഷരതയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ബീഹാറിന്റെ ഏഴയൽവക്കത്തുപോലും വരാൻ സാധിക്കാത്തത്. വിദേശ രാജ്യങ്ങളിലൊക്കെ ഹൈസ്കൂൾ തലത്തിൽ എത്തുമ്പോൾതന്നെ കുട്ടികളുടെ അഭിരുചി മനസ്സിലാക്കി അതനുസരിച്ചുള്ള കോഴ്സുകളിലേയ്ക്ക് അവരെ തിരിച്ചുവിടുകയാണ്. തന്മൂലം അവരുടെ അന്തർലീനമായ വാസനയ്ക്കനുകൂല്യമായ തൊഴിൽ മേഖലയിൽ എത്തപ്പെടുവാനും വിജയിക്കാനും സാധിക്കുന്നു.

നമുക്കിവിടെ ഓരോ കാലഘട്ടത്തിലും ഓരോ കോഴ്സുകളുടെ പുറകെയൊരു ഒഴുക്കാണ്. ഇപ്പോൾ എല്ലായിടത്തും എൻജിനീയറിംഗ് തരംഗമാണ്. മക്കളെ പ്ലസ് ടു കഴിഞ്ഞ് ആർട്സ് & സയൻസ് കോളേജിൽ വിടാൻ കോളേജിൽ വിടാൻ എന്തോ കുറവാണ് എന്നാണ് പല മാതാപിതാക്കളും കരുതുന്നത്. 'സേ' എഴുതി പാസ്സായ കുട്ടിയേയും എൻജിനീയറിംഗിന് വിടുന്നു. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കാൻ ശ്രമിക്കുന്നതുപോലെയാണിത്. കണക്കിന് മികവു പുലർത്താൻ സാധിക്കാത്ത വിദ്യാർത്ഥിക്ക് എൻജിനീയറിംഗ് കടമ്പ കടക്കാൻ സാധിക്കില്ല.

ഇന്ന് കുട്ടികളോട് കാണിക്കുന്ന മറ്റൊരു ക്രൂരതയാണ് എൻട്രൻസ് എക്സാമിനേഷൻ. ഹയർസെക്കൻഡറി സ്കൂളുകളിൽ പഠിക്കുന്ന വിഷയങ്ങൾതന്നെ മറ്റൊരു ഏജൻസി അമിതമായി ഫീസ് വാങ്ങി പഠിപ്പിച്ച് അതിന് മറ്റൊരു പരീക്ഷ. നേരെ ചൊവ്വെ ശ്വാസം കിട്ടാതെ വീർപ്പുമുട്ടുകയാണ് കുട്ടികളിന്ന്. ഈ കുട്ടികളുടെ ഇടയിലൂടെ ഒരു സർവ്വേ നടത്തിയാൽ ഇവർ അനുഭവിക്കുന്ന മാനസിക വിഷമങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയിലെ കാണാപ്പുറം മനസ്സിലാക്കാതെ ഇന്ന് പലവിദ്യാർത്ഥികൾക്കും മണ്ടത്തരം പറ്റാറുണ്ട്. പ്ലസ്ടുവിന്റെയും എൻട്രൻസ് പരീക്ഷയുടെയും മാർക്ക് 50:50 എന്ന അനുപാതത്തിലാണ് എടുക്കുന്നത്. എന്നാൽ ഇതിൽ ആരും കാണാത്ത വില്ലൻ ഉണ്ട്. എൻട്രൻസ് പരീക്ഷ 960 മാർക്കിലാണ്. ഈ പരീക്ഷയെഴുതിയ വിദ്യാർത്ഥികളിൽ 90% ത്തോളം വിദ്യാർത്ഥികൾക്ക് 500 മാർക്കിൽ താഴെയാണ്. ലഭിക്കുന്നത്. ഈ കിട്ടുന്ന മാർക്കിനെ 300 ലേയ്ക്ക് മാറ്റും. എൻട്രസിന് 960ൽ 450 കിട്ടിയ ഒരു കുട്ടിയുടെ മാർക്ക് 300 ലേയ്ക്ക് മാറ്റുമ്പോൾ ലഭിക്കുന്നത് 140 മാർക്ക്. ഇതിന്റെകൂടെ പ്ലസ്ടുവിലെ ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങൾക്ക് നൂറിൽ 95 മാർക്കുവീതം കിട്ടിയിട്ടുണ്ടെങ്കിൽ 95 X 3 = 285 ഇതിന്റെ കൂടെ എൻട്രൻസ് പരീക്ഷയ്ക്കുലഭിച്ച 140 മാർക്കുകൂടി കൂട്ടി 425 മാർക്ക് മൊത്തം 285+140 ഇവിടെ എവിടെയാണ് 50:50 എന്ന അനുപാത്രികം ശരിയാകുന്നത്? ഇവിടെ 70% കൂടുതൽ പ്ലസ്ടുവിന്റെ മാർക്കാണ് പ്രയോജനം ചെയ്യുന്നത്. മാതാപിതാക്കൾക്ക് സാമ്പത്തിക ഭാരവും കുട്ടികൾക്ക് വർക്ക് ലോഡും വർദ്ധിപ്പിക്കുവാൻ എന്തിനീ എൻട്രൻസ് പരീക്ഷ. ഇനി വേണമെങ്കിൽ അത് പൊതുവിജ്ഞാന പരീക്ഷയാക്കിയാൽ ചുറ്റിനും നടക്കുന്ന കാര്യങ്ങളെപ്പറ്റി കുട്ടികൾ പഠിക്കുകയും പത്രം വായിക്കാൻ പഠിക്കുകയും നാളെ ഒരു ഇന്റർവ്യൂവിന് ചെല്ലുമ്പോൾ ഇവ പ്രയോജനമാവുകയും ചെയ്യും.

കഴിഞ്ഞവർഷം സിവിൽ സർവ്വീസ് പരീക്ഷയിൽ ആൺകുട്ടികളിൽ ഒന്നാം റാങ്കുനേടിയ തമിഴ്നാട്ടുകാരനായ വരുൺകുമാർ, മെഡിക്കൽ എൻട്രൻസിന് റാങ്ക് താഴെയായതുകൊണ്ട് എം. ബി. ബി. എസ്. ലഭിക്കാത്ത ഒരു വിദ്യാർത്ഥിയായിരുന്നു. പകരം ബി. ഡി. എസ്. ആണ് ലഭിച്ചത്. സിവിൽ സർവ്വീസ് ഇന്റർവ്യൂവിൽ യു. പി. എസ്. സി. ചെയർമാൻ ചോദിച്ച ആദ്യചോദ്യം ഇതായിരുന്നു. അണ്ണാഹസാരെയുടെ രണ്ട് ഡിമാന്റുകൾ കേന്ദ്രഗവണ്മെന്റ് അംഗീകരിച്ചില്ല. ഏതൊക്കെ? എന്തുകൊണ്ട്? രണ്ടാമത്തെ ചോദ്യം ഇതായിരുന്നു. നിങ്ങൾ ഒരു റെയിൽവേ എക്സാമിനർ (ടി. ടി. ആർ) ആണെന്ന് സങ്കൽപ്പിക്കുക. പാവപ്പെട്ട ഒരാൾ ടിക്കറ്റില്ലാതെ യാത്രചെയ്യുന്നത് നിങ്ങൾ പിടികൂടുന്നു. തൊട്ടടുത്ത സീറ്റിൽ നിങ്ങളുടെ പ്രിയപ്പെട്ട കോളേജ് പ്രൊഫസർ യാത്ര ചെയ്യുന്നത് നിങ്ങൾ കാണുന്നു. പ്രൊഫസറെ കണ്ടപ്പോൾ നിങ്ങൾക്ക് വളരെ സന്തോഷം തോന്നി. കുശലങ്ങളെല്ലാം അന്വേഷിച്ചശേഷം ജോലിയുടെ ഭാഗമായി ടിക്കറ്റ് പരിശോധിക്കാൻ വേണ്ടി ചോദിച്ചു. പോക്കറ്റിലും പേഴ്സിലുമെല്ലാം പ്രൊഫസർ ടിക്കറ്റ് പരതി ടിക്കറ്റ് കാണാനില്ല. ടിക്കറ്റ് എക്സാമിനർ എന്ന നിലയിൽ നിങ്ങളുടെ മുന്നിലുള്ള ഈ രണ്ട് കേസ്സുകൾ എങ്ങനെ കൈകാര്യം ചെയ്യും?

പാഠ്യവിഷയങ്ങൾക്ക് നൂറിൽ നൂറ് മാർക്ക് വാങ്ങിയാലും ഇതിന് മറുപടി പറയണമെങ്കിൽ പൊതുവിജ്ഞാനം ഉണ്ടായിരിക്കണം. ഇന്നത്തെ എല്ലാവിധ ഇന്റർവ്യൂകളും ഇത്തരത്തിലാണെന്ന് മനസ്സിലാക്കുക.

ഇതുകൊണ്ടൊക്കെയാണ് പലപ്പോഴും സ്കൂൾ കോളേജ് തലത്തിൽ എല്ലാത്തിനും ഫസ്റ്റ് ക്ലാസ്സും ഡിസ്റ്റിംഗ്ഷനുമൊക്കെ വാങ്ങി പാസ്സായ പലരും ജീവിതത്തിൽ പരാജയപ്പെട്ടുപോകുന്നതും. എന്നാൽ അദ്ധ്യാപകരാലും മാതാപിതാക്കളാലും എഴുതിത്തള്ളപ്പെട്ട പലരും ജീവിതത്തിൽ വിജയിക്കുകയും ചെയ്യുന്നതിലെ രഹസ്യം.

**അമ്മ മനസ്സ്**



# സന്മനസ്സുള്ളവർക്ക് സമാധാനം

**സി. സോണിയ ഒ.എസ്.എസ്.**
**സെക്രട്ടറി ഫാമിലി അപ്പോസ്തലേറ്റ്**

'ശാന്ത രാത്രി തിരുരാത്രി...' എന്ന പ്രസിദ്ധമായ ക്രിസ്തുമസ് ഗാനത്തിൽ തിരുജനനത്തിന്റെ താളവും ലയവുമുണ്ട്. ദൈവം ക്രിസ്തുവിലൂടെ ഈ ലോകത്തിന് നൽകിയത് സമാധാനവും, സന്തോഷവും, ശാന്തതയുമാണ്. "ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" എന്നുള്ള മാലാഖമാരുടെ സംഗീതവും മന്ത്രിക്കുന്നത് ഈ ശാന്തതയുടെ സമാധാനവും സന്തോഷവും തന്നെയാണ്.

സ്വീകരിക്കുന്നതിനേക്കാൾ നൽകുന്നതുമായി ബന്ധപ്പെട്ടതാണ് സന്മനസ്സ്. ക്രിസ്തുമസിന് സർവ്വാഭരണ വിഭൂഷിതരാകുന്നതിനേക്കാൾ നമ്മിലെ വിദ്വേഷത്തെ സ്നേഹമായും, സ്വാർത്ഥതയെ പരസ്നേഹമായും, കോപത്തെ അനുകമ്പയായും മാറ്റുവാൻ ഈ സന്മനസ്സ് നമ്മെ പ്രേരിപ്പിക്കുന്നു. അതുവഴി ക്രിസ്തുമസ് ആഘോഷങ്ങളിൽ നമ്മിലെ ഏറ്റവും വലിയ നന്മയാണ് പുറത്തുവരുന്നത്.



നമ്മെ ഏറ്റവും അധികം ദ്രോഹിച്ചവരോട് ക്ഷമിക്കുവാനും, നാം ദ്രോഹിച്ചവരോട് ക്ഷമചോദിക്കുവാനും സന്മനസ്സ് നമ്മോടാവശ്യപ്പെടുന്നു. സ്വാർത്ഥതകൊണ്ട് തണുത്തുറഞ്ഞ നമ്മുടെ ഹൃദയങ്ങളെ അനുരഞ്ജന കുദാശകൊണ്ടും നന്മ പ്രവർത്തികൾകൊണ്ടും ചൂടുപകരുകയും ശുദ്ധികരിക്കുകയും അങ്ങനെ അവയെ യേശുവിന് പിറക്കാൻ യോഗ്യമാക്കി തീർക്കുകയും വേണം.

പുൽക്കൂട്ടിലെ ഉണ്ണി നമ്മുടെ ഹൃദയത്തിൽ വന്നു പിറക്കുവാനാണ് നാം ആഗ്രഹിക്കുന്നത്. പിറക്കണമെങ്കിൽ എന്നിലെ ഞാൻ എന്ന ഭാവം കത്തി ചാമ്പലാകണം. കുടുംബത്തിൽ സ്നേഹത്തിന്റെ പുൽക്കൂടുകൾ പണിയപ്പെടണം. ലോക വിസ്മയങ്ങളിൽ കണ്ണുംനട്ട് അലസരാകാതെ കർത്താവിന്റെ നക്ഷത്ര വിളക്കുകളാകാൻ നാമും നമ്മുടെ ഭവനവും ഒരുങ്ങണം. അപ്പോൾ സന്മനസ്സ് നിറഞ്ഞ നമ്മുടെ ജീവിതത്തിലൂടെ സന്തോഷവും സമാധാനവും കുടുംബത്തിനും സമൂഹത്തിനും നമുക്ക് നൽകാൻ സാധിക്കും. അതിനാൽ ക്രിസ്തുമസ് ഒരു ദിവസത്തിന്റെ ആനന്ദം മാത്രമാകാതിരിക്കട്ടെ. അത് സമാധാനത്തിന്റെ, സന്തോഷത്തിന്റെ, ചെറുതാകലിന്റെ മുകുളങ്ങൾ നമ്മിൽ വിരിയിക്കട്ടെ.

"ആ പ്രദേശത്തെ വയലുകളിൽ ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിന്റെ മഹത്വം അവരുടെ മേൽ പ്രകാശിച്ചു." (ലൂക്കാ 2:8). ഈ പ്രകാശം ലഭിച്ച ഇടയന്മാർ തങ്ങൾക്ക് ലഭിച്ച പ്രകാശത്തെ വിശ്വസിച്ചു. അവർ സത്യപ്രകാശമായ രക്ഷകനെ അന്വേഷിച്ച് യാത്ര പുറപ്പെട്ടു. ഓരോ കുടുംബത്തലും വചനമാകുന്ന പ്രകാശം പരക്കുമ്പോൾ, ആട്ടിടയന്മാരാകുന്ന കുടുംബനാഥനും കുടുംബനാഥയും തങ്ങളുടെ കുഞ്ഞുങ്ങളെയും കൂട്ടി രക്ഷകനിലേക്ക് യാത്ര പുറപ്പെടുന്നു. ആട്ടിടയന്മാർ തങ്ങൾ പാർത്ത വയലുകളെയും ആടുകളെയും, തങ്ങളായിരുന്ന അവസ്ഥകളെയും വിട്ട്, ദാവീദിന്റെ പട്ടണത്തിലേക്ക്, ദിവ്യരക്ഷകൻ പിറന്നിടത്തേക്കാണ് യാത്ര പുറപ്പെട്ടത്. വിശ്വസിക്കുന്നവർക്കു മാത്രമേ ഇപ്രകാരം പുറപ്പെടാൻ സാധിക്കൂ. കുടുംബത്തിലുള്ളവർ തങ്ങളുടെ ഹൃദയത്തിൽ നിന്നും യാത്ര പുറപ്പെട്ട് കൂടെയുള്ളവരുടെ ഹൃദയങ്ങളിലൂടെ യാത്ര ചെയ്ത് രക്ഷകന്റെ പുൽത്തൊട്ടിയിലെത്തണം. അവിടെനിന്നും കുടുംബമൊന്നാകെ നിത്യതയിലേക്കുള്ള പുറപ്പാടിന് തയ്യാറാകുന്നു. ആട്ടിടയന്മാർ അതിവേഗം പോയി എന്നാണ് ലൂക്കാ 2:16 -ൽ പറയുന്നത്. രക്ഷകനെ കാണാനുള്ള തിടുക്കവും, രക്ഷയിലേക്കുള്ള തിടുക്കവും, രക്ഷ സ്വന്തമാക്കാനുള്ള തിടുക്കവുമാണത്. ഇന്ന് കുടുംബങ്ങളിലും നമുക്കാവശ്യമായത്, രക്ഷകനെ സ്വന്തമാക്കാനുള്ള തിടുക്കമാണ്. വിശുദ്ധ വചനത്തിലൂടെയും വി. കൂദാശകളിലൂടെയും നിരന്തരം കർത്താവ് നമ്മെ ഇതിനായി ക്ഷണിക്കുന്നു. ദേവാലയമാകുന്ന പുൽക്കൂട്ടിലേക്ക് ഓരോ ഞായറാഴ്ചകളിലും പോകാനുള്ള തിടുക്കം കുടുംബത്തിലുള്ളവർ വർദ്ധിപ്പിക്കുമ്പോൾ രക്ഷകനെ പുൽകാൻ പുൽക്കൂട്ടിലേക്ക് പായുന്ന ആട്ടിടയന്മാരായി കുടുംബാംഗങ്ങൾ മാറുകയാണ്. അവർ തങ്ങളുടെ ഏകസമ്പത്തായ ആട്ടിൻകൂട്ടത്തെ മലയിൽ വിട്ടാണ് രക്ഷകനെ തേടിപ്പോയത്. നമ്മുടെ കുടുംബങ്ങളിൽ രക്ഷകനെ തേടിയുള്ള യാത്രയ്ക്ക് പലപ്പോഴും തടസ്സമാകുന്നത് നാം കരുതി വച്ചിട്ടുള്ള സമ്പത്താകാം. അത് സ്വർണ്ണവും വെള്ളിയും പണവും വസ്തുവകകളും മാത്രമല്ല ഞാനെന്ന ഭാവം (ഈഗോ) തടസ്സമായി നിൽക്കാം. ഞാനെന്ന ഭാവം ഉപേക്ഷിച്ച് നമ്മളെന്ന ഭാവം സ്വീകരിച്ച് പരസ്പരം ഉൾക്കൊള്ളുമ്പോഴാണ് രക്ഷകനിലേക്ക് പുറപ്പെടാനാകുന്നത്.



ഫാ. ജോസ് തൈപ്പറമ്പിൽ
ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്
തിരുവല്ല അതിരൂപത

# കുടുംബത്തിലെ ആട്ടിടയന്മാർ



ആട്ടിടയന്മാർ കൂട്ടമായിട്ടാണ് പുൽക്കൂട്ടിലേക്ക് നീങ്ങുന്നത്. കൂടെയുള്ളവർ രക്ഷകനെ കാണണ

മെന്ന തീവ്ര ആഗ്രഹം അവരെ ഒന്നിച്ച് പുൽക്കൂട്ടിലേക്ക് നീങ്ങുവാൻ അവരെ പ്രേരിപ്പിച്ചു. കുടുംബ ജീവിതത്തിൽ അപ്പനും അമ്മയും മക്കളും കൂട്ടായ്മയിലൂടെ പരസ്പരം കരം കോർത്താണ് രക്ഷയിലേക്ക് നീങ്ങേണ്ടത്. ഇടവകയിലും നാം കൂട്ടായ്മകളിലൂടെയാണ് രക്ഷയിലേക്ക് യാത്രചെയ്യുന്നത്. കാരണം ആട്ടിടയന്മാരെപ്പോലെ ഒരേ ലക്ഷ്യമാണ് നമുക്കുള്ളത്. എല്ലാവരും രക്ഷകനെ കാണണമെന്നുള്ള ആഗ്രഹമാണ് കുടുംബപ്രാർത്ഥനകളിലും വിശുദ്ധ ബലിയർപ്പണത്തിലും കൂട്ടായ്മയായി നാം പങ്കെടുക്കുന്നതിന്റെ കാരണം.

ആട്ടിടയന്മാർ തങ്ങൾ കണ്ടതും കേട്ടതും മറ്റുള്ളവരെ അറിയിച്ചു. ഇത് പ്രഘോഷണമാണ്. കർത്താവിനെ കാണുന്നവനു മാത്രമേ, കർത്താവിനെ കാണിച്ചു കൊടുക്കാനാവൂ. കുടുംബനാഥൻ കർത്താവിനെ കാണുമ്പോൾ മാത്രമേ ജീവിതപങ്കാളിയോടും കുഞ്ഞുങ്ങളോടും കർത്താവിനെ പങ്കുവയ്ക്കാനാവൂ. ആ കുടുംബത്തിന് മാത്രമേ അടുത്ത കുടുംബത്തോട് ഈ സന്തോഷം പങ്കുവയ്ക്കാനാവൂ... കർത്താവിനെ കണ്ട് പ്രഘോഷിച്ച ആട്ടിയന്മാരെപ്പോലെയാകണം നമ്മുടെ കുടുംബങ്ങൾ.

"അവർ ദൈവത്തെ സ്തുതിച്ചു". പുൽക്കൂട്ടിൽ കണ്ട കർത്താവിനെ ഓർത്തും, കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെ ഓർത്തും, അവർ ദൈവത്തെ സ്തുതിച്ചു. ഇത് ആട്ടിടയന്മാരുടെ കൂട്ടായ്മയിൽ ആഘോഷമായി മാറി. നമ്മുടെ കുടുംബജീവിതം ആഘോഷിക്കപ്പെടേണ്ടത് കർത്താവിന്റെ മഹത്വം ദർശിച്ചതിലുള്ള സന്തോഷം കൊണ്ടാണ്. ഈ ക്രിസ്തുമസിൽ നമുക്കുള്ള സന്തോഷം നാം കർത്താവിന്റെ മഹത്വം ദർശിച്ചതിലുള്ള സന്തോഷം കൊണ്ടാണ്. അത് ആത്മാവിലുള്ള സന്തോഷം കൊണ്ടാണ്. ഉള്ളിൽ നിന്നും തിളച്ചുവരുന്ന സന്തോഷം, ഇതിന്റെ ബാഹ്യ പ്രകടനങ്ങളാണ് ബാക്കി ആഘോഷങ്ങളെല്ലാം.

ഈ ക്രിസ്മസ് ദിനത്തിൽ അപ്പൻ, അമ്മ, കുഞ്ഞുങ്ങൾ ഇവർ ഇടയന്മാരെപ്പോലെ കർത്താവിലേക്ക് പുറപ്പെടണം, അതിവേഗം പുറപ്പെടണം, കണ്ട രക്ഷയെ പ്രഘോഷിക്കണം, രക്ഷയെ ഓർത്ത് ദൈവത്തെ സ്തുതിക്കണം, ഈ സ്തുതിപ്പ് ഓരോ കുടുംബങ്ങളിൽ നിന്നുമുയരുമ്പോൾ നമ്മെ കാണുന്നവർ ഇപ്രകാരം പറയും, "ഇതാ ഇവിടെ ക്രിസ്തു പിറന്നിരിക്കുന്നു."

## ജന്മശതാബ്തിയാഘോഷവും ശ്രേഷ്ഠഗുരു അവാർഡ് ദാനവും



ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന അഞ്ചൽ സെന്റ് ജോൺസ് കോളേജ്, കോളേജിന്റെ ആദ്യ പ്രിൻസിപ്പിലച്ചനായിരുന്ന ഫാ. ഫിലിപ്പ് സി. പന്തോളിലിന്റെ ജന്മശതാബ്ദിയാഘോഷം അച്ചന്റെ മാതൃഇടവകയായ അയിരൂർ സെന്റ് പാട്രിക് ദേവാലയത്തിൽ വച്ച് നടത്തുകയുണ്ടായി. ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മയ്ക്കായി കോളേജ് നല്കുന്ന ശ്രേഷ്ഠഗുരു അവാർഡ് ഈ ചടങ്ങിൽ മലങ്കര കത്തോലിക്കാ സഭയുടെ തലവനും പാതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ ഫാ. ഫിലിപ്പ് സി. പന്തോളിലിന് നല്കി. തിരുവനന്തപുരം മേജർ അതിരൂപതാ സഹായമെത്രാൻ അഭി. സാമുവേൽ മാർ ഐറേനിയോസ് പിതാവ് പൊന്നാട അണിയിച്ച് അച്ചനെ ആദരിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ. ജെയിംസ് സ്റ്റീഫൻ ഓലിയ്ക്കൽ സ്വാഗത പ്രസംഗം നടത്തി. കോളേജ് ബർസാർ ഫാ. ജോൺസൺ പുതുവേലിൽ, കോർഎപ്പിസ്കോപ്പമാരായ ഫാ. ജോസ് ചാമക്കാലായിൽ, ഫാ. ജോർജ് ജേക്കബ് അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ അധ്യാപകർ, അനധ്യാപകർ അയിരൂർ ഇടവകാംഗങ്ങൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.





## യൂത്ത് കോർണർ

ഫാ. സന്തോഷ് അഴകത്ത്
എം.സി.വൈ.എം. തിരുവല്ല അതിരൂപത ഡയറക്ടർ

# പുൽക്കൂട്ടിലെ പുണ്യം

ഒരു ഡിസംബർ മാസംകൂടി കലണ്ടറിൽ തെളിയുമ്പോൾ കുഞ്ഞുനാളിൽ ഡിസംബർ മാസം വരവാകാനുള്ള കാത്തിരിപ്പും അതിന്റെ കൗതുകങ്ങളും ഓർത്തുപോകുന്നു. ചെറുപ്പത്തിൽ എല്ലാം കൗതുകമായിരുന്നു. എന്നാൽ പ്രായമായപ്പോൾ എന്തിന്റെയും ഏതിന്റെയും കാത്തിരിപ്പും കൗതുകവും നഷ്ടമായി. ഇന്ന് എല്ലാം കൈയെത്തുംദൂരത്ത്. അതിനാൽ കൗതുകത്തിന് സ്ഥാനമില്ല, അതിന്റെ നന്മകൾക്കും. ക്രിസ്തുമസിന്റെ ഓർമ്മകൾ എത്ര സുന്ദരം. ക്രിസ്തുമസ് പാപ്പയും ക്രിസ്തുമസ് ട്രീയും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളും പുൽക്കൂടും അങ്ങനെ പോകുന്നു ക്രിസ്തുമസിന്റെ ഓർമ്മകൾ.



ഓരോ ക്രിസ്തുമസും എത്രയോ സുന്ദരമായ ചിന്തകളാണ് നമുക്ക് നൽകുന്നത്. ഡിസംബർ 1 മുതലുള്ള ചിട്ടയായ ജീവിതക്രമത്തിലൂടെ ഒരു പുത്തൻ ആത്മീയ ഉണർവ് സ്വന്തമാക്കാനുള്ള ഒരവസരം കൂടി. ഓരോ ക്രിസ്തുമസും ജീവിതത്തെ പുനഃക്രമീകരിക്കാനുള്ള അവസരമാണ് നമുക്ക് നൽകുന്നതെന്ന യാഥാർത്ഥ്യം നാം മറന്ന് പോകുന്നു.

പുൽക്കൂട്ടിലെ നൊമ്പരം നമ്മുടെയും ജീവിതത്തിലെ സ്നേഹത്തിന്റെ നൊമ്പരമായി മാറണം. മറ്റുള്ളവർക്ക് വേണ്ടി ചുരുങ്ങുവാനും ഇല്ലാതാകുവാനും നമുക്ക് സാധിക്കണം. എന്റെ സഹോദരന്റെ ജീവിതവും ജീവനും സമ്പത്തും സ്ഥാനമാനങ്ങളും ആശയങ്ങളും അപഹരിച്ച് സ്വയം വലുതാകാൻ ആഗ്രഹിക്കുന്ന ആധുനിക സ്വാർത്ഥ രാക്ഷസ കിങ്കരന്മാർക്ക് മുമ്പിൽ പുൽക്കൂട്ടിലെ പുണ്യം അപഹാസ്യമാണ്. എന്നാൽ സ്വയം ഇല്ലാതാകുന്നതുവഴി, ചുരുങ്ങുന്നതുവഴി, എന്റെ സന്തോഷങ്ങൾ വേണ്ടെന്ന് വയ്ക്കുന്നതുവഴി, എന്റെ അയൽക്കാരന് സന്തോഷവും സമാധാനവും സമൃദ്ധിയും ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നതാണ് സ്നേഹത്തിന്റെ നൊമ്പരം -പുൽക്കൂട്ടിലെ പുണ്യം. പുൽക്കൂട്ടിലെ ഉണ്ണി നമ്മോട് പറയുന്നു, ഇല്ലാതാകുന്നതാണ് സ്നേഹം. ചെറുതാകുന്നതാണ് സ്നേഹം. നാം പാടുന്നു, "ഇത്ര ചെറുതാകാൻ എത്ര വളരേണം..."

നമുക്കും സ്നേഹത്തിന്റെ പുൽക്കൂടുകൾ നിർമ്മിക്കാം. അവിടെ സ്വാർത്ഥതയ്ക്ക് സ്ഥാനമില്ല. കാരണം 2000 വർഷത്തിനുമുൻപ് രൂപംകൊണ്ട പുൽക്കൂട്ടിൽ സ്വാർത്ഥത നിറഞ്ഞ ആരും ഇല്ലായിരുന്നു. മറിച്ച് നിസ്വാർത്ഥതയുടെ നക്ഷത്രതിളക്കങ്ങളായ ജോസഫും മേരിയും ആട്ടിടയന്മാരും സ്നേഹത്തിന്റെ സന്ദേശം എത്തിച്ച മാലാഖമാരും.

ഏവർക്കും പൊന്നുണ്ണിയുടെ പിറന്നാളാശംസകളും നവവത്സരാശംസകളും.

# മസ്തിഷ്കരോഗ ചികിത്സയിലെ നൂതന പ്രവണതകൾ

**ഡോ. റോബർട്ട് മാത്യു MD, DNB, DM**
**പുഷ്പഗിരി മെഡിക്കൽ കോളജ്, തിരുവല്ല**

അപസ്മാരത്തിന്റെ ഉത്ഭവം കണ്ടുപിടിക്കാൻ ലളിതമായ പരിശോധനരീതികളുണ്ട്. ചില സാഹചര്യങ്ങളിൽ സങ്കീർണ്ണമായ രീതികളുമുണ്ട്. ഇ.ഇ.ജി, എം.ആർ.ഐ. സ്കാൻ, വീഡിയോ ഇ. ഇ.ജി തുടങ്ങിയ പരിശോധനരീതികൾ നല്ലൊരു ശതമാനം വരെ രോഗത്തിന്റെ ഉത്ഭവം കണ്ടുപിടിക്കാൻ സഹായിക്കും. എന്നാൽ ഇതിൽ ശരിയായ രോഗ നിർണ്ണയം സാധിക്കാത്ത സാഹചര്യങ്ങളിൽ തലയോട്ടിക്കുള്ളിൽ നേരിയവയറുകൾ കടത്തി കൃത്യമായി രോഗ നിർണ്ണയം നടത്താൻ ഇന്ന് സാധിക്കുന്നു. ആദ്യം വിവരിച്ച പരിശോധനാ രീതികൾ എല്ലാം തന്നെ പുഷ്പഗിരി ന്യൂറോളജി വിഭാഗത്തിൽ ഇന്ന് സജ്ജമാക്കികിട്ടുന്നു. ഇതിൽ ഏറ്റവും പ്രധാനം ഒരു പക്ഷേ വീഡിയോ ഇ.ഇ.ജി എന്ന പരിശോധനയാണ്. ഇ.ഇ.ജി എന്ന പരിശോധന തലച്ചോറിലെ വൈദ്യുത തരംഗങ്ങളെ വയറുകളുടെയും യന്ത്രങ്ങളുടെയും കംപ്യൂട്ടറിന്റെയും സഹായത്തോടെ വിശകലനം ചെയ്യലാണല്ലോ, ഇതിനായി രോഗിയുടെ തലയിൽ വയറുകൾ താല്ക്കാലികമായി ഒട്ടിക്കുന്നു. ഇപ്രകാരം വയറുകൾ ഒട്ടിച്ച് രോഗിയെ ആശുപത്രിയിലെ പ്രത്യേക മുറിയിൽ താമസിപ്പിക്കുന്നതാണ് വിഡിയോ ഇ.ഇ.ജി (VEEG). ഈ മുറി എപ്പോഴും ക്യാമറയുടെ നിരീക്ഷണത്തിലായിരിക്കും എന്നതാണ് ഈ പരിശോധനയുടെ പ്രത്യേകത. ഇപ്രകാരം നിരീക്ഷണത്തിൽ രോഗിക്ക് അപസ്മാരം വരുമ്പോൾ അത് തലച്ചോറിലെ ഏതു ഭാഗത്ത് ഉത്ഭവിക്കുന്നു എന്നറിയാൻ സാധിക്കും.

നിരീക്ഷണത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന ക്യാമറ ആ സമയത്തെ രോഗലക്ഷണങ്ങൾ ഒപ്പിയെടുക്കുകയും ചെയ്യും. മനസ്സിലെ ഉത്കണ്ഠയോ ഭയമോ അപസ്മാര രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾ കാണിക്കാം. ഇത്തരം രോഗികളെ തിരിച്ചറിയാൻ വീഡിയോ ഇ.ഇ.ജി സഹായിക്കും. പുഷ്പഗിരിയിലെ ന്യൂറോളജി വിഭാഗത്തിൽ ഈ യന്ത്രം സജ്ജമാണ്. വളരെ സങ്കീർണ്ണമായ അപസ്മാര രോഗങ്ങളുടെയും രോഗനിർണ്ണയം ഇതിലൂടെ സാധിക്കുന്നു. ഭയംമൂലം വരുന്ന അപസ്മാരം, ഏതെങ്കിലും ചില കാര്യസാധ്യത്തിനായി അപസ്മാരം ഇല്ലാത്തവർ അപസ്മാരം ഉള്ളതായി അഭിനയിക്കുന്ന അവസ്ഥയെയും തിരിച്ചറിയാൻ ഈ പരിശോധനാ രീതി സഹായിക്കും. ന്യൂറോളജിയിൽ പ്രധാനപ്പെട്ട മറ്റൊരു ചുവടുവയ്പ് നടന്നിരിക്കുന്നത് മസ്തിഷ്കാഘാതത്തിന്റെ (stroke) ചികിത്സയിലാണ്. തലച്ചോറിന്റെ ഒരു ഭാഗത്തേയ്ക്ക് രക്തയോട്ടം കുറഞ്ഞ് പ്രവർത്തനരഹിതമാകുന്ന അവസ്ഥയാണല്ലോ



സ്ട്രോക്ക്. രോഗിയുടെ ശരീരത്തിന്റെ ഒരു ഭാഗം തളരാൻ ഇത് കാരണമാകും. മാരകമായിവരുന്ന മസ്തിഷ്കാഘാതം മരണത്തിലേയ്ക്കും നയിക്കാറുണ്ട്. പണ്ട് തീരെ ചികിത്സയില്ലാതിരുന്ന ഈ രോഗത്തിന് ഇന്ന് ഫലപ്രദമായ അനേകം ചികിത്സകൾ ഉണ്ട്. എന്നാൽ ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ചികിത്സകൾ അസുഖം വന്ന് ആദ്യത്തെ രണ്ടു ദിവസത്തിനുള്ളിൽ തന്നെ നടത്തേണ്ടതാണ്. തക്കസമയത്ത്

ഡോക്ടറുടെ അടുത്തെത്തുക എന്നത് വളരെ പ്രധാനമെന്നർത്ഥം. ഇതിൽ തന്നെ ഏറ്റവും ലളിതവും എന്നാൽ വളരെ ഫലപ്രദവുമായ ചികിത്സ അസുഖം വന്ന് ആദ്യത്തെ നാലര മണിക്കൂറിനുള്ളിൽ നൽകേണ്ടതാണ്. ത്രോമ്പോലിട്ടിക് ചികിത്സ (Thrombolytic Therapy) എന്നറിയപ്പെടുന്ന ഈ ചികിത്സ വളരെ ലളിതമായി രോഗികൾക്ക് നൽകാവുന്ന ഒരു ചികിത്സയാണ്. ഒരു കുത്തിവയ്പിലൂടെ ഒരു മണിക്കൂർ നേരംകൊണ്ട് നൽകാവുന്നതാണ് ഈ ചികിത്സ. എന്നാൽ എല്ലാ രോഗികൾക്കും ഈ മരുന്നു നൽകാൻ പാടുള്ളതല്ല. തക്കതായ രോഗികളെ സമയത്തുതന്നെ കണ്ടുപിടിക്കുക എന്നതാണ് ഈ ചികിത്സയെ സംബന്ധിച്ചു ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം. രോഗി നാലരമണിക്കൂറിനുള്ളിൽ തന്നെ ആശുപത്രിയിൽ എത്തിയാലെ ഇതിനു സാധ്യതയുള്ളു. എത്തിയാലുടനെ സ്കാനിംഗ് പരിശോധനചെയ്ത് ത്രോമ്പോലിട്ടിക് ചികിത്സയ്ക്ക് പറ്റിയ രോഗിയാണ് എന്ന് സ്ഥിരീകരിക്കേണ്ടതുണ്ട്. രക്ത സമ്മർദ്ദത്തിന്റെ അളവ്, രക്തത്തിലെ പഞ്ചസാരയുടെ അളവ്, സ്കാൻ ചിത്രങ്ങളിലൂടെ ലഭ്യമാകുന്ന അസുഖത്തെകുറിച്ചുള്ള വിവരം തുടങ്ങിയവയെ ചേർത്തുവച്ച് രോഗിക്ക്



മരുന്നു കൊടുക്കണോ വേണ്ടയോ എന്ന് ഡോക്ടർ തീരുമാനിക്കുന്നു. ഇതാണ് ഈ ചികിത്സയിലെ ഏറ്റവും നിർണ്ണായകമായ ഭാഗം. വളരെ ഉയർന്ന രക്തസമ്മർദ്ദമോ, രക്തത്തിൽ പഞ്ചസാരയുടെ അളവോ ഉണ്ടെങ്കിൽ മരുന്നു നൽകാൻ സാധിക്കുകയില്ല. പക്ഷാഘാതവുമായി എത്തുന്ന രോഗികൾക്ക് അടിയന്തിരമായി സ്കാനിംഗ് ചെയ്യാനും ത്രോമ്പോലിട്ടിക് മരുന്നു നൽകുവാനുമുള്ള സംവിധാനങ്ങൾ പുഷ്പഗിരിയിൽ ഉണ്ട്. രോഗിയെ അത്യാഹിത വിഭാഗത്തിൽ സ്വീകരിക്കാനും അല്പംപോലും സമയനഷ്ടമില്ലാതെ സ്കാൻ പരിശോധന ചെയ്യാനും ആവശ്യമായ രോഗികൾക്ക് ത്രോമ്പലിറ്റിക് ചികിത്സ നൽകാനുമുള്ള എല്ലാ സംവിധാനങ്ങളും പുഷ്പഗിരി ആശുപത്രിയിൽ ഉണ്ട്. ധാരാളം രോഗികൾക്ക് ഇതിനോടകം തന്നെ ഈ ചികിത്സ നൽകാനും നമുക്ക് സാധിച്ചിട്ടുണ്ട്.

തലവേദനയുടെ ചികിത്സയിലും കാര്യമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. കൊടിഞ്ഞിക്കുത്ത് ഒരു മാറാരോഗമാണ് എന്ന ധാരണ പാടെ മാറിക്കഴിഞ്ഞു. കൊടിഞ്ഞിക്കുത്തിനെ പൂർണ്ണമായി ചികിത്സിച്ചു മാറ്റാൻ ഉതകുന്ന പ്രത്യേക ചികിത്സാരീതികൾ നമുക്ക് ഇന്ന് സാധ്യമാണ്. ഇതെല്ലാം തന്നെ പുഷ്പഗിരി ആശുപത്രിയിൽ പ്രവർത്തിക്കുന്ന ന്യൂറോളജി വിഭാഗത്തിൽ സാധ്യമാണ്. അപൂർവമായി വരുന്ന ചില പ്രത്യേകതകൾ തലവേദനകൾ തിരിച്ചറിയാൻ ഉതകുന്ന പ്രത്യേക സ്കാൻ പരിശോധനകളും ഇന്ന് പുഷ്പഗിരിയുടെ സവിശേഷതയാണ്. കുഞ്ഞുങ്ങളിൽ കണ്ടുവരുന്ന പല മസ്തിഷ്ക രോഗങ്ങളും പ്രായപൂർത്തിയായവരിൽ കാണുന്നതിൽ നിന്നും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ അവർക്ക് പ്രത്യേക പരിശോധന രീതികളും ചികിത്സയും ആവശ്യമാണ്.

ഈ പ്രാധാന്യം മനസ്സിലാക്കി ഇത്തരം രോഗങ്ങൾ കൈകാര്യം ചെയ്യാനായി ഒരു പ്രത്യേക ക്ലിനിക് പുഷ്പഗിരിയിൽ ആരംഭിച്ചിട്ടുണ്ട്. ന്യൂറോളജി പ്രൊഫ. ഡോ. റെജിയും പീഡിയാട്രിക് വിഭാഗം അസോസിയേറ്റ് പ്രൊഫ. ഡോ. ജയശ്രീയും ചേർന്നു നടത്തുന്ന ശിശുക്കൾക്കായുള്ള ന്യൂറോളജി ക്ലിനിക് ഈ ദിശയിൽ പുഷ്പഗിരിയുടെ ഒരു വലിയ കാൽവയ്പാണ്. കുഞ്ഞുങ്ങളിൽ കാണപ്പെടുന്ന അപസ്മാരങ്ങൾക്കുള്ള പ്രത്യേക ചികിത്സകൾ ഈ ക്ലിനിക്കിന്റെ ഒരു പ്രത്യേകതയാണ്. ജന്മനാതന്നെ ഉള്ള അംഗവൈകല്യങ്ങൾ രോഗനിർണ്ണയം നടത്താനും സാധ്യമായ രീതിയിൽ പരിഹാരം നിർദ്ദേശിക്കാനും മറ്റും ഈ ക്ലിനിക്കിലൂടെ സാധിക്കും.

മറ്റൊരു പ്രധാനപ്പെട്ട മസ്തിഷ്ക രോഗമാണ് മറവി രോഗം. വിവിധ തരത്തിലുള്ള മറവിരോഗങ്ങൾ ആദ്യമേതന്നെ കണ്ടുപിടിക്കാനും പരിഹാരം നിർദ്ദേശിക്കാനുമുള്ള വൈദഗ്ധ്യം പുഷ്പഗിരിയുടെ ന്യൂറോളജി വിഭാഗത്തിന് ഇന്നുണ്ട്. ഇത്തരം മാറ്റങ്ങളുടെ ഒക്കെയും അടിസ്ഥാന കാരണം ഗവേഷണമാണല്ലോ. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നടക്കുന്ന ഗവേഷണങ്ങൾക്കു സമാനമായി പുഷ്പഗിരിയിലും ഗവേഷണം പുരോഗമിക്കുന്നു. കഴിഞ്ഞവർഷം നടത്തിയ ദേശീയ ന്യൂറോളജി സമ്മേളനത്തിൽ നിരവധി പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ സാധിച്ചു. ഈ വർഷം നടക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ നാലു പ്രബന്ധങ്ങളും അവതരണാനുമതിക്കായി സമർപ്പിക്കപ്പെട്ടു കഴിഞ്ഞു എന്നത് ഇതിനുള്ള തെളിവായി കണക്കാക്കാം.

# സ്വപ്നങ്ങളിൽ വിരുന്നുവന്ന ക്രിസ്മസ്

ബ്ര. വടക്കേക്കര തോമസ്

ചില സ്വപ്നങ്ങളെ ഗൗരവമായിയെടുത്തതിന്റെ ഫലമായിട്ടത്രേ ക്രിസ്തുവിനു പിറക്കാനായത്. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ ഈ സ്വപ്നങ്ങളെപറ്റി വിവരിക്കുന്നുണ്ട്. ഇവിടെ ക്രിസ്തുവിനു ലോകത്തിൽ വന്നു പിറക്കുന്നതിനായി സ്വപ്നങ്ങൾ അവന് ഇടമൊരുക്കുന്നതുകാണാം. ചിലർ സ്വപ്നങ്ങളെ ഗൗരവമായി എടുത്ത് ആ സ്വപ്നത്തിന് തങ്ങളെതന്നെ വിധേയരാക്കിയപ്പോൾ അവിടെ ക്രിസ്തു ജനിച്ചു. മറ്റു ചിലർ തങ്ങളുടെ സ്വപ്നങ്ങളെ ഗൗനിക്കാതെ നിരാകരിച്ചപ്പോൾ അവിടെ ക്രിസ്തു കുരിശിലേറി മരിച്ചു. മത്തായി സുവിശേഷകൻ വരച്ചുകാട്ടുന്ന ആദ്യത്തെ സ്വപ്നസഞ്ചാരി -യൗസേഫ് പിതാവാണ്. വി.ഗ്രന്ഥം നമ്മോടു പറയുന്നത് നിങ്ങൾ വിശുദ്ധ യൗസേഫിനെപ്പോലെ സ്വപ്നം കാണുന്നവരായിരിക്കണമെന്ന്. യൗസേഫിന്റെ ജീവിതത്തിലേന്തുകൊണ്ട് സ്വർഗ്ഗം വിരുന്നുവന്നുവെന്നു ചോദിച്ചാൽ... ബൈബിൾ പറയുന്നത് അയാളുടേത് നീതിയുടെ ശരീരമായിരുന്നുവെന്നതാണ്. ദൈവീക മൂല്യങ്ങളാൽ നിറയപ്പെട്ട ഒരു മനസിന്റെ ഉടമയായിരുന്നു യൗസേഫ്. എന്റെ വാക്കുകൊണ്ടോ ശരീരം കൊണ്ടോ ആർക്കും ഒരു മുറിവും ഉണ്ടാകരുതെന്ന് നിർബന്ധബുദ്ധിയോടുക്കൂടി ജീവിച്ചയൊരാൾ. ഇങ്ങനെയുള്ള യൗസേഫ് പിതാവിന്റെ സ്വപ്നത്തിലാണ് സ്വർഗ്ഗം ഇടപെട്ടു പറഞ്ഞത് ഞങ്ങൾക്കൊപ്പം ഒന്നു സഹകരിക്കണമെന്ന്. ഈ സ്വപ്നത്തെ യൗസേഫ് പിതാവ് ഗൗരവമായി എടുത്തു മറിയത്തെ ഉപേക്ഷിക്കാത്തതിനാലാണ് ക്രിസ്തുവിനു ലോകത്തിൽ പിറക്കുവാനും ക്രിസ്തുമസ് ഉണ്ടായതും.

മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്ന രണ്ടാമത്തെ സ്വപ്നസഞ്ചാരി-3 രാജാക്കന്മാരാണ്. ക്രിസ്തു എവിടെ ജനിക്കുമെന്ന രാജാക്കന്മാരുടെ ചോദ്യത്തിനുത്തരമെന്നവണ്ണം ക്രിസ്തു യൂദയായിലെ ബേത്‌ലഹേമിൽ എന്നാണ് ജ്ഞാനികളും പുരോഹിതരും പറഞ്ഞത്. ക്രിസ്തുവിനെ ഒറ്റിക്കൊടുത്തത് യൂദാസാണെന്നാണ് പറയുന്നത്. എന്നാൽ സൂക്ഷമമായി ഒന്നു പരിശോധിച്ചാൽ കണ്ടെത്താൻ കഴിയും ക്രിസ്തുവിനെ ആദ്യം ഒറ്റിക്കൊടുക്കുന്നത് ഈ ജ്ഞാനികളും പുരോഹിതരുമല്ലേ....... രാജാക്കന്മാരുടെ ചോദ്യത്തിന് ഹേറോദേസ് രാജാവിന്റെ മുമ്പിൽ വച്ച് കൃത്യസ്ഥലമാണ്



ജ്ഞാനികളും പുരോഹിതരും പറയുന്നത്-യൂദിയായിലെ ബേത്‌ലഹേം. ഇതു കേട്ടമാത്രയിൽ രാജാവ് പറയുന്നു നിങ്ങൾ ശിശുവിനെ കണ്ടിട്ട് ഈ വഴിയെ വരണം കാരണം എനിക്കും അവനെ ചെന്നുകണ്ട് ആരാധിക്കാനാണ്. എന്നാൽ അരമന വഴി പോകാൻ അവർ ആഗ്രഹിച്ചപ്പോൾ സ്വപ്നത്തിലൂടെ അവർക്ക്

ദൂതന്റെ ദർശനമുണ്ടായി പറഞ്ഞു നിങ്ങൾ അരമന വഴി പോകരുത് മറ്റൊരുവഴി തെരഞ്ഞെടുക്കുക. വചനം പറയുന്നു അവർ ഹേറോദേസിന്റെ കൊട്ടാരം വഴി പോയില്ല. മറിച്ച് മറ്റൊരുവഴിയേ അവർ മടങ്ങിപ്പോയിയെന്ന്. ഈ സ്വപ്നത്തെ ഈ മൂന്ന് രാജാക്കന്മാർ ഗൗരവമായി എടുത്തില്ലായിരുന്നെങ്കിൽ ക്രിസ്തുവിനൊരു പക്ഷേ ബാല്യം നഷ്ടമായിപ്പോയേനേ. ഒന്നു ചിന്തിച്ചു നോക്കിക്കേ നമ്മൾ സഞ്ചരിക്കുന്നത് അരമനവഴിയോ അതോ മറ്റുവഴിയെയാണോ? അരമനവഴിയെങ്കിൽ ക്രിസ്തുവിനെ നാം കൊലക്കളത്തിലേക്ക് നിത്യം വലിച്ചെറിയുകയാണ്. അരമനവഴിയെ പോകുന്ന പ്രവണത കൂടുതലുള്ള ഈ ലോകസാഹചര്യത്തിൽ മറ്റൊരുവഴി തെരഞ്ഞെടുത്ത് യാത്ര തുടരണമെങ്കിൽ സ്വപ്നങ്ങളെ നാം ഗൗരവമായി കാണുന്നവരാകണം. നാം ഇന്നു അരമനവഴിയെയാണ് സഞ്ചരിക്കുന്നതെങ്കിൽ ഓർക്കുക ഇതുവരെ നമ്മുടെ സ്വപ്നങ്ങളിൽ സ്വർഗ്ഗം വിരുന്നുവന്നിട്ടില്ല എന്ന്. തുടർന്ന് സുവിശേഷം പറയുന്നത് ഹേറോദേസിനു മനസിലായി താൻ കബളിപ്പിക്കപ്പെട്ടുവെന്ന്. ഒന്ന് രണ്ട് വർഷങ്ങൾ കഴിഞ്ഞാണ് ഹേറോദേസിനു മനസ്സിലായത്...... അതിനാലാവണം അവൻ ഉത്തരവിട്ടത് രണ്ടും അതിൽ താഴയും പ്രായമുള്ള എല്ലാ കുഞ്ഞുങ്ങളെയും വധിക്കുകയെന്ന്.

മൂന്നാമത്തെ സ്വപ്നം ക്ലൗഡിയായ്ക്കാണ് ഉണ്ടാകുന്നത്. പീലാത്തോസിന്റെ ഭാര്യ ക്ലൗഡിയ. ക്ലൗഡിയ ആവുന്ന വിധത്തിലൊക്കെ പീലാത്തോസിനോടു പറയുന്നുണ്ട്. എന്റെ പൊന്നു കെട്ടിയോനെ ഇവന്റെ കാര്യത്തിൽ നീ ഇടപെടുന്നത് വളരെയധികം ആലോചിച്ചുവേണം. കാരണം ഇവൻ കഴിഞ്ഞ രാത്രി എന്നെ സ്വപ്നത്തിലൂടെ വളരെയധികം അസ്വസ്ഥതപ്പെടുത്തിയവനാണ്. ഈ നീതിമാന്റെ കാര്യത്തിൽ നീ ഇടപെടരുത് എന്ന്. പക്ഷേ പീലാത്തോസ് ഈ സ്വപ്നത്തെ ഗൗനിക്കാതിരുന്നപ്പോൾ ക്രിസ്തു അവിടെ മരണത്തിനു വിധേയനായി. ഒന്നാലോചിച്ചു നോക്കിക്കേ എന്റെ എത്രയെത്ര സ്വപ്നങ്ങളെയാണ് ഗൗനിക്കാതെ ഞാൻ വിട്ടുകളഞ്ഞത്. എത്രപ്രാവശ്യമാണ് ക്രിസ്തുവിനെ ഞാൻ മരണത്തിനു വിധിച്ചത്. സ്വപ്നങ്ങളെ ഗൗരവമായി എടുക്കാത്തവരിൽ ക്രിസ്തു നിത്യം മരണത്തിനു വിധിക്കപ്പെടുന്നു. നാമും ക്രിസ്തുവിനെ നിത്യം മരണത്തിനുവിധേയമാകുന്നവരാണോ.

അബ്ദുൾകലാം പറയുന്നു: ഉറക്കം കെടുത്തുന്ന സ്വപ്നങ്ങളാണ് നമുക്കുവേണ്ടത്. നമ്മളിലെ സ്വപ്നങ്ങളെ നാം ഗൗരവമായി എടുക്കുമ്പോൾ അവിടെ ക്രിസ്തു ജനിക്കുന്നു. അവിടെ ക്രിസ്തുമസിന് പൂർണ്ണ അർത്ഥം കൈവരുന്നു. എവിടെയൊക്കെ ക്രിസ്തുവിനെ നാം മരണത്തിനു വിധിക്കുന്നു. ഈ ക്രിസ്തുമസിൽ നമ്മുടെ ഉള്ളിൽ ക്രിസ്തുവിനു ജനിക്കുവാനാണോ അതോ മരണത്തിന് വിധിക്കുവാനാണോ നാം ഒരുങ്ങുന്നത്.....

# ക്രിസ്തുമസ്

**വെളൂർക്കോണം ഷാഫി**




രാത്രിക്ക് പുകമഞ്ഞുകൊണ്ടൊരു പുതപ്പ്
നക്ഷത്രമണിഞ്ഞ വാനിന് മന്ദസ്മിതം
സാംസ്കാരിക പൈതൃകവും ശാപവും
സ്തബ്ദമനസ്സിനെ കീറിപ്പകുക്കുന്നു
തണുപ്പരിക്കും പ്രാകൃത നിലങ്ങളിൽ
നിഷ്കളങ്കതയുടെ ചോര നിലവിളിക്കുന്നു
അൾത്താരാബലി-
കന്യാവനങ്ങളുടെ മാനവും ജീവനും ബലി
നന്മയുടെ കണികകളെല്ലാം ബലി
ശാന്തി! ശാന്തി; ശാന്തി;........
കോപത്തുള്ളികളാൽ പാനപാത്രങ്ങൾ നിറച്ച്
ഭൂതകാലത്തിന് ദാഹശമിനി നൽകി
ത്യാഗപ്പൂക്കളെ ചരിത്രത്തിൽ നിന്ന് മായ്ച്ച്
സ്നേഹത്തിന്റെ തലച്ചോർ ചിതറിച്ച്
എങ്ങും കാടത്തമുണരുമ്പോൾ
മുകളിലപ്പോഴും മാലാഖമാരുടെ പാട്ട്
താഴെ, ദുർബ്ബലർ ഉറ്റുനോക്കുന്ന പുൽക്കൂട്ടിൽ
സമാധാനത്തിന്റെ പിറവി!
അടുത്ത്, അശാന്തിയുടെ മറപറ്റി
വേദനക്കാറ്റിന്റെ സീൽക്കാരഘോഷം
എന്നിട്ടും നിരാലംബരുടെ യാത്ര
രാത്രിതന്നറ്റത്തെ ബത്‌ലഹേം തേടി
കള്ളിമുള്ളും കൽക്കൂട്ടങ്ങളും താണ്ടി.....!



# കിഴുകാനെല്ലി (കീഴാർനെല്ലി)

**സിജി മാത്യു**
ബോധന, പരിസ്ഥിതി പ്രവർത്തകൻ

പ്രഭാതം മുതൽ പ്രദോഷം വരെ ചെയ്യുന്ന പ്രവർത്തികളെയാണ് ജീവിതം എന്നു വിളിക്കുന്നത്. ആകെയുള്ള ജീവിതത്തിന്റെ പ്രതിബിംബമാണ് ശരീരത്തിൽ ആരോഗ്യമായോ രോഗമായോ പ്രകടമാക്കുന്നത്. പകർച്ചവ്യാധികളായ ക്ഷയം മുതലായ രോഗങ്ങൾ ബാക്ടീരിയ, വൈറസ് തുടങ്ങിയ സൂഷ്മാണുക്കൾ മൂലമുണ്ടാകുന്നതാണ്. ഈകാര്യം ആയൂർവ്വേദം അംഗീകരിക്കുന്നു. സൂഷ്മാണുക്കൾ ശരീരത്തിൽ കടന്ന് രോഗമുണ്ടാക്കണമെങ്കിൽ അപഥ്യമായ ജീവിത രീതികളിൽ രക്തവും മറ്റും മലിനമായിരിക്കണം. അതേസമയം പഥ്യത്താൽ അധിഷ്ഠിതമായ ജീവിതരീതികളുമായി കഴിയുന്ന ഒരാളിന് സൂഷ്മാണു സംക്രമണം മൂലം താല്ക്കാലികമായി എന്തെങ്കിലും വിഷമതകൾ ഉണ്ടെങ്കിൽ പോലും വളരെ ചെറിയ രീതിയിലുള്ള ചികിത്സ കൊണ്ട് തന്നെ എളുപ്പത്തിൽ ആശ്വാസം ലഭിക്കുന്നു. ആയൂർവ്വേദം അനുശാസിക്കുന്ന പഥ്യ നിഷ്കർഷയോടെ ജീവിച്ചാൽ ആ ജീവിതം എപ്പോഴും ആരോഗ്യപൂർണ്ണമായിരിക്കുമെന്ന് 'ആയൂർവ്വേദം' അഭിപ്രായപ്പെടുന്നതോടൊപ്പം ഔഷധങ്ങളാൽ നിറയപ്പെട്ട ഒരു ചെറിയ ചെടിയെക്കൂടി പരിചയപ്പെടുത്തുകയാണ് കഴിഞ്ഞ ലക്കത്തിൽ വായനക്കാർ തന്ന പ്രോത്സാഹനമാണ് ഈ പ്രവർത്തനത്തിന്റെ പ്രചോദനം.



തണുപ്പുകാലങ്ങളിൽ വീട്ടുവളപ്പിലും പറമ്പുകളിലും ധാരാളമായി വളർന്നു നിൽക്കുന്ന ഒരു ചെറുസസ്യമാണ് കിഴുകാനെല്ലി. ഈ ചെടി സമൂലം ഔഷധങ്ങളാൽ സമ്പൂർണമാണ്. കൊല്ലം മുഴുവൻ പുഷ്പിച്ചു കൊണ്ടിരിക്കുന്ന അപൂർവ്വം ചില ഔഷധചെടികളിൽ ഒന്നാണ് കിഴാർനെല്ലി. ഇതിന്റെ വേരും ഇലയും മുട്ടും എല്ലാം ഔഷധവീര്യമുള്ളതാണ്.

മഞ്ഞപ്പിത്തത്തിന് ഏറ്റവും ഫലപ്രദമായ ഔഷധമായി കീഴാർനെല്ലി ഉപയോഗിച്ചുവരുന്നു. കരളിന്റെ ക്രമക്കേടുകൾ ഇല്ലാതാക്കാനുള്ള ഔഷധമായും ഉപയോഗിക്കുന്നു. കിഴാർനെല്ലി പറിച്ചു കഴുകി ചതച്ചു നീരെടുത്ത് മുലപ്പാൽ ചേർത്ത് കണ്ണിൽ ഒഴിക്കുന്നത് ചെങ്കണ്ണുമാറുന്നതിനു ഉത്തമമാണ്. കുട്ടികളിൽ ഉണ്ടാകുന്ന ഛർദ്ദിക്കും കിഴാർനെല്ലി ഔഷധമായി ഉപയോഗിക്കുന്നു. കേശഭംഗിക്കും തലയിലെ താരനും മുടികൊഴിച്ചിലിനും അകാലനരയ്ക്കും മുടിയിലെ കായ്ക്കും എല്ലാം കിഴാർനെല്ലി ഔഷധമായി ഉപയോഗിക്കുന്നു. കൂടാതെ മൂത്രതടസ്സം, മൂത്രക്കല്ല് രക്തത്തിലെ പഞ്ചസാരയുടെ അളവു കുറയ്ക്കുന്നതിനും ശരീരത്തിലെ വ്രണങ്ങൾ ഉണക്കുന്നതിനും എണ്ണകാച്ചി തേച്ചുകുളിക്കുന്നതിനും എല്ലാം കിഴാർനെല്ലി വളരെ വളരെ വിശേഷപ്പെട്ട ഔഷധമായി നമ്മുടെ പൂർവ്വീകർ ഉപയോഗിച്ചിരുന്നു. അന്നിന്റെ ആയൂർവ്വേദമഹത്വം പുതുതലമുറയ്ക്ക് കൈമാറുവാൻ നമ്മൾ ഒരു ചാലകമായി മാറുന്നതിനും ഔഷധസസ്യങ്ങളുടെ കലവറയായ ഒരു ഭവനമാകുവാനും ആരോഗ്യമുള്ള ഒരു സമൂഹവും ഔഷധസസ്യ പരിപാലനത്തിന്റെ വാഹകരാകുവാനും അന്യം നിന്നു പോകുന്ന ഔഷധസസ്യങ്ങളുടെ സംരക്ഷകരുമാകട്ടെ എന്നു ആശിക്കുന്നു.

# വി. ഫ്രാൻസിസ് സേവ്യർ




**ആൻസി തോമസ്, പുല്ലാട്**

1506 ഏപ്രിൽ 7-ാം തീയതി ജാവിയാറെ കുടുംബത്തിൽ ജനിച്ചു. ഫ്രാൻസിസിന്റെ പിതാവ് രാജസദസ് അധ്യക്ഷൻ എന്ന പദവി അലങ്കരിച്ചിരുന്നു. ഫ്രാൻസിസ് സേവ്യറിന്റെ ബാല്യകാലത്തിൽ തന്നെ യേശുവിന്റെ ക്രൂശിത രൂപം അവന്റെ മനസിൽ ആഴത്തിൻ പതിച്ചിരുന്നു. ഫ്രാൻസിസ് ബുദ്ധിമാനും പഠിക്കാൻ തീഷ്ണതയുള്ളവനും ആയിരുന്നു. 1525ൽ പാരീസ് സർവ്വകലാശാലയിൽ ചേർന്നു. ബി.എ ബിരുദം കരസ്ഥമാക്കി. 1537 ജൂൺ 24-ാം തീയതി ജോൺ ബാപ്റ്റിസ്റ്റു പുണ്യവാളന്റെ തിരുനാളിൽ ഫ്രാൻസിസ് സേവ്യർ ആർബൊ മെത്രാനിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

മാർപാപ്പയുടെ കല്പന പ്രകാരം മിഷൻ പ്രവർത്തനങ്ങൾക്കായി ഫ്രാൻസിസ് ഇന്ത്യയിലെക്കു തിരിച്ചു. 1542 മെയ് 6-ാം തീയതി ഗോവയിലെത്തി അവിടുത്തെ ബിഷപ്പിന് കത്ത് കൊടുത്തു. മാർപാപ്പ അനുവദിച്ചിരിക്കുന്ന അധികാരങ്ങൾ ഫ്രാൻസിസിനെ ലഭിച്ചു. ഗോവ മതങ്ങളുടെ മിശ്രണ സ്ഥലമാണെന്നു മനസിലാക്കി. സുവിശേഷപ്രഘോഷണം അവിടെ അവഗണിക്കപ്പെട്ടതായിരുന്നു. ഫ്രാൻസിസ് അവിടുത്തെ ആളുകളുമായി സമ്പർക്കത്തിൽ ഏർപെട്ട് വിശ്വാസപഠനം നൽകുന്നതിന് ഏറെ പരിശ്രമിച്ചു. ഉച്ചയ്ക്ക് ശേഷം മണികിലുക്കി നടന്നു നീങ്ങുമായിരുന്നു. അത് കേട്ട് കുട്ടികളും അടിമകളും കൂട്ടത്തോടെ വന്ന് അദ്ദേഹത്തിന്റെ അടുത്ത് ഇരിക്കും. അത് വിശ്വാസപരിശീലനത്തിന് സഹായിച്ചിരുന്നു. തെക്കെ ഇന്ത്യയിലേക്ക് തന്റെ പ്രവർത്തനം ഫ്രാൻസിസ് വ്യാപിപ്പിച്ചു. അവിടുത്ത് കുട്ടികൾക്ക് വിശ്വാസത്തിന്റെ പാഠങ്ങൾ പറഞ്ഞുകൊടുത്തു. വിഗ്രഹാരാധന തെറ്റാണെന്നും അവരെ പഠിപ്പിച്ചു. അനേകം പേരെ ജ്ഞാനസ്നാനപ്പെടുത്തി. തിരികെ ഗോവയിലെക്ക് വന്നു. ഫ്രാൻസിസ് ലോകമെങ്ങും അറിയപ്പെടാൻ തുടങ്ങി. ശത്രുക്കൾ അദ്ദേഹത്തെ കൊല്ലാൻ തക്കം പാർത്തു. അതിനാൽ ക്രിസ്താനികൾ അദ്ദേഹത്തിന്റെ ഭവനത്തിന് കാവൽ നിന്നു. ക്രിസ്ത്യാനികൾക്കു നേരെയും ആക്രമണം ഉണ്ടായി. സിലോണിൽപെട്ട മാന്നാർ ദ്വീപിലെ മത്സ്യതൊഴിലാളികൾ ജ്ഞാനസ്നാനപെടാൻ തീരുമാനിച്ചതാണ് ഇതിനു കാരണം. ഇവരെ ഫാ. ലിസാനോ മാമോദിസാ മുക്കി. ജ്ഫാന് രാജാവ് മാന്നാറിലെ നവവൈദികരെ കൊന്നൊടുക്കുന്നതിന് കല്പന പുറപ്പെടുവിച്ചു. കുറച്ച് പേർ വിശ്വാസത്തെ പ്രതി മരണമടഞ്ഞു. കുറച്ചുപേർ പർവ്വതങ്ങളിലേക്ക് പാലായനം ചെയ്തു. ഫ്രാൻസിസ് കൊച്ചിയിൽ നിന്നും ഗോവയിലേക്ക് മടങ്ങി. ഗോവയിൽ നിന്നും മലാക്കായിലെക്ക് പുറപ്പെട്ടു. അവിടെചെന്ന് സുവിശേഷം പ്രസംഗിച്ചും പഠിപ്പിച്ചും കൂദാശകൾ പരികർമ്മം ചെയ്തും അവിടുത്തെ ജനങ്ങളെ ദൈവത്തിനു പ്രിയമുള്ളവരാക്കി.



പിന്നീട് ജപ്പാനിലേക്ക് യാത്രതിരിച്ചു. അവിടെ അനേകം പേരെ ജ്ഞാനസ്നാനപ്പെടുത്തി. തിരിച്ച് ഗോവയിലേക്കുള്ള യാത്രാമദ്ധ്യേ കപ്പൽ കൊടുങ്കാറ്റിൽപെട്ടു. യാത്രക്കാർ മുങ്ങിമരിക്കുമെന്നായി. ഫ്രാൻസിസ് കപ്പലിന്റെ മുകൾ തട്ടിൽ ചെന്ന് പ്രാർത്ഥിച്ചു. അവർ അത്ഭുതകരമായി രക്ഷപ്പെട്ടു. ഒരു യുവതി മരണപ്പെട്ടു. അവളുടെ പിതാവ് ഫ്രാൻസിസിന്റെ അടുക്കൽ വന്ന് അവൾക്ക് ജീവൻ നൽകണമെന്ന് അപേക്ഷിച്ചു. ഫ്രാൻസിസും കഫർണാണ്ടസും ഒരു മിച്ചു പ്രാർത്ഥിച്ചു. ആ പിതാവിനോടെ തിരികെ വീട്ടിൽ പൊയ്ക്കൊള്ളുവാൻ പറഞ്ഞു .അയാൾ വിചാരിച്ചത് ഫ്രാൻസിസ് തന്റെ ഒപ്പം ഭവനത്തിൽ വരുമെന്നാണ്. അയാൾ തിരികെ വീട്ടിൽ എത്തിയപ്പോൾ തന്നെ കണ്ട് ഓടി വരുന്ന മകളെയാണ് കണ്ടത്. തിരികെ വന്ന് അവർ ഫ്രാൻസിസിനെ നന്ദി പറഞ്ഞു. വിവിധ മിഷൻ പ്രദേശത്തെക്ക് പ്രേക്ഷിതരെ നിയോഗിച്ചതിനു ശേഷം ഫ്രാൻസിസിന്റെ ചിന്ത ചൈനയിലേക്ക് തിരിഞ്ഞു. പനി ബാധിച്ചതു കാരണം ചൈനയിലേക്ക് പോകാൻ അദ്ദേഹത്തിന് സാധിച്ചില്ല. ചൈനയെ ദൂരെ നിന്നു നോക്കികാണാൻ മാത്രമേ ഫ്രാൻസിസിന് കഴിഞ്ഞുള്ളൂ. 1552 നവംബർ 20-ാം തീയതി ഞായറാഴ്ച ഫ്രാൻസിസിന് കഠിനമായ പനി ബാധിച്ചു. ഭക്ഷണം കഴിക്കാതെയായി. സംസാരശേഷി നഷ്ടപ്പെട്ടു. 1552 ഡിസംബർ 1-ാം തീയതി വെള്ളിയാഴ്ച ഫ്രാൻസിസ് ലോകത്തോട് വിട പറഞ്ഞു.



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

## ഡിസംബർ 7
## യോഹന്നാൻ മാംദാനയുടെ ജനനം
## ലൂക്കോസ് 1:57 – 66

അബ്രഹാമിനും ഹന്നയ്ക്കും ലഭിച്ച വാഗ്ദാനത്തിനു സമാനമായിരുന്നു സഖറിയായ്ക്കു ലഭിച്ച വാഗ്ദാനം. യോഹന്നാന്റെ ജനനം ആ വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു. യോഹന്നാൻ എന്നാൽ ദൈവം കരുണയുള്ളവൻ എന്നോ ദൈവം കരുണ ചെയ്തു എന്നോ അർത്ഥമാക്കാം.

യോഹന്നാന്റെ ജനനം കരുണയുള്ള ദൈവത്തിന്റെ – ദൈവകരുണയുടെ – വെളിപ്പെടുത്തലായിരുന്നു. ഓരോ ശിശുവിന്റെയും ജനനം ദൈവകരുണയുടെ പ്രതിഫലനമല്ലേ? മനുഷ്യന് ജന്മം നൽകുന്നത് ദൈവം തന്നെയാണെന്ന തിരിച്ചറിവ് എത്ര ഉദാത്തമാണ്. ഓരോ ശിശുവിന്റെയും മുഖത്തു നോക്കി ദൈവസ്തുതി പാടുവാനും ആത്മാവിൽ സന്തോഷിക്കുവാനും കഴിയണം. അതിനു കഴിയാതെ പോകുന്നതാണ് സമകാലീന ദുരന്തങ്ങളിൽ ഒന്ന്. “നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവന്റെ ജനനത്തിൽ ആഹ്ലാദിക്കുകയും ചെയ്യും.” രക്ഷാകര സംഭവത്തിൽ സഹകാരിയാകുവാൻ തന്റെ കുഞ്ഞ് – താനും – വിളിക്കപ്പെട്ടു എന്നതിലാണ് സഖറിയായുടെ സന്തോഷം. ഓരോ ജന്മത്തിനും ഒരു ദൗത്യമുണ്ട്. ജീവിതദൗത്യം തിരിച്ചറിയുന്നതത്രേ ജീവിത വിജയവും. ദൈവാത്മാവിൽ ജീവിക്കുമ്പോൾ മാത്രമേ ഈ തിരിച്ചറിവ് ലഭിക്കൂ. നമ്മുടെ മക്കളെ ദൈവവഴികളിൽ യാത്രചെയ്യുവാൻ നാം അഭ്യസിപ്പിക്കണം. ക്രൈസ്തവ ജീവിതത്തിന്റെ കാതൽ മറ്റെന്താണ്? അതിനുവേണ്ടിയുള്ള ഒരു ശ്രമവും പാഴാകയില്ല. ദൈവം മക്കളെ തരുന്നത്, ഇന്നും തുടരുന്ന രക്ഷാകര പദ്ധതിയിൽ പങ്കുകാരാകുവാൻ വേണ്ടിയാണെന്ന് ഓർക്കേണ്ടതുണ്ട്.

പരിഛേദനം അഥവാ ഛേദനാചാരം അബ്രഹാമിലാണ് എത്തി നിൽക്കുക. കേവല മതാചാരമായി അധഃപതിക്കേണ്ടതല്ല അത്. സ്വശരീരത്തിൽ ദൈവമുദ്ര കുത്തുന്ന രീതിയാണത്. അമ്മ ബന്ധത്തെ അനുസ്മരിപ്പിക്കുന്ന പൊക്കിൾക്കൊടി പോലെയാണത്. താൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവനാണ് എന്നും, വിളിക്കപ്പെട്ട സമൂഹത്തിലെ അംഗമാണ് താൻ എന്നുമുള്ള തിരിച്ചറിവാണത്. രക്ഷാകര പദ്ധതിയിൽ വിശുദ്ധ മാമോദീസായുടെ സ്ഥാനവും ഇതുതന്നെയല്ലേ? ഛേദനാചാരത്തിന്റെ പുതിയ നിയമപതിപ്പാണ് മാമോദീസാ എന്നു കരുതുന്നത് തെറ്റല്ല. ഛേദനാചാരത്തിനുപകരം വിശുദ്ധ മാമോദീസായ്ക്ക് സഭയിൽ സ്ഥാനം ലഭിച്ചു. ജറുസലേം സുന്നഹദോസിൽ എടുത്ത തീരുമാനമാണത് (അപ്പ.15).

ശിശുവിന്റെ പേരിടീലിന്റെ പൊരുൾ ദൈവികവെളിപാടിൽ ആണുള്ളത്. “നീ അവന് യോഹന്നാൻ എന്നു പേരിടണം” (ലൂക്കാ 1:13). ഈ വിവരം ശിശുവിന്റെ മാതാപിതാക്കൾ മാത്രം പങ്കുവെച്ച ഒരു രഹസ്യമായിരുന്നു. പേരിടാനുള്ള അവകാശം പിതാവിന് അവകാശപ്പെട്ടതാകയാൽ – സംവരണം ചെയ്യപ്പെട്ടതാകയാൽ – ഉരിയാടാപ്പിതാവിന് അത് എഴുതിക്കൊടുക്കേണ്ടി വന്നു. അവൻ എഴുതിയത് ഒന്നുമാത്രം; എല്ലാം ദൈവത്തിന്റെ കാരുണ്യം അഥവാ യോഹന്നാൻ. വീണ്ടും അത്ഭുതം. ഒരു വർഷക്കാലം ധ്യാനമൗനത്തിൽ വ്യാപരിച്ച സഖറിയ വായ്തുറന്ന് ദൈവകാരുണ്യത്തിന് സ്തുതിപാടി. മാമോദീസായിൽ ക്രിസ്തീയ നാമം നൽകുന്ന പാരമ്പര്യമാണ് നമ്മുടേത്. കാലം മാറുമ്പോൾ ആ വിശുദ്ധ പാരമ്പര്യത്തിനും ഭംഗവും ഭ്രംശവും സംഭവിക്കുന്നോ എന്നു



സംശയിക്കേണ്ടി വരുന്നു. സഭ ശ്രദ്ധിക്കേണ്ടതില്ലേന്നോ? എന്തുമാകാം എന്നു കരുതുന്നത് അയഞ്ഞ മനഃസ്ഥിതിയാണ്. അർത്ഥപൂർണ്ണമായ പാരമ്പര്യങ്ങൾ അഭംഗം പാലക്കപ്പെടുകതന്നെ വേണം.

ഉടനീളം ദൈവത്തിന്റെ വ്യക്തമായ വഴിനടത്തൽ നാം കാണുന്നു. ദൈവമക്കളുടെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ജീവിത പ്രമാണത്തിലുടനീളവും ഇത് തിരിച്ചറിഞ്ഞ് ജീവിതയാത്ര തുടരുവാൻ നമുക്ക് കഴിയണം. ദൈവഹിതം നിറവേറ്റപ്പെടുമ്പോഴാണ് ദൈവം പ്രസാദിക്കുക. അപ്പോൾ മാത്രമാണ് ജീവിതത്തിൽ സന്തോഷവും ആനന്ദവും കൈവരൂ. മാതാപിതാക്കൾക്കു മാത്രമല്ല അനേകർക്കും അവനവൻ തന്നെയും അങ്ങനെ ആയിരിക്കും (ലൂക്കോ 1:14). ജീവിതത്തിന്റെ ചലകശക്തി ദൈവമായിത്തീരുമ്പോൾ കൈവരുന്ന അനുഗ്രഹമാണത്.

നാവിന്റെ കെട്ടഴിഞ്ഞ ക്ഷണം മുതൽ ജീവിതാന്ത്യം വരെ ദൈവസ്തുതികളിൽ വ്യാപരിക്കുന്ന സഖറിയായെയാണ് നാം കാണുക (1:67-79). അവൻ സങ്കീർത്തകനോടൊപ്പം സ്തുതിയുള്ള അധരങ്ങൾക്കൊണ്ട് ദൈവത്തെ സ്തുതിച്ചു. വാർദ്ധക്യമെന്നത് സ്വാഭാവികമായ മൗനത്തിലും മനനത്തിലും ദൈവസ്തുതികളിലും വ്യാപരിച്ച് അന്തിമ കണ്ടുമുട്ടലിനുള്ള ഒരുക്കകാലമാകണം. വാഴ്ത്തുകളിൽ വീഴ്ചവരുത്താതെ അവിരാമം സ്തുതികളിൽ അഭിരമിക്കുമ്പോൾ ഭാഗ്യമരണം സ്വാഭാവിക പരിണതിയായി മാറും.

ദൈവപദ്ധതിക്ക് സാക്ഷ്യംവഹിച്ച പൊതുസമൂഹത്തിന് ദൈവഭയമുണ്ടായി. ദൈവികപദ്ധതി തിരിച്ചറിയുമ്പോൾ ദൈവമക്കൾക്കുണ്ടാകേണ്ട ദൈവസാന്നിദ്ധ്യ സ്മരണയാണത്. ദൈവം വലിയവൻ (അള്ളാഹു അക്ബർ) എന്ന തിരിച്ചറിവത്രേ അത്. നമുക്ക് ചുറ്റുമുള്ളത് ദൈവഭയം മുഖമുദ്രയായി മാറാൻ മടിക്കുന്ന സമകാലീന സമൂഹമാണ്. നമ്മിലുള്ള ദൈവിക ഇടപെടലുകളെ തിരിച്ചറിയാനായാൽ ദൈവസ്തുതിയിലും ദൈവഭയത്തിലും വ്യാപരിക്കുവാനാകൂ. ദൈവഭയമില്ലെങ്കിൽ ദൈവസ്തുതി അന്യായമാകും. ഭയം മനുഷ്യരെ ഗ്രസിക്കുന്ന കാലമാണിത്. മൗനിയായ സഖറിയായെപ്പോലെയാണോ നാം? മൂകജന്തുക്കൾക്കു പകരമായിപ്പോലും ദൈവത്തെ സ്തുതിക്കേണ്ടവരാണ് നാം എന്ന് വിശുദ്ധരായ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

"കർത്തൃകരം അവനോടുകൂടി ഉണ്ടായിരുന്നു" (ലൂക്കാ 1:66). ഇസ്രായേലിനെ വിമോചിപ്പിക്കുന്ന കർത്താവിന്റെ ശക്തമായ കരങ്ങളെപ്പറ്റി മോശ ഇസ്രായേൽ സമൂഹത്തെ അനുസ്മരിപ്പിക്കുന്നു (പുറ. 13:3). ശത്രുവിനെ ചിതറിച്ച കർത്തൃകരങ്ങളെപ്പറ്റി മോശ കീർത്തനമാലപിക്കുന്നു (പുറ. 15:6). സങ്കീർത്തകന്റെ പ്രാർത്ഥനയാകട്ടെ "അങ്ങയുടെ കരം അങ്ങയുടെ വലത്തുവശത്ത് നിർത്തിയിരിക്കുന്ന - അങ്ങയേക്ക് ശുശ്രൂഷ ചെയ്യുന്ന മനുഷ്യന്റെ മേൽ ഉണ്ടായിരിക്കട്ടെ (സങ്കീ. 80:11). ആത്മാവിന്റെ ശക്തിയാൽ ജീവിക്കുവാൻ തുടങ്ങുമ്പോൾ കർത്തൃകരബലം അനുഭവപ്പെടും. കർത്തൃകരമെന്നത് ദൈവിക ഇടപെടലിന്റെ, സംരക്ഷണത്തിന്റെ, ആശീർവാദത്തിന്റെ പ്രതീകമാണ്. നെഹെമിയായുടെ സമാനമായ വാക്യം കാണുക: "എന്റെ ദൈവത്തിന്റെ കരം എനിക്ക് സഹായത്തിനുണ്ടായിരുന്നു." (നെഹ. 2:8, 18). ദൈവവഴികൾ തിരിച്ചറിഞ്ഞും ദൈവഭയം ഉൾക്കൊണ്ടും ദൈവസ്തുതികളിൽ വ്യാപരിക്കുവാൻ നമുക്ക് കഴിയട്ടെ.

**ഫാ. ഏബ്രഹാം നടുവിലേടം**

## 2014 ഡിസംബർ 14
## മാർ യൗസേപ്പിതാവിനുണ്ടായ ദർശനം
## മത്തായി 1:18 – 25

അത്യന്തം നീതിമാനും മറ്റുള്ളവരെ മാനിക്കുന്നവനും ജീവിതത്തിന്റെ നിർണ്ണായക ഘട്ടങ്ങളിൽ സൂക്ഷ്മമായി ആലോചന നടത്തുന്നവനുമായാണ് സുവിശേഷകൻ വി. യൗസേപ്പിതാവിനെ അവതരിപ്പിക്കുന്നത്. തന്റെ ജീവിതത്തിലെ മർമ്മപ്രധാനമായ സന്ദർഭമായ വിവാഹജീവിതത്തിനുവേണ്ടി ഒരുങ്ങുകയും പദ്ധതികൾ തയ്യാറാക്കുകയും ചെയ്തുകൊണ്ടിരുന്ന യൗസേപ്പിതാവിന്റെ അടുക്കലേക്ക് വ്യത്യസ്തമായ പദ്ധതിയുമായി ദൈവദൂതൻ പറന്നിറങ്ങുകയാണ്.

മനുഷ്യകുലത്തിനുവേണ്ടി യുഗങ്ങൾക്കു മുമ്പ് യഹോവ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ദൈവം സ്വപ്നത്തിലൂടെ യൗസേപ്പിനെ അറിയിക്കുകയാണ്. സ്വന്തം ഭാവിയെക്കുറിച്ച് നിറമുള്ള സ്വപ്നങ്ങൾ നെയ്തു തുടങ്ങിയവനെയാണ് ദൈവം തന്റെ സ്വപ്നം ഏല്പിക്കുന്നത്. യവനികയ്ക്കു പിന്നിൽ ചെറിയ സ്വപ്നം തകർത്ത്, ദൈവത്തിന്റെ വലിയ സ്വപ്നം വ്യക്തമായി.

ഇവിടെ നാം കാണുന്ന വി. യൗസേപ്പ് മാനസികമായ അടിമത്വത്തിൽപ്പെട്ടുഴലുന്നവനാണ്. സംശയത്തിൽ മനസ് മൂടപ്പെട്ടവൻ. ഒരു കുടുംബത്തെ മുഴുവൻ തകർത്തെറിയാൻ പോന്ന പ്രതിസന്ധി നേരിടുന്ന വിശുദ്ധ യൗസേപ്പ് തന്റെ ഭാവി വധു താനറിയാതെ ഗർഭവതിയായതറിഞ്ഞ ഒരു പാവം മനുഷ്യൻ. ഇവിടെയാണ് യൗസേപ്പിന് ആദ്യത്തെ സ്വപ്നദർശനമുണ്ടാവുക. "ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കുവാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്" (മത്താ. 1:20) മറിയത്തിന്റെ ചാരിത്ര്യത്തെ സംശയിച്ചിരുന്ന ഭർത്താവിന്റെ മാനസിക അടിമത്വം നീക്കാൻ ഇവിടെ കടന്നുവരുന്നത് ദൈവത്തിന്റെ സ്വരമാണ് - ദൈവവചനമാണ്.

വചനം ഒരിക്കലും വെറുമൊരു ശബ്ദമല്ല. മാനുഷിക ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നൽകാനുതകുന്ന ഒരു ശക്തിയാണ്. ആകാ



ശവും ഭൂമിയും കടന്നുപോയാലും മാറ്റമില്ലാത്തതായി നിലനിൽക്കുന്ന, ഇരുതല വാളിനേക്കാൾ മൂർച്ചയുള്ള ശക്തി.

പ്രതിസന്ധി ഘട്ടങ്ങളിൽ ദൈവം തരുന്ന പരിഹാരം ദൈവത്തിന്റെ പദ്ധതിയാണ്. ഇതിനെ ലംഘിക്കാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല. ഈജിപ്തിലെ ഫറവോമാർ ഇസ്രയേല്യരെ വധിക്കാൻ തീരുമാനിച്ചു. പട്ടാളക്കാർ ചെങ്കടലിൽ മുങ്ങിത്താണപ്പോൾ കൊല്ലപ്പെടേണ്ടവർ തീരുമാനം നടപ്പാക്കേണ്ട ദൈവിക പദ്ധതിപ്രകാരം ചെങ്കടലിനു നടുവിലൂടെ നടന്ന് മറുകരപറ്റി. പഴയ നിയമത്തിലെ ജോസഫിനെ കൊല്ലാനായി പൊട്ടക്കിണറ്റിൽ തള്ളിയിട്ട സഹോദരന്മാരുടെ പദ്ധതിയല്ല ജോസഫിനെ രാജതുല്യനാക്കി സഹോദരന്മാർ മുമ്പിൽവന്നുനിന്ന് പ്രണമിക്കാൻ ഇടവരുത്തിയ സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ പദ്ധതിയാണ് നടപ്പിലായത്.

ഇന്നും ദൈവം മനുഷ്യകുലത്തോടൊപ്പം സലഞ്ചരിക്കുന്നുണ്ട്. വചനത്തിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പക്ഷേ ഇത് നാം ശ്രദ്ധിക്കുന്നുണ്ടോ? ശ്രദ്ധിക്കുന്നവർക്ക് വി. യൗസേപ്പിതാവിനെപ്പോലെ പെരുമാറാതിരിക്കാനില്ല.

പ്രതിസന്ധി ഘട്ടത്തിൽ ദൈവപദ്ധതി ശ്രവിച്ച വി. യൗസേപ്പിന്റെ പ്രതികരണം മൂന്നിടത്തും ഏതാണ്ട് സമാനമാണ്. "ജോസഫ് നിദ്രയിൽ നിന്നുണർന്ന്, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു; അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു." (മത്തായി 1:24). ''അവൻ ഉണർന്ന് ശിശുവിനെയും അമ്മയെയും കൂട്ടി ആ രാത്രിതന്നെ ഈജിപ്തിലേക്കു പോയി."(മത്താ2:14). "അവൻ എഴുന്നേറ്റ് ശിശുവിനെയും കൂട്ടി ഇസ്രയേൽ ഭാഗത്തേക്കു പുറപ്പെട്ടു. (മത്താ 2:20)

ദൈവവചനം അവതരിപ്പിക്കുന്ന കുടുംബനാഥന്റെ യഥാർത്ഥ ഭാവം ഇതാണ്. ഒരു കുടുംബനാഥൻ എന്നാൽ ഉണർന്നു പ്രവർത്തിക്കുന്നവൻ എന്നാണർത്ഥം. സ്വന്തം ഭാര്യയുടെ അഭിമാനം സംരക്ഷിക്കുന്നതിനായി ഉണർന്നു പ്രവർത്തിക്കുന്നവൻ. നമ്മുടെ ജീവൻ സംരക്ഷിച്ച കുടുംബത്തെ സ്വർഗതുല്യമാക്കുന്നതിനായി ഉണർന്നു പ്രവർത്തിക്കുന്നവൻ...

പറക്കമുറ്റാത്ത കുഞ്ഞുമക്കളെ കൊത്തിപ്പറിക്കാൻ വെമ്പൽകൊള്ളുന്ന കഴുകന്മാർ വർദ്ധിച്ചുവരുന്ന ഈ ലോകത്തിൽ പിതാക്കന്മാർ വി. യൗസേപ്പിന്റെ ജീവിതത്തെ മുറുകെ പിടിക്കേണ്ടത് അത്യാവശ്യമാണ്. ഗ്രാമതുല്യമായ നമ്മുടെ കൊച്ചുകേരളത്തിന്റെ പള്ളിക്കൂട മുറ്റങ്ങളിൽ പോലും ഇന്ന് തമ്പാക്കും പാൻപരാഗും ഒക്കെ സുലഭം. മനുഷ്യരെ അടിമയാക്കുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മാസ്മരികത ഇന്ന് സാധാരണക്കാർക്ക് അജ്ഞാതമാകുമ്പോൾ ഏതു പിതാവിനാണുറങ്ങാനാവുക.

നമുക്കും നിദ്രയിൽ നിന്നുണർന്ന് കർത്താവിന്റെ ദൂതൻ കല്പിക്കുന്നതുപോലെ പ്രവർത്തിക്കാം. അങ്ങനെ ദൈവഹിതത്തോടുള്ള തുറവിയും വിധേയത്വവും കൊണ്ട് പൊന്നുതമ്പുരാൻ നമുക്കായി തയ്യാറാക്കിയിരിക്കുന്ന മാസ്റ്റർ പ്ലാൻ അന്വർത്ഥമാക്കാം. നീതിമാനായ യൗസേപ്പിന്റെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

**ഫാ. സൈജു കുര്യൻ ഒ ഐ സി**

## 2014 ഡിസംബർ 21 ഞായർ
## ലൂക്കോ 2:1 – 5

ദൈവം മനുഷ്യനായി പിറന്ന് മനുഷ്യന് സ്വർഗ്ഗം നൽകിയ അനുഗൃഹീത തിരുനാളിന്റെ ആഘോഷത്തിലാണ് നാം.

അവനിൽ വിശ്വസിക്കുന്ന ഏവനും നശിപ്പുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്ക വിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച (വി. യോഹ. 3:16) പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ സവിശേഷ പ്രകാശനമാണ് ക്രിസ്മസ്. തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ഒരുവൻപോലും നശിച്ചുപോകുവാൻ സ്വർഗസ്ഥനായ പിതാവ് ആഗ്രഹിക്കുന്നില്ല. ഏദൻതോട്ടത്തിൽ സർവ്വസൗഭാഗ്യങ്ങളോടെ ഈ പ്രപഞ്ചത്തിന്റെ മുഴുവൻ മകുടമായി മനുഷ്യനെ അവിടുന്ന് നിയമിച്ചുവെങ്കിലും ദൈവത്തിന്റെ സ്നേഹത്തെ ധിക്കരിച്ച മനുഷ്യനെ വീണ്ടെടുക്കുവാൻ അവിടുത്തേക്ക് ഒറ്റവഴിയേ ഉണ്ടായിരുന്നുള്ളൂ. തന്റെ ഏകജാതനായ പുത്രനെ മനുഷ്യവംശത്തിന്റെ രക്ഷയിലേക്കുള്ള വീണ്ടെടുപ്പിനായി ലോകത്തിനു നൽകുക. ഈ സ്നേഹപദ്ധതിയുടെ പൂർത്തീകരണമാണ് ക്രിസ്മസ്.

ക്രിസ്മസ് പ്രകാശത്തിന്റെ തിരുനാളാണ്. ലോകത്തിലേക്ക് വരുന്ന സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമാണ് യേശു. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു (യോഹ.8:12). പാപാന്ധകാരത്തിൽ കഴിഞ്ഞിരുന്ന ലോകജനതയ്ക്ക് ജീവന്റെ പ്രകാശമേകിയ നീതിസൂര്യൻ.



ഇരുളിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു (മത്താ. 4:15-16). ഈ ദിവ്യസൂര്യന്റെ പ്രകാശത്തിൽ സദാ വ്യാപരിക്കുവാനും ആ പ്രകാശം മറ്റുള്ള വർക്കായി പങ്കുവെയ്ക്കുവാനും സ്വയം പ്രകാശ മായി മാറുവാനുമുള്ള ആഹ്വാനമാണ് ക്രിസ്മസ് നമുക്ക് നൽകുന്നത്.

വി. ലൂക്കോസ് 2:1-5 വാക്യങ്ങളാണ് വിചിന്തന ത്തിനായി നൽകപ്പെട്ടിരിക്കുന്നത്. 'ജോസഫ് ദാവീ ദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവനായി രുന്നതിനാൽ പേരെഴുതിക്കുവാനായി ഗലീലിയിലെ പട്ടണമായ നസറത്തിൽ നിന്നു യൂദയായിൽ ദാവീ ദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്ക് ഗർഭിണി യായ ഭാര്യ മറിയത്തോടുകൂടെ പോയി.'

പിതാവായ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഭാഗഭാക്കാകുവാൻ പ്രത്യേകമായി തെരഞ്ഞെടു ക്കപ്പെട്ട നഗരമാണ് ബേത്‌ലഹേം. വി. ലൂക്കായുടെ സുവിശേഷത്തിൽ യേശു ജനിച്ച 'ദാവീദിന്റെ പട്ടണം' യൂദയായിലെ ബേത്‌ലഹേമാണ്. യേശു ശുശ്രൂഷ പൂർത്തിയാക്കിയ ജറുസലേമും 'ദാവീദിന്റെ പട്ടണ'മാണ്. പരസ്യജീവിതകാലത്ത് യേശു ഗലീലിയിൽനിന്നു ദാവീദിന്റെ പട്ടണത്തിലാണ്. യാത്ര ചെയ്യാനിരുന്നതിന്റെ മുൻസൂചനയാണ് ബേത്‌ലഹേമിലേക്കുള്ള ഈ യാത്ര.

പിതാവായ ദൈവം സാമുവലിനെ ജെസെയുടെ മകനായ ദാവീദിനെ അഭിഷേകം ചെയ്യാൻ ബേത്‌ല ഹേമിലേക്കാണ് പറഞ്ഞയയ്ക്കുന്നത്. മിക്കാ പ്രവാ ചകൻ ബേത്‌ലഹേമിന്റെ തെരഞ്ഞെടുപ്പിനെ സ്ഥിരീ കരിക്കുന്നുമുണ്ട്. 'ബേത്‌ലഹേം - എഫ്രാത്ത, യൂദാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേ ലിനെ ഭരിക്കേണ്ടവൻ നിന്നിൽ നിന്ന് എനിക്കായി പുറപ്പെടും. അവൻ പണ്ടേ യുഗങ്ങൾക്കു മുമ്പേ ഉള്ള വനാണ്. (മിക്കാ 5:2)

കാനന്യ പട്ടണമായ ഷാലേം കീഴടക്കിയപ്പോൾ ദാവീദ് അവിടെ രാജാവും പുരോഹിതനുമായി ശുശ്രൂ ഷചെയ്തു. അങ്ങനെ മെൽക്കിസദേക്കിന്റെ പുരോ ഹിത ശുശ്രൂഷ ദാവീദിന്റേതായി. അവിടെ ദാവീദിന്റെ പിൻഗാമി സോളമൻ ദേവാലയം പണിയുകയും ജന ങ്ങൾക്കുവേണ്ടി ദൈവത്തോട് മാദ്ധ്യസ്ഥം അപേ ക്ഷിക്കുകയും ചെയ്തു.

ദാവീദിന്റെ പുത്രനായ യേശു തന്റെ പുരോഹിത ശുശ്രൂഷകൾ പൂർത്തിയാക്കാൻ ജറുസലേമിലേക്ക് യാത്ര ചെയ്യുകയും അവിടെ ദേവാലയം പുതുക്കു കയും നീതിയുടെ രാജാവായി ആത്മബലി പൂർത്തി യാക്കുകയും ചെയ്തു.

ലോകചരിത്രത്തിന്റെ സംഭവങ്ങളിലൂടെ ദൈവ പദ്ധതി നിശബ്ദമായി പൂർത്തീകരിക്കപ്പെടുന്നതായി കാണുവാൻ കഴിയുന്നു.

തെരഞ്ഞെടുക്കപ്പെട്ട നഗരമായിരുന്നു ബേത്‌ലഹേം എങ്കിലും പിറന്നുവീണ ദൈവപു ത്രനെ ഒരുനോക്കു കാണുവാനോ അവന്റെ ജനന ത്തിൽ ആഹ്ലാദിക്കുവാനോ ബേത്‌ലഹേം നിവാസി കൾക്കു കഴിഞ്ഞില്ല. തിരുക്കുടുംബം ഈജിപ്തി ലേക്ക് പലായനം ചെയ്ത രാത്രിയിൽ ബേത്‌ലഹേം പട്ടണത്തിൽ ഹെറോദാസ് രാജാവിന്റെ പടയാളി കൾ രണ്ടു വയസ്സിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങ ളെയും വധിച്ചു കളഞ്ഞു. സമാധാന രാജാവിന്റെ ജനനം ബേത്‌ലഹേമിനു സമ്മാനിച്ചത് അസമാധാ നമാണ്.

കാലാന്തരങ്ങളായി ദൈവിക പദ്ധതി പ്രകാരം ഒരുക്കപ്പെട്ട ബേത്‌ലഹേം സഹനത്തീയിൽ ഉരുകു കയാണ്. തെരഞ്ഞെടുക്കപ്പെട്ടവരുടെ ജീവിതത്തിൽ നിന്ന് സഹനങ്ങൾ ഒഴിവാക്കപ്പെടുന്നില്ല എന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

'മറിയം തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു, പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി.'

പുൽത്തൊഴുത്ത് ഏറ്റവും താഴ്ന്ന സ്ഥലമാണ്. നാൽക്കാലികളുടെ വാസസ്ഥലം. ഈ പ്രപഞ്ച ത്തിന്റെ സൃഷ്ടികർത്താവിന് ജനിക്കുവാൻ ഈ പുൽക്കൂട് ആവശ്യമായിരുന്നു. 'അവൻ സമ്പന്നനാ യിരുന്നിട്ടും തന്റെ ദാരിദ്ര്യത്താൽ നമ്മെ സമ്പന്ന രാക്കുവാൻ വേണ്ടി അവൻ നമുക്കുവേണ്ടി ദരിദ്ര നായി (2 കൊരി.8:9). ഇവിടെ ദൈവം പരിമിതികളി ലേക്ക് ചുരുങ്ങുകയാണ്. മനുഷ്യനായി ജനിക്കു വാനും ജീവിക്കുവാനും വളരെ കുറച്ചു കാര്യങ്ങൾ മാത്രം മതിയെന്ന് യേശുവിന്റെ ജനനം നമ്മെ ഓർമ്മിപ്പിക്കുകയാണ്. കാണുന്നതെല്ലാം കൈയി ലൊതുക്കണമെന്നാഗ്രഹിക്കുന്ന ഇന്നത്തെ ലോക ത്തിന്റെ സ്വഭാവത്തിൽനിന്നു വ്യത്യസ്തമായി ചിന്തിക്കുവാനും ജീവിക്കുവാനും ക്രിസ്തുശിഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇല്ലായ്മകളിലും കുറവുക ളിലുമാണ് എനിക്കുവേണ്ടി സ്വയം ഇല്ലാതാക്കിയ അവിടുത്തെ മുഖം ജീവിതാനുഭവങ്ങളിൽ ദർശിക്കു വാൻ എനിക്ക് സാധിക്കുന്നത്.

'സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല'. യേശു വിന്റെ ജനനം എന്തുകൊണ്ട് പുൽത്തൊഴുത്തി ലായി എന്നതിന് സുവിശേഷം നൽകുന്ന ഉത്തരം സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല എന്നതാ ണ്. യൗസേപ്പിന്റെയും മേരിയുടെയും മുമ്പിൽ അഭ യകേന്ദ്രമായി തീരേണ്ടതായിരുന്നു സത്രങ്ങൾ.

എന്നാൽ അവർക്ക് അഭയം നൽകാത്തതുവഴി സത്രം എന്ന വാക്കിന്റെ തന്നെ അർത്ഥം തന്നെ നഷ്ടപ്പെടുകയാണ്. ഉണ്ണീശോയ്ക്കു ജനിക്കുവാൻ തുറക്കപ്പെട്ട പുൽത്തൊഴുത്ത് സത്രമായി മാറുകയാണ്. സഹജീവികളുടെ ആവശ്യങ്ങളിൽ അഭയകേന്ദ്രങ്ങളായി നാം മാറണം എന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്ന് യേശു എവിടെയാണ് വസിക്കുന്നത്? മനുഷ്യനിർമ്മിതമായ പുൽക്കൂടുകളിൽ യേശു സാന്നിദ്ധ്യം ഉണ്ടാകണമെന്ന് യാതൊരു നിർബന്ധവുമില്ല. ഇന്ന് നാം യേശുവിനെ അന്വേഷിക്കേണ്ടത് മനുഷ്യജീവിതങ്ങളിലും കണ്ടുമുട്ടേണ്ടത്, മനുഷ്യരുടെ ഇടയിലുമാണ്. "മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ, മനസ്സിൽ ദൈവം ജനിക്കുന്നു. മനുഷ്യൻ മനുഷ്യനെ വെറുക്കുമ്പോൾ മനസ്സിൽ ദൈവം മരിക്കുന്നു." മനുഷ്യരിൽ ദൈവത്തെ കാണുവാൻ കഴിഞ്ഞാൽ നാം ചെയ്യുന്നതെല്ലാം ദൈവശുശ്രൂഷകളായി മാറും.

വചനമായ അവിടുന്ന് മാംസമായി. സ്രഷ്ടാവായ അവിടുന്ന് സൃഷ്ടിയായി. ദൈവമായ അവിടുന്ന് ദാസനായി. സർവ്വശക്തനായ അവിടുന്ന് ശുശ്രൂഷകനായി. സർവ്വവല്ലഭനായ അവിടുന്ന് നിസ്സഹായനായ ശിശുവായി. മനുഷ്യവർഗത്തിനു പാപമോചനവും നിത്യജീവനും നൽകുവാൻ മരിക്കാൻ തയ്യാറായാണ് അവിടുന്ന് ജനിച്ചത്. അവിടുത്തെ അനുകരിച്ച് ലളിതജീവിതം നമുക്ക് നയിക്കാം. എളിയവരിലും നിരാലംബരിലും യേശുവിന്റെ ദുഃഖം ദർശിച്ച് അവരെ ശുശ്രൂഷിക്കാം. അങ്ങനെ ക്രിസ്മസ് ആഘോഷം നമുക്ക് അർത്ഥപൂർണമാക്കാം.

**ഫാ. ജോസഫ് കരിപ്പായിൽ**

## 2014 ഡിസംബർ 28
## യൽദായ്ക്കു ശേഷം ആദ്യഞായർ
## ലൂക്കോസ്. 2/39-52

ക്രിസ്തുമസിന് ശേഷം വരുന്ന ഞായറാഴ്ച പ്രത്യേകമായും നമ്മൾ വിചിന്തനം ചെയ്യുന്നത് ബാലനായ യേശുവും ഒത്ത് മാതാപിതാക്കൾ ജറുസലേം ദേവാലയത്തിൽ പെസഹാതിരുനാളിന് പങ്കെടുക്കുവാൻ പോകുന്നതാണ്. വി. ലൂക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത് ജനനവൃത്താന്തങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് അതിന് സമാപനം കുറിക്കുന്നത് യേശുവിന്റെ ആദ്യത്തെ പെസഹാ ആചരണത്തോടുകൂടിയാണ്. ജറുസലേമിന്റെ പ്രാധാന്യം ലൂക്കാ സുവിശേഷകന്റെ ഒരു പ്രത്യേകതയാണ്. യഹൂദരെ സംബന്ധിച്ചിടത്തോളം ഒരുവന്റെ പുരുഷപ്രാപ്തി 12 വയസ്സാണ്. അങ്ങനെയെങ്കിൽ പ്രായപൂർത്തിയായ ,യേശുവിനെയാണ് നാമിവിടെ ദർശിക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ജറുസലേമിൽ ആരംഭിച്ച് ജറുസലേമിൽ അവസാനിക്കുന്ന തരത്തിലാണ് യേശുവിന്റെ ജീവിതത്തെ ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഏശയ്യായുടെ പുസ്തകം രണ്ടാം അദ്ധ്യായം ജറുസലേമിനെ രക്ഷാകേന്ദ്രമായി ഉയർത്തിക്കാട്ടുന്നു. യേശുവും താൻ ജറു



സലേമിൽ ആയിരിക്കേണ്ടവാണ് എന്ന് ഈ സുവിശേഷഭാഗത്ത് പഠിപ്പിക്കുന്നു. അതുപോലെതന്നെ ഉത്ഥാനശേഷം ശക്തി പ്രാപിക്കുന്നത് വരെ നിങ്ങൾ ജറുസലേം വിട്ട് പോകരുതെന്ന് കല്പിക്കുന്ന ഈശോ ജറുസലേമിന്റെ മഹത്വം ഉയർത്തികാണിക്കുന്നു.

സുവിശേഷകൻ വിവരിക്കുന്നത് ശിശുജ്ഞാനം നിറഞ്ഞു ശക്തനായി; ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു. ജ്ഞാനം നിറഞ്ഞ ശിശുവിന് ബോദ്ധ്യമായി താൻ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കണം എന്ന്. നമുക്കും ആകുന്നുണ്ട് പ്രായപൂർത്തി എന്നാൽ പിതാവിന്റെ കാര്യങ്ങളെക്കുറിച്ച് നാം എത്രമാത്രം ശ്രദ്ധാലുക്കളാകുന്നു എന്ന് ചിന്തിക്കാം. ജറുസലേമിൽ തങ്ങിയ യേശു യാത്രാസംഘത്തിന്റെ കൂടെ കാണും എന്ന് വിചാരിച്ച് അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു. ഇന്നത്തെ ക്രൈസ്തവ ജീവിതവും ഇപ്രകാരമാണ് ആള് കൂടുന്നിടത്തെല്ലാം യേശുവുണ്ട് എന്ന് പറഞ്ഞ് ഓടിക്കൂടുന്ന ഒരു പ്രവണത കണ്ട് വരുന്നുണ്ട് എന്നാൽ ദേവാലയത്തിലിരിക്കുന്ന യേശുവിനെ ഒന്ന് കാണുവാൻ പലപ്പോഴും നാം ശ്രമിക്കുന്നില്ല. പിതാവിന്റെ ആലയത്തിലേക്ക് മടങ്ങുവാനാണ് യേശു ആഹ്വാനം ചെയ്യുന്നത്, അവിടെയാണ് യേശുവിനെ കണ്ടെത്തുവാൻ നമുക്ക് സാധിക്കുന്നത്.

മൂന്ന് ദിവസങ്ങൾക്കു ശേഷം അവർ യേശുവിനെ ദേവാലയത്തിൽ കണ്ടെത്തി എന്നാണ് സുവിശേഷകൻ വിവരിക്കുന്നത്. 'മൂന്നാംദിനം' എന്നത് ഉത്ഥാനത്തിന്റെ ഓർമ്മയുണർത്തുന്നു. ക്രിസ്തുവിനെ കാണാതിരുന്ന മൂന്നുനാളുകളുടെ ശൂന്യത മാതാപിതാക്കളെ സംബന്ധിച്ച് മരണത്തോളം ഭീകരമായിരുന്നു. ഇത് മറ്റൊരു സാധ്യത കൂടിയാണ്. ക്രിസ്തു നമ്മിൽ നിന്നും അകന്ന് നിൽക്കുന്നത് മൂന്ന് ദിവസമാണ് അതിൽ കൂടുതൽ നമ്മെ കൈവിടുവാൻ അവന് ആവില്ല. യേശുവിനെ കണ്ടെത്തുമ്പോൾ ഉണ്ടാകുന്ന സന്തോഷം ഉത്ഥാനത്തോളം ഹൃദയവർജ്ജകവുമാണ്. ഉത്ഥിതനെ കണ്ടു സന്തുഷ്ടയായ മഗ്ദലന മറിയത്തോട് താനും തന്റെ പിതാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഈശോ ഓർമ്മിപ്പിക്കുന്നതിന് സമാനാമായ (യോഹ 20/17). ഇവിടെ തന്റെ അമ്മയോട് തന്റെ സ്വർഗ്ഗീയ പിതാവിനെക്കുറിച്ച്

ഈശോ ഓർമ്മിപ്പിക്കുന്നു(2/50). ഈശോയെ സ്വന്തമാക്കാനാഗ്രഹിക്കുന്നവരെല്ലാം ഈശോയും പിതാവും തമ്മിലുള്ള ആത്മബന്ധം അറിയണം എന്ന് ഈശോ ആഗ്രഹിക്കുന്നു.

യേശുവിനെ മാതാപിതാക്കൾ കണ്ടെത്തുന്നത് ദേവാലയത്തിലാണ്. ദേവാലയത്തിൽ വെറുതെ ഇരിക്കുകയല്ല മറിച്ച് ഉപാദ്ധ്യായന്മാരോട് ചോദ്യം ചോദിക്കുകയും സംവദിക്കുകയും ചെയ്യുകയായിരുന്നു. പന്ത്രണ്ട് വയസ്സുകാരൻ ചെയ്യുന്ന കാര്യമാണ് ഇത്. വേദപണ്ഡിതന്മാരോട് സംവാദം നടത്തുന്നു. ഇന്ന് പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയോട് വിശ്വാസകാര്യങ്ങൾ ചോദിച്ചാൽ അവന് അറിയില്ല എന്തിന് ധൂപക്കുറ്റിയിൽ എത്ര മണിയുണ്ടെന്ന് ചോദിച്ചാൽ അറിയില്ല. ഇവിടെയാണ് യേശുവും നാമും തമ്മിലുള്ള വൈരുദ്ധ്യം നാം ദർശിക്കുന്നത്. ദൈവീക ജ്ഞാനത്തിൽ വളരുന്നുണ്ട് എന്നാൽ ആ വളർച്ച ഏത് തരത്തിലുള്ളതാണെന്ന നാം ചിന്തിക്കണം. ക്യാൻസർ ബാധിച്ച വളർച്ചയാണ് പലപ്പോഴും നമ്മുടേത്. ക്യാൻസറും വളർച്ചയാണ് ചിലഭാഗങ്ങളിലും കോശങ്ങളിലും മാത്രം സംഭവിക്കുന്ന അനിയന്ത്രിതമായ വളർച്ചയാണിത്. IT യിലും BT യിലും പാണ്ഡിത്യം നേടിയിട്ടും നമ്മുടെ തലമുറയ്ക്ക് ധാർമ്മികതയിൽ അപചയം നേരിടുന്നെങ്കിൽ നാം നേടിയ വളർച്ച സമഗ്രമല്ല എന്നാണർത്ഥം. അറിവിലും സമ്പത്തിലും പ്രായത്തിലും വളരുകയും ദൈവത്തെ മറക്കുകയും ചെയ്യുന്ന തലമുറ ക്യാൻസർ ബാധിച്ചതിനു തുല്യമാണ്. ഇപ്രകാരമുള്ള സമഗ്രവളർച്ച മറ്റുള്ളവരെ അത്ഭുതപ്പെടുത്തും എന്ന് നാം വായിക്കുന്നു. ഈ വളർച്ച ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയ്ക്ക് നമ്മെ പാത്രമാക്കും.

യേശുവിനെ ദേവാലയത്തിൽ കണ്ട പരി. അമ്മ അവളുടെ ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നു. അതിന് മറുപടി യേശു പറയുന്നത് വലിയ ഒരു ചിന്തയിലേക്ക് നമ്മെ കൊണ്ട് പോകുന്ന 'ഇഹ'ത്തിലെ മാതാപിതാക്കളുടെ ആകുലതയെക്കുറിച്ച് മാതാവ് സംസാരിക്കുമ്പോൾ 'പര'ത്തിലെ പിതാവിന്റെ കാര്യമാണ് യേശു സംസാരിക്കുന്നത്. ഇവിടുത്തെ സൂചന നാമെല്ലാവരും ആകുലരാകേണ്ടത് പരത്തിലെ ജീവിതത്തെക്കുറിച്ചാണ്. ഏഴ് പത്ത് എഴുപത് ഏറിയാൽ എൺപത് ഇത്രയേയുള്ളൂ ഇഹത്തിലെ ജീവിതം എന്നാൽ പരത്തിലെ ജീവിതം നിത്യമാണ്. ഇഹത്തിലേ ജീവിതം കൊണ്ട് പരത്തിലെ ജീവിതത്തിനു വേണ്ടി നിക്ഷേപങ്ങൾ ചേർത്ത് വയ്ക്കുവാൻ നമുക്ക് സാധിക്കണം. എന്നാൽ പരത്തിലെ ജീവിതത്തെ മറന്ന് ഇഹത്തിലെ ജീവിത്തിനു വേണ്ടി എന്തൊക്കെയാമ് നാം ചെയ്തുകൂട്ടുക. രവീന്ദ്രനാഥടാഗോറിന്റെ ഗീതാഞ്ജലിയിൽ ഇപ്രകാരം ഒരു കവിതയുണ്ട്–

"എന്റെ പേരുനുള്ളിൽ ഒളിഞ്ഞിരിക്കുന്ന ഞാൻ
ഈ തടവറയ്ക്കുള്ളിൽ തേങ്ങിക്കരയുന്നു
ചുറ്റിലും ഈ മതിൽ ഞാൻ തിരക്കിട്ടു പണിതുയർത്തുന്നു
അനുദിനം ഈ മതിൽ ആകാശത്തേക്ക് ഉയരുമ്പോൾ
ഇതിന്റെ ഇരുണ്ടനിഴലിൽ എനിക്ക് കാണാൻ
കഴിയാതെ പോകുന്നത് ഞാനാരെന്ന യാഥാർത്ഥ്യമാണ്
ഈ വൻ മതിലിനെ ചൊല്ലി ഞാനഭിമാനം കൊള്ളുന്നു
ഞാനിതിൽമേൽ മണ്ണും മണലും കുഴച്ചു തേയ്ക്കുന്നു
ഈ പേരിനുമേൽ ഒരു സുഷിരംപോലും വീഴരുതല്ലോ
ഇത്തരത്തിൽ എല്ലാ കരുതലുമെടുക്കുമ്പോൾ
എനിക്കു കാണാൻ കഴിയാതെ പോകുന്നത്
ഞാനാരെന്ന യാഥാർത്ഥ്യമാണ്."

ഈ ലോകത്തിന്റെ ഉത്കണ്ഠയിൽ നാം ജീവിക്കുമ്പോൾ നമുക്കു നഷ്ടപ്പെടുന്നതും ഇതു തന്നെയാണ്. ഞാനെന്ന യാഥാർത്ഥ്യം എന്നിൽ വസിക്കുന്ന ഈശ്വരചൈതന്യം ഇവയൊക്കെ ഞാൻ മറന്ന് പോകുന്നു. എന്റെ ജീവിതം വ്യർത്ഥതയിൽ ഞാൻ നയിക്കുന്നു. ഞാനാരെന്ന് തിരിച്ചറിയുക, എന്നിലെ ഈശ്വരനെ തിരിച്ചറിയുക, അപരനിലെ ഈശ്വര സാന്നിദ്ധ്യത്തെ തിരിച്ചറിയുക. ഇതാണ് സമഗ്രമായ വളർച്ച. ഇപ്രകാരം വളർന്ന യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു. പന്ത്രണ്ടാം വയസ്സിൽ ഭവനത്തിന്റെയും സാഹോദര്യത്തിന്റെയും എല്ലാ സംരക്ഷണവും വിട്ട് പിതാവിന്റെ കാര്യത്തിൽ തത്പരനാകുന്ന ക്രിസ്തുവിനെ ഈ ലോകത്തിൽ നമുക്കും ജീവിക്കാം. അങ്ങനെ നമ്മെ കാണുമ്പോൾ ക്രിസ്തുവിനെ കാണുവാൻ ഈ ലോകത്തിന് സാധിക്കട്ടെ.

**ഫാ. ഓസ്റ്റിൻ തെക്കേതിൽ**

## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469–2603968, 9446270259, 9447617877**

**തീയതി:** ജനുവരി 6, 7, 8 – 27, 28, 29

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.




# അൽമായർ വചനാധിഷ്ഠിത ജീവിതം നയിക്കണം ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്

തിരുവല്ല: അൽമായർ ദൈവവചനാധിഷ്ഠിത ജീവിതം നയിക്കണമെന്ന് ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്. മലങ്കര കാത്തലിക് അസോസിയേഷൻ അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച അൽമായരെയും മൽസരപരീക്ഷകളിൽ വിജയിച്ച കുട്ടികളെയും അനുമോദിക്കാൻ ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. ദൈവവചനം ധ്യാനിക്കുവാൻ അൽമായർ സമയം കണ്ടെത്തണം. ദൈവവചനമാണ് നമ്മുടെ അനുദിന ജീവിതത്തിലെ മാർഗ്ഗദീപം. സമൂഹത്തിൽ ക്രൈസ്തവസാക്ഷികളാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. എന്ന് അഭി.പിതാവ് ഓർമ്മിപ്പിച്ചു. എം.സി.എ അതിരൂപതാ പ്രസിഡന്റ് ഷാജി തേലപ്പുറത്ത് അദ്ധ്യക്ഷത വഹിച്ചു.

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശോശാമ്മ തോമസ്, ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഷിബു വർഗിസ്, ഡോക്ടറേറ്റ് നേടിയ എടത്വാ സെന്റ് അലോഷ്യസ് കോളേജ് അദ്ധ്യാപകൻ കെ. സി മത്തായി, മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ ഡോ. വർഗിസ് പി. പീറ്റർ എന്നിവരെ ആർച്ച് ബിഷപ് പൊന്നാട അണിയിച്ചു. കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ ബൈബിൾ കമ്മീഷന്റെ ഡിപ്ലോമ ഇൻ ബിബ്ലിക്കൽ സ്റ്റഡീസിൽ ഉന്നത വിജയം നേടിയ എം. സി. എ വെണ്ണിക്കുളം മേഖല സെക്രട്ടറി ജയ്സ് കോഴിമണ്ണിലിനും



വിവിധ മത്സരപ്പരീക്ഷകളിൽ വിജയികളായവർക്കും യാക്കോബ് മാർ തെയോഫിലോസ് അവാർഡ്, മാർ കൂറിലോസ് സമ്മാനിച്ചു. തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് പയ്യമ്പള്ളിൽ, എം.സി.എ കേന്ദ്രസമിതി ട്രഷറർ ജേക്കബ് മാത്യു, അതിരൂപതാ സെക്രട്ടറി എം.എം റെജി, വൈസ് പ്രസിഡണ്ട് മേരിക്കുട്ടി ജോർജ് എന്നിവർ പ്രസംഗിച്ചു.

## തൂക്കാസാ(അനുഷ്ഠാനക്രമ) പഠനം

നവംബർ 4,5 തീയതികളിൽ തിരുവല്ല അതിരൂപതയിലെ വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി തൂക്കാസാ(അനുഷ്ഠാനക്രമ)യെപ്പറ്റിയുള്ള പഠനം തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. തിരുവല്ലാ അതിരൂപതാ അദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയും സഹായമെത്രാൻ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവും വൈദികരോടൊപ്പം ക്ലാസ്സുകളിൽ സംബന്ധിച്ചു. മലങ്കര കത്തോലിക്ക സുറിയാനി സഭ ലിറ്റർജി കമ്മീഷൻ സെക്രട്ടറിയും തിരുവനന്തപുരം മേജർ സെമിനാരി വൈസ് റെക്ടറുമായ ബഹു. ഫാ. ഐസക് പറപ്പള്ളിൽ, ബഹു. ഫാ. കുര്യാക്കോസ് തടത്തിൽ, ബഹു. ഫാ. തോമസ് പണിക്കർ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

# ആപ്പിൾ കേക്ക്




ആനി വർഗീസ്, റോൺവില്ല

### ആവശ്യമുള്ള സാധനങ്ങൾ

| | |
|---|---|
| ആപ്പിൾ | - 750/1000ഗ്രാം |
| പഞ്ചസാര | - അര കപ്പ് |
| നാരങ്ങാനീര് | -2 ടീ സ്പൂൺ |
| ഉണക്കമുന്തിരി | -100 ഗ്രാം |

### മാവിന് ആവശ്യമുള്ള സാധനങ്ങൾ

| | |
|---|---|
| ബട്ടർ | -60ഗ്രാം |
| പഞ്ചസാര | -150 ഗ്രാം |
| മുട്ടയുടെ മഞ്ഞക്കരു | -2 എണ്ണം |
| നാരങ്ങായുടെ തൊലി | ചുരണ്ടിയത്-അര കപ്പ് |
| ബേക്കിംഗ് പൗഡർ | -10ഗ്രാം |
| മൈദ | -400ഗ്രാം |
| പാൽ | -150 മില്ലി |
| മുട്ടയുടെ വെള്ള | -2 എണ്ണം |


അല്പം നെയ്യ് പാത്രത്തിൽ പുരട്ടാൻ
കുറച്ച് പഞ്ചാസാര പൊടിച്ചത്
കേക്കിനുള്ള ട്രേ.

### പാകം ചെയ്യുന്ന വിധം

**I.** ആപ്പിൾ നീളത്തിൽ മുറിച്ച് പഞ്ചസാരയും നാരങ്ങാനീരും ചേർത്ത് വയ്ക്കുക.

**II.**ബട്ടറും പഞ്ചസാരയും പാലും കൂടി അടിക്കുക. അതിൽ മുട്ടയുടെ മഞ്ഞ, നാരങ്ങാനീര്, നാരങ്ങായുടെ തൊലി, മൈദ, ബേക്കിംഗ് പൗഡർ ഇവ ചേർത്ത് മിക്സ് ചെയ്യുക.

**III.** മുട്ടയുടെ വെള്ള അടിച്ചു പതപ്പിച്ച് മുകളിൽ പറഞ്ഞ മിശ്രിതത്തിൽ സാവധാനം ചേർത്ത് ഇളക്കുക. അതിനു ശേഷം നെയ്യ് പുരട്ടിയ പാത്രത്തിൽ നിറയ്ക്കുക.അതിനുമീതെ ആപ്പിൾ നിരത്തി വയ്ക്കുക. ഇടയ്ക്ക് ഉണക്കമുന്തിരി ചേർക്കണം. ഓവൻ നേരത്തെ തന്നെ 35.40 min 200° ചൂടാക്കുക. ഓവനിൽ നിന്നും കേക്ക് എടുത്ത് ചൂട് ആറിയശേഷം പഞ്ചസാരപ്പൊടിച്ചത് വിതറി മുറിച്ച് കഴിക്കാവുന്നതാണ്.








ഫാ. എൽദോ
മോഴശ്ശേരിൽ

# നോഹ

'നോഹ' എന്ന അമേരിക്കൻ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് ഡാറൻ ആരോനോഫസ്കി ആണ്. ബൈബിളിലെ പഴയനിയമഭാഗമായ ഉൽപ്പത്തി പുസ്തകത്തിലെ നോഹ എന്ന പ്രവാചകന്റെ ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഈ ചിത്രത്തിന്റെ കഥ മുമ്പോട്ട് പോകുന്നത്. ബൈബിളിലെ ചില സൂചനകളെ വികസിപ്പിച്ച് അതിമനോഹരമായ ഒരു ദൃശ്യാവിഷ്കാരമാണ് 'നോഹ' എന്ന ചിത്രം. ചിത്രത്തിന്റെ പ്രതിപാദ്യവിഷയം മനുഷ്യൻ ദൈവത്തിന്റെ ഉത്തമസൃഷ്ടിയായിരുന്നു എന്നും പാപത്തിന്റെ കടന്നുവരവോടുകൂടി മനുഷ്യകുലം അക്രമത്തിന്റെയും അധാർമ്മികതയുടെയും ഈറ്റില്ലമായി മാറി. ലോകവും അതിലുള്ള സമസ്തവും നല്ലതാണെന്ന് പറഞ്ഞ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിൽ ദുഃഖിച്ചു. അവിടെയാണ് കഥയുടെ ആരംഭം. ലോകത്തെ വിധിക്കുന്നതിന് മുമ്പ് പശ്ചാത്തപിക്കുന്നവരെയും നീതിമാന്മാരെയും രക്ഷിക്കാൻ ദൈവം തീരുമാനിക്കുന്നു. അങ്ങനെയാണ് 'നോഹ' ദൈവത്തിന്റെ പ്രവാചകനായി മാറുന്നത്.

ബാലനായ നോഹയുടെ പിതാവായ ലാമെക്കിനെ തൂബൽകായൻ വധിക്കുന്നു. ബാലനായ നോഹ തൂബൽകൈയിന്റെ കണ്ണിൽപ്പെടാതെ ഒളിച്ചോടുന്നു. കുറേ വർഷങ്ങൾക്കുശേഷം നോഹ തന്റെ ഭാര്യയായ നാമാഹിനൊപ്പം മക്കളായ ഷേം, ഹാം, യാഫെത്ത് എന്നിവരോടു കൂടി ജീവിക്കുന്നതാണ് കാണിക്കുന്നത്. നോഹ നിരന്തരമായി, സ്വപ്നത്തിൽ ഒരു ചെടി മുളച്ചുവരുന്നതും, വലിയ ഒരു വെള്ളപ്പൊക്കം ലോകത്തെ നശിപ്പിക്കുന്നതായും കാണുന്നു. ഇത് അദ്ദേഹത്തെ നിരന്തരം വേട്ടയാടുന്നു. ഇവയ്ക്ക് ഒരു പരിഹാരം കാണാൻ വേണ്ടി തന്റെ വല്യപ്പനായ മെഥുസലേഹിനെക്കാണാൻ കുടുംബസഹിതം പോകുന്നു. പോകുന്നവഴി, അവർ, ആക്രമിക്കപ്പെട്ട ഒരു ഗോത്രക്കാരുടെ ഗ്രാമത്തിൽ വരുന്നു. അവിടെ ഒരു പെൺകുട്ടിയെ മാത്രം അക്രമികളിൽ നിന്നും രക്ഷപ്പെട്ടതായി കാണുന്നു. ഈല എന്നു വിളിക്കപ്പെടുന്ന മുറിവേറ്റ ആ പെൺകുട്ടിയെയും കൊണ്ട് നോഹയും കുടുംബവും അവിടെ നിന്ന് പാലായനം ചെയ്യുന്നു.

തൂബൽകായിനും അദ്ദേഹത്തിന്റെ അനുയായികളും നോഹയെയും കുടുംബത്തെയും കൊല്ലാൻ ശ്രമിക്കുന്നു. അപ്പോൾ അവർ അഭയം തേടുന്നത് "വീണ മാലാഖമാരിലാണ്." അവരെ വിളിക്കുന്നത് "കാവൽക്കാർ എന്നാണ്. അവർ ദൈവന്നിധിയിൽ നിന്ന് നിപതിച്ചത് പാപം നിമിത്തമല്ല, ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട മനുഷ്യനെ സഹായിക്കാൻ വന്നവരാണ് ഈ "വീണ മാലാഖമാർ". അവർ ഭൂമിയിലേക്ക് നിപതിച്ചപ്പോൾ ഇവിടെയുള്ള കല്ലുകൾ അവരുടെ ശരീരത്തെ മൂടിക്കളഞ്ഞു. അങ്ങനെ അവർ കല്ലുകൊണ്ട് മൂടപ്പെട്ട ഭീകരസത്വങ്ങളെപ്പോലെ കാണപ്പെടുകയും ചെയ്തു. അവർ നോഹയെയും കുടുംബത്തെയും അക്രമിസംഘത്തിൽ നിന്ന് രക്ഷിച്ചു. നോഹ തന്റെ വല്യപ്പനായ മെഥുസലേഹിനെ കാണുന്നു. അദ്ദേഹം നോഹയ്ക്ക് ഏദൻതോട്ടത്തിലെ ഒരു വിത്ത് കൊടുക്കുന്നു. നോഹയുടെ തെരഞ്ഞെടുപ്പിന് ഒരു കാരണമുണ്ടെന്ന് വ്യക്തമാക്കുന്നു. മെത്തുസലേഹിനെ അമാ





നുഷികശക്തിയുള്ളവനായാണ് ഈ ചിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

നോഹ തിരിച്ച് അവന്റെ കൂടാരത്തിലേക്ക് മടങ്ങുന്നു. മെത്തുസലേഹിൽ നിന്ന് ലഭിച്ച വിത്ത് അവിടെ മണ്ണിൽ നടുകയും അത് നട്ടസ്ഥലത്ത് വെള്ളം ഭൂമിയുടെ ഉള്ളിൽ നിന്ന് വരുകയും, അവിടം മുഴുവൻ വലിയ വനമായി തീരുകയും ചെയ്യുന്നു. അപ്പോൾ അവിടെ "വീണ മാലാഖമാർ" അഥവാ "കാവൽക്കാർ" കടന്നുവരുന്നു. ആദ്യം നോഹയെ സഹായിക്കാൻ മനസു കാണിക്കുന്നില്ല എങ്കിലും അവസാനം, നോഹ തെരഞ്ഞെടുക്കപ്പവനാണെന്ന കാര്യം അവർക്ക് ബോധ്യമാകുന്നു. ദൈവം ലോകത്തെ വെള്ളംകൊണ്ടു നശിപ്പിക്കും എന്ന കാര്യം നോഹ അവരെ ബോധ്യപ്പെടുത്തുകയും ദൈവം കല്പിച്ച പ്രകാരം വലിയ ഒരു പെട്ടകം നിർമ്മിക്കുകയും ചെയ്യുന്നു. അതിന് സഹായം ചെയ്യുന്നത് "കാവൽക്കാരും" നോഹയുടെ കുടുംബക്കാരുമാണ്. "കാവൽക്കാർ"വനത്തിലെ മരങ്ങൾ അനായാസമായി മുറിച്ച് നോഹയുടെ പെട്ടക നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നു. ആകാശത്തിലെ എല്ലാത്തരം പക്ഷികളും നോഹയുടെ പെട്ടകത്തിൽ വന്ന് ചേക്കേറുന്നു. അപ്പോൾ തൂബൽകയീൽ തന്റെ സൈന്യവുമായി വന്ന് നോഹ പെട്ടകം നിർമ്മിക്കുന്നതിനെ ചോദ്യം ചെയ്യുന്നു. നോഹ തൂബൽകയീനെ തന്റെ അനുഗാമികളെയും "കാവൽക്കാരുടെ" സഹായത്തോടെ ആട്ടിപ്പായിക്കുന്നു. പെട്ടകനിർമ്മാണം പൂർത്തിയാക്കുകയും എല്ലാ വർഗ്ഗത്തിലും പെട്ട മൃഗങ്ങളും, ജീവജാലങ്ങളും പെട്ടകത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. അപ്പോൾ ആ പെട്ടകത്തിന്റെ ഉള്ളിൽ ധൂപം അർപ്പിക്കുകയും അതിലുള്ള സകല മൃഗങ്ങളെയും വലിയ ഒരു ഉറക്കത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു.

മുറിവേറ്റ ആ പെൺകുട്ടി വളർന്നു കഴിഞ്ഞപ്പോൾ, ഷേം അവളെ വിവാഹം കഴിക്കുന്നു. അവളുടെ പേര് ഈല എന്നാണ്. നോഹ തന്റെ മറ്റ് രണ്ട് പുത്രന്മാർക്കുവേണ്ടി ഭാര്യമാരെ അന്വേഷിച്ച് അടുത്തുള്ള പ്രദേശങ്ങളിൽ പോകുന്നു. പക്ഷേ അവിടെ അദ്ദേഹം കാണുന്നത് നരഭോജികളെയാണ്. അദ്ദേഹം തന്റെ ദൗത്യത്തിൽ നിന്ന് പിൻമാറുകയും സൃഷ്ടാവ് മനുഷ്യകുലം മുഴുവന്റെയും നാശമാണ് ആഗ്രഹിക്കുന്നതെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നു. മെത്തുസലേഹ, ഷേമിന്റെ ഭാര്യയായ ഈലയുടെ വന്ധ്യത്വം സുഖപ്പെടുത്തി അവൾക്ക് പുത്രസൗഭാഗ്യ അനുഗ്രഹം നൽകുകയും ചെയ്യുന്നു.

കനത്ത മഴ പെയ്യുകയും നോഹ തന്റെ പെട്ടകത്തിൽ പ്രവേശിച്ച് രക്ഷപെടുകയും ചെയ്യുന്നു. മഴ ദിവസങ്ങളോളം പെയ്ത് ഇറങ്ങുകയും ഭൂമിയിലുള്ള സകലതും വെള്ളപ്പൊക്കത്തിൽ നശിച്ചു പോകുകയും ചെയ്യുന്നു. തൂവൽകായൻ ആ പെട്ടകത്തിൽ കയറി പറ്റുന്നു ഹാം അദ്ദേഹത്തിനു വേണ്ടതെല്ലാം ചെയ്തു കൊടുക്കുന്നു. മെത്തുസലേഹ് പെട്ടകത്തിൽ പ്രവേശിക്കുന്നില്ല ആ വെള്ളപ്പൊക്കത്തിൽ അദ്ദേഹം ഒഴുകിപോകുകയും ചെയ്യുന്നു. "വീണ മാലാഖമാർ" അഥവാ "കാവൽക്കാർ" തൂബൽകായനിൽ നിന്ന് പെട്ടകത്തെ രക്ഷിക്കുന്ന ശ്രമത്തിനിടയിൽ തങ്ങളുടെ കല്ലുപ്രതിമയായ ദേഹിയെ ഇവിടെ ഉപേക്ഷിച്ച് "ഞങ്ങളുടെ സൃഷ്ടാവേ, ഞങ്ങളോട് ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ച്" മാലാഖമാരുടെ ആത്മീയ ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുന്നു.

ഹാമിനെ നോഹയ്ക്ക് നേരെ തിരിക്കാൻ തൂബൽകയീൻ ശ്രമിക്കുന്നു. ഈല ഇരട്ടപെൺകുട്ടികൾക്ക് ജന്മം നൽകുന്നു. നോഹ തന്റെ ദൈവത്തെ പ്രീതിപ്പെടുത്തുവാൻ വേണ്ടി, ഈ ലോകത്തിലേക്ക് ഒരു പെണ്ണാണ് കടന്നു വരുന്നതെങ്കിൽ, ആ കുഞ്ഞിനെ വധിച്ച് ദൈവം ആഗ്രഹിക്കുന്ന പ്രകാരം ദൈവത്തിന്റെ ഹിതമായ മനുഷ്യകുലത്തിന്റെ പൂർണ്ണനാശം എന്ന പദ്ധതി നടപ്പാക്കാൻ നോഹ തീരുമാനിക്കുന്നു. പിതാവിന്റെ ഈ തീരുമാനത്തെ ഷേം തന്റെ കായികശക്തി കൊണ്ടു തന്നെ നേരിടുന്നു. നോഹിന്റെ ഭാര്യ അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നു. പക്ഷേ അദ്ദേഹം ആ കുഞ്ഞുങ്ങളുടെ മുഖത്തെ നിഷ്കളങ്കത കണ്ടു കഴിയുമ്പോൾ ആ പദ്ധതിയിൽ നിന്ന് പിന്മാറുന്നു. ഒരു പ്രാവ് ഒലിവിലയുമായ നോഹയുടെ പക്കൽ വരുന്നു. തൂബൽകയിൽ നോഹയെ വധിക്കാൻ ശ്രമിക്കുമ്പോൾ ഹാം തൂബൽകയീനെ തന്റെ കഠാര ഉപയോഗിച്ച് കുത്തിക്കൊല്ലുന്നു. മഴ നിൽക്കുകയും അവരുടെ പെട്ടകം ഒരു മലമുകളിൽ പോയി ഉറയ്ക്കുകയും ചെയ്യുന്നു. തന്റെ പെട്ടകത്തിൽ നിന്ന് ഇറങ്ങി, നോഹ ഏകാന്തനായി ഒരു ഗുഹയിൽ പ്രവേശിച്ച് മുന്തിരി പിഴിഞ്ഞ് വീഞ്ഞുണ്ടാക്കി കുടിക്കുന്നു. അദ്ദേഹം വീഞ്ഞ് കുടിച്ച് സുബോധം നഷ്ടപ്പെട്ട അവസ്ഥയിൽ നഗ്നനായി കിടക്കുമ്പോൾ, തന്റെ മക്കൾ വന്ന് അദ്ദേഹത്തിന്റെ നാണം മറയ്ക്കുന്നു. നോഹ തന്റെ മക്കളെ ഈലയുടെ ആഗ്രഹപ്രകാരം അനുഗ്രഹിക്കുകയും ഹാം തന്റെ പിതാവിനോട് യാത്ര പറഞ്ഞ് പോകുകയും ചെയ്യുന്നു. നോഹ തന്റെ കുടുംബത്തെ അനുഗ്രഹിക്കുകയും ഈ അനുഗ്രഹം പുതിയ ഒരു മനുഷ്യരാശിയുടെ തുടക്കമാകുകയും ചെയ്യുന്നു. ഈ അനുഗ്രഹത്തിന്റെ സ്ഥിതീകരണത്തിന് ദൈവം ആകാശത്തിൽ വലിയ ഒരു മഴവില്ല് പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. ഇവിടെ ചിത്രം അവസാനിക്കുന്നു.

നീതിമാന്റെ ജീവിതം സമൂഹത്തിലെ തിന്മകൾക്കെതിരെയുള്ള സമരമാണ്. അവൻ ദൈവത്തിന്റെ സ്വരമായി, ദൈവത്തിന്റെ പ്രവാചകനായി തെരഞ്ഞെടുക്കപ്പെടുകയാണ് ചെയ്യുന്നത്. അവന്റെ നീതിബോധം അവന്റെ ഉറക്കത്തെ കെടുത്തിക്കളയുകയും അവന്റെ ഓരോ പ്രവർത്തിയും ദൈവനിമയത്തിന് വിധേയമാവുകയും ചെയ്യുമ്പോൾ, എല്ലാ ഭാഗങ്ങളിൽ നിന്നും എതിർപ്പ് വരുകയും ചെയ്യുന്നു. പക്ഷേ വിളിച്ചവന്റെ വിശ്വസ്തതയിൽ ആശ്രയിക്കുന്ന പ്രവാചകനെ നയിക്കുന്നത് ദൈവീകശക്തി തന്നെ. ലോകത്തിന് യുക്തിസഹജമല്ലാത്തത് ദൈവീകനിയോഗത്തിൽ വലിയ അർത്ഥമുണ്ട് എന്നത് നോഹയുടെ ജീവിതത്തിൽ നിന്നു തന്നെ നമുക്ക് മനസിലാക്കാം. ദൈവം മഴയായും തീയായും പെയ്തിറങ്ങുമ്പോൾ കാണാൻ കഴിയുന്നതാണ് പ്രവാചകതുല്യമായ ജീവിതം. ●





## ഉള്ളതു പറഞ്ഞാൽ...



**അഡ്വ. വിനോദ് മാത്യു വിൽസൺ**

# ചൂലും ചുംബനവും



ചൂലും ചുംബനവും....... മുഖ്യധാരാരാഷ്ട്രീയ പാർട്ടികൾ പോലും ആളെ കൂട്ടാൻ പാടുപെടുമ്പോൾ ഡൽഹിയിൽ ചൂലെടുക്കാൻ ആളുകൂടി.... അഴിമതിക്കെതിരേ ഇങ്ങ് കൊച്ചിയിൽ ചുംബിക്കാൻ ആളുവന്നു..... സദാചാര കാവൽനായ്ക്കൾക്കെതിരെ.... കോഴിക്കോട് Down Town റെസ്റ്റോറന്റിൽ കാണിച്ച വൃത്തികേടുകണ്ടോ? ഇത് നമ്മുടെ സദാചാരത്തിനു എതിരല്ലേ..... ഫേയ്സ്ബുക്കിൽ എന്റെ ഒരു സുഹൃത്ത് കമന്റ് ഇട്ടു..... ഞാൻ ചോദിച്ചു.....എന്താ അവിടെ സംഭവിച്ചത്..... മറുപടി അവിയൽ പരുവത്തിൽ...... സ്വന്തം ഭാര്യയുടെ അടുത്തുപോലും ഒരു ചുംബനം ലഭിക്കാൻ സാദ്ധ്യത ഇല്ലാത്ത ഒരു കൂട്ടം മൃഗങ്ങളാണ് മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് കടന്നുകയറുന്നത്. കഴിഞ്ഞ വർഷം ആണെന്ന് തോന്നുന്നു.... ആലപ്പുഴ ബീച്ചിൽ കടൽ തീരത്തിരുന്ന ദമ്പതികളെ സദാചാര പോലീസ് അതിക്രമിച്ചത്. ഭർത്താവിന്റെ മടിയിൽ തലചായ്ച്ച് കിടന്ന ഭാര്യയെ തെരുവു സ്ത്രീകളെക്കാളും മോശക്കാരിയായി അപമാനിക്കാൻ നമ്മുടെ പോലീസും കൂട്ടുനിന്നു. രാത്രിയിൽ സുഹൃത്തിനൊപ്പം യാത്രചെയ്ത സിനിമാ നടിയെ പോലീസ് അന്യായമായി കസ്റ്റഡിയിൽ വച്ച് അപമാനിച്ചതും എന്റെ നാട്ടിൽ ഇങ്ങ് കൊല്ലം East Police Station ൽ..... ഞാൻ ഇതിന് മുമ്പ് എഴുതിയിട്ടുണ്ട്..... നമ്മുടെ മൂത്രപ്പുര സാഹിത്യത്തെപ്പറ്റി. കേരളത്തിൽ ഓടുന്ന മുഴുവൻ Train ന്റെയും മൂത്രപ്പുരക്കുള്ളിൽ മലയാളത്തിൽ മാത്രമാണ് അശ്ലീലസാഹിത്യം ഉള്ളത്.

ഈ നാട്ടിലെ മതവിശ്വാസികളിൽ വരെ ചുംബനവും സ്നേഹവും വിഷയമാണ്. പ്രശസ്തമായ പല ക്ഷേത്രങ്ങളുടേയും ചുവരുകളിലും മറ്റും സ്നേഹപ്രതീകമായി പല ചിഹ്നങ്ങളും ആലേഖനം ചെയ്തിട്ടുണ്ട്. കല്യാണം കഴിഞ്ഞ നാളുകളിൽ ഭർത്താവിന്റെ കയ്യിൽ പിടിച്ച് കൊണ്ടു പോകുന്ന സ്ത്രിയെ കമന്റ് അടിച്ച് രസിക്കുന്ന നാടാണിത്. ചുംബനസമരം നടന്ന ദിവസം സമരത്തെ എതിർക്കാൻ പോയ സമരഭടന്മാർ കേറിയ ബസിലെ കാഴ്ചതന്നെ ഉദാഹരണം. എല്ലാവന്മാരും ബസിന്റെ പുറകിൽ കൂട്ടം കൂടി നിൽക്കുന്നു. കണ്ടക്ടർ കിടന്ന് തൊണ്ടകീറി പറയുന്നു 'കുറച്ച് മുൻപോട്ട് കയറിനിൽക്കു'.... കാര്യം അന്വേഷിച്ചപ്പോൾ മനസ്സിലായി ആ ബസിന്റെ പിൻവശത്ത് രണ്ടുമൂന്ന് സ്ത്രീകൾ നിൽക്കുന്നു... ചുമ്മാതല്ല ഒറ്റ ഒരുത്തനും മുന്നോട്ട് നിൽക്കാത്തത്. കണ്ടക്ടറുടെ ആത്മഗതം. ഇനി മറുവശം... കുട്ടിയെയും ഉണ്ണിത്താനേയും ഓടിച്ചിട്ട് അതിക്രമിച്ചവർ ആണ് ഈ യുദ്ധസമരത്തെ പ്രകീർത്തിക്കുന്നത്. ഈ സമരത്തിന് പോയവരും ഇതിനു വേണ്ടി ആഹ്വാനം ചെയ്തവരോടും ഒരു ഒറ്റ ചോദ്യം?.... താങ്കളുടെ സഹോദരിയെ ഈ സമരത്തിൽ പങ്കെടുപ്പിക്കാൻ തയ്യാറാണോ...... ആണെങ്കിൽ ഞാൻ തോറ്റു.... എനിക്ക് ഈ സമരത്തെ പ്പറ്റി നൂറ് അഭിപ്രായം..... എന്തായാലും ഞാൻ എന്റെ സഹോദരിയെ പൊതുസ്ഥലത്ത് ചുംബിച്ച് നിൽക്കുന്നത് കാണാൻ ആഗ്രഹിക്കുന്നില്ല.....ഇത് വായിക്കുന്നോർക്കു തോന്നും വക്കീലിനു വട്ടാണേ എന്ന്. ഇയാൾക്ക് ഒരു വിഷയത്തിൽ രണ്ട് അഭിപ്രായമോ എന്ന്. ഒറ്റ അഭിപ്രായം... ഒരാളുടെ സ്വകാര്യതയിൽ ഇടപെടരുത്.... അങ്ങനെ ഇടപെട്ടാലും എന്റെ സഹോദരി പൊതുസ്ഥലത്ത് ചുംബിച്ച് നിൽക്കുന്നത് കാണാൻ ശക്തിയില്ല... ക്ഷമിക്കണം...... ●





## വിവാഹിതരായി

തിരുവല്ല തൈപ്പറമ്പിൽ ശ്രീ. ജെയ്സൺ വർഗീസിന്റെയും ശ്രീമതി. ലീലാമ്മ ജെയ്സണിന്റെയും മകൻ **ജെറിൽ ജെയ്സണും** വലിയകാലായിൽ ശ്രീ. വി.റ്റി തോമസിന്റെയും ശ്രീമതി. പൊന്നമ്മ തോമസിന്റെയും മകൾ **അനു എലിസബേത്ത് തോമസും** തമ്മിലുള്ള വിവാഹം 2014 ഒക്ടോബർ 20-ാം തീയതി സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് വികാരി. ഫാ. തോമസുക്കുട്ടി പതിനെട്ടിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു.

# MARIAN PUBLIC SCHOOL, MARYGIRI

*A School with a Vision and a Different Style*

Affiliated to
CBSE New Delhi, Reg.No.930738
www.marianpublicschool.org
email:marianpublicschool@gmail.com
Ph:04868-212100.
Mob.8281855946, 9497327873






**Our features:**

- Quality based education
- Serene atmosphere
- Well experienced teaching staff
- Fully furnished reading room & library
- Full – fledged Science & Computer labs
- Smart class rooms
- Co-Curricular Activities
- Vehicle facilities

**Hostel facilities for boys & girls under the guidance of Rev.Fathers &HolySpirit Sisters**

Date of Publication: 29-11-2014 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2012-14**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/90**
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 **December 2014**

## പാവനസ്മരണയ്ക്ക്
## സ്വർഗ്ഗത്തിലെ ഒന്നാം പിറന്നാൾ



**ലിനോ എം. ജോർജ്**
ജനനം: 15-10-1994 മരണം: 7-12-2013

പ്രാർത്ഥനയോടെ
പിതാവ്- അനിയൻ, തൊഴിക്കുളളിൽ, പായിപ്പാട്
മാതാവ്- ലീനാ, സഹോദരൻ- റിനോ
മറ്റ് ബന്ധുമിത്രാദികൾ

## വേർപാടിന്റെ ഒന്നാം വാർഷികം
മരണം - 11/12/2013



**മറിയാമ്മ വറുഗീസ്**
**പുനക്കുളത്ത് ജിനുവില്ല**

മരിക്കാത്ത ഓർമ്മകളുമായി
കുടുംബാംഗങ്ങൾ

## IN LOVING MEMORY OF



| | |
|---|---|
| **Annamma Thomas** | **K.M Thomas** |
| Died on 7-12-2014 | Died on 23-4-2009 |

By
**Thomas Varughese & Sophy Varughese. Kaniyarolil House, Thadiyoor**

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*